# യാഗാശ്വങ്ങളുടെ

252
IAS

Sl.No: 39.

# യാഥാർത്ഥ്യങ്ങളുടെ നടുവിൽ

—o—

## BEGIN THIS ANYWHERE AND ADRIFT

*Robert Nash S. J.*

ST. ANTONY'S MONASTERY, ★ ALWAYE-KERALA ★

KENDRAM

16746

ST. ANTONY'S MONASTERY ★ ALWAYE ★

CHERUPUSHPA MISSION LEAGUE

അനുവാദകൻ:

ജോസഫ് ചിററൂപ്പറമ്പിൽ

പ്രസാധകർ:

എസ്. എച്ച്. ലീഗ്,

ആലുവാ നോർത്ത്, P. O

വില: 50 ന. പൈ

M/252
NDS

With the kind permission of
the Editor, "St. Antony's
Annals", Temple St.,
Dublin

Printed by Bro. C. F. Joseph at the J. M. Press,
Alwaye North P. O.
(S. INDIA)

1956–ജൂൺ 17–ാം തീയതി
പരലോകപ്രാപ്തനായ

എന്റെ
സതീർത്ഥ്യൻ
റവ. ഡീക്കൻ ജോർജ്ജ്
തേലക്കാട്ടുപറമ്പിലിന്റെ
പാവനസ്മരണയ്ക്ക്

ഒന്നാം പതിപ്പ്                    കോപ്പി 2000

11—2—1958

NIHIL OBSTAT

Fr. Michael Angel, O. C. D.,
*Rector, Ap. Seminary.*

*Alwaye,*
*20—11—1957.*

IMPRIMATUR

† Joseph Attipetty,
*Abp. of Verapoly.*

*Ernakulam,*
*10-1-'58.*

പകർപ്പവകാശം "എസ്. എച്ച്. ലീഗി"ന്.

# രണ്ടുവാക്കു്

ആംഗലഭാഷയിലെ ഒരു നലംതികഞ്ഞ സാഹിത്യകാരനായ ഫാദർ റോബർട്ട് നാഷ്, എസ്. ജെ. അവർകളുടെ "Begin this anywhere," "Adrift" എന്ന രണ്ടു ചെറുകൃതികളുടെ പരിഭാഷയാണു "യാഥാർത്ഥ്യങ്ങളുടെ നടുവിൽ."

ജീവിതത്തിൻെറ വഴിത്താരയിൽ ഒളിഞ്ഞു കിടക്കുന്ന ചില ജീവിതയാഥാർത്ഥ്യങ്ങളെ വെളിച്ചത്തു കൊണ്ടുവരുകയാണു ഗ്രന്ഥകാരൻെറ ഉദ്ദേശ്യം. യാഥാർത്ഥ്യങ്ങളുടെ നേരേ കണ്ണടച്ചുകളയുവാൻ തത്രപ്പെടുന്ന ആധുനികമനുഷ്യനെ പിടിച്ചുനിറുത്തി ഒരു മിനിട്ടു ചിന്തിപ്പിക്കുകയാണു്, അദ്ദേഹം. പുതുമയൊന്നും ഒരുപക്ഷേ, നിങ്ങൾ ഇതിൽ കണ്ടില്ലാ എന്നുവരാം. എന്നാൽ, അനുഭവത്തിൻെറ വെളിച്ചത്തിൽ വരച്ചെടുത്ത മനോഹര ചിത്രങ്ങൾ ഉടനീളം നിങ്ങളിതിൽ ദർശിക്കാതിരിക്കുകയില്ല; തീർച്ച. ജീവിതവിശുദ്ധി കൈവരിക്കുവാനും ജീവിതനവീകരണം സാധിക്കുവാനും ഈ കൊച്ചുപുസ്തകം അനുവാചകരിൽ ആക്കെങ്കിലും ഉത്തേജനം നല്കുന്നെങ്കിൽ വിവൎത്തകൻ കൃതാൎത്ഥനായി.

"യാഥാർത്ഥ്യങ്ങളുടെ നടുവിൽ" പ്രസിദ്ധീകരിക്കുന്നതിൽ പലരോടും എനിക്കു കടപ്പാടുണ്ട്. ഇതിലെ ഭാഷാപരമായ ന്യൂനതകൾ പരിഹരിച്ചുതന്ന് എന്നെ സഹായിച്ച, എൻെറ വന്ദ്യ ഗുരുഭൂതൻ വിദ്വാൻ റവ. ഫാദർ ജോൺ കുന്നപ്പള്ളിക്ക് എൻെറ അകൈതവമായ നന്ദി. ഈ ഉദ്യമത്തിൽ എന്നെ സഹായിച്ചിട്ടുള്ള എല്ലാവർക്കും കൃതജ്ഞതയുടെ കൂപ്പുകൈ.

മംഗലപ്പുഴസെമ്മിനാരി,
11—2—1958.

അനുവാദകൻ

ACHARYA PALACKAL JEEVASS KENDRAM
LIBRARY

# യാഥാൎത്ഥ്യങ്ങളുടെ നടുവിൽ

# I

## ജീവിതാദർശം

വിശുദ്ധ പൗലോസ്ശ്ലീഹായുടെ ലേഖനത്തിൽനിന്ന് ഒരു ഭാഗം യാദൃച്ഛികമായി വായിച്ചതു വി. ആഗസ്തീനോസിൻെറ മാനസാന്തരത്തിനു കാരണമായി. പടക്കളത്തിൽ മുറിവേററ് ആശുപത്രിയെ ശരണം പ്രാപിച്ച്, ദിനരാത്രങ്ങൾ തള്ളിനീക്കുകയിൽ യാദൃച്ഛികമായി വിശുദ്ധരുടെ ജീവചരിത്രത്തിൽ ഒന്നു കണ്ണോടിച്ചതിനാൽ, ലൗകികസന്തോഷങ്ങളിൽ ലയിച്ചിരുന്ന ഇഗ്നേഷ്യസ് ഒരു വിശുദ്ധ ഇഗ്നേഷ്യസ്സായി മാറി. യാദൃച്ഛികമായി നമുക്കുണ്ടാകുന്ന ഒരു സംഭവം, അഥവാ, നാം വായിക്കുന്ന ഒരു ഭാഗം—ഉദാഹരണമായി, ഡോക്ടറെ കാണാൻ ചെന്നപ്പോൾ അയാളുടെ പാർലറിൽ വച്ചു കണ്ടു, അല്ലെങ്കിൽ, ഇടവകപ്പള്ളിയിലേ ചവററുകൊട്ടയിൽനിന്ന് എടുത്ത, കടലാസുകഷണത്തിൽ വായിച്ച ഒരു സംഗതി—നമ്മുടെ വീക്ഷണഗതിയെ സാരമായി മാററിയേക്കാം. കുറഞ്ഞപക്ഷം, അങ്ങനെയൊരു മാററത്തിനു വഴിതെളിക്കുകയെങ്കിലും ചെയ്തേക്കാം. ഇതു സാധാരണാനുഭവമാണ്.

* * *

## ദർശനശക്തി

ഒരു ദിവസം ക്രിസ്തുനാഥനും അവിടത്തെ വത്സല ശിഷ്യന്മാരും ജാത്യന്ധനായ ഒരുവനെ കണ്ടുമുട്ടി. യേശുനാഥൻ കളിമണ്ണ് ഉമിനീരിൽ കുഴച്ച് അവൻെറ നയനങ്ങൾ പൂശി. അതിനുശേഷം, അവനോട്, സീലോഎന്ന കുളത്തിൽപോയി കണ്ണു കഴുകുവാൻ ആജ്ഞാപിച്ചു. ഒരു ബാലൻ കൈക്കുപിടിച്ച്, അയാളെ കുളക്കരയിലേക്കു നയിച്ചുവെന്നു നമുക്കൂഹിക്കാം. ഇരുന്നു നിരങ്ങി അയാൾ തല ചായിച്ചു കുളത്തിലേക്കിറങ്ങുന്നു; കുനിഞ്ഞു വെള്ളം കൈകൊണ്ടു കോരിയെടുത്തു കളിമണ്ണു പൂശിയ കണ്ണുകൾ അയാൾ കഴുകുന്നു. ഫലമോ?

അമൂല്യാനുഗ്രഹമായ ദർശനശക്തി ആ മനുഷ്യൻ ഇന്ന് ആദ്യമായി ഉപയോഗിക്കുന്നു. ഒഴുകിക്കൊണ്ടിരിക്കുന്ന ജലത്തെ അയാൾ ആദ്യമായിട്ടാണു ദർശിക്കുക. ദൃഷ്ടികൾ ഉയർത്തി വിശാലമായ ആകാശത്തെ അത്ഭുതപരവശനായി അയാൾ നോക്കുന്നു. അംബരവീഥിയിലൂടെ മന്ദംമന്ദം നീങ്ങിക്കൊണ്ടിരിക്കുന്ന കാർമേഘപടലങ്ങളേയും സൂര്യപ്രകാശത്തേയും പാടിപ്പറന്നു നടക്കുന്ന പക്ഷിജാലങ്ങളേയും വിസ്മയപൂർവ്വം കണ്ടാനന്ദിക്കുകയാണ്, അയാൾ. വൃക്ഷങ്ങളേയും വയലിലെ പുല്ക്കൊടികളേയും സ്വന്തം സഹോദരരുടെ വദനങ്ങളേയും അയാൾ വീക്ഷിക്കുന്നു. എല്ലാം ആനന്ദകരവും വിസ്മയാവഹവും! ദർശനശക്തി ലബ്ധമായതോടേ അയാളുടെ ജീവിതത്തിന് ആകപ്പാടേ ഒരു പരിവർത്തനം സംഭവിച്ചിരിക്കുന്നു.

ഒരു ആത്മാവിൻെറ ചരിത്രത്തിൽ ചിലപ്പോൾ സംഭവിക്കുന്ന പ്രത്യേകപരിവത്തനങ്ങളെയാണ് ഈ അത്ഭുതം സൂചിപ്പിക്കുന്നതെന്നു പറയാം. താർസൂസിലേ സാവൂൾ ഒരു മതഭ്രാന്തനും ക്രിസ്ത്യാനികളുടെ മർദ്ദകനും ആയിരുന്നു. എന്നാൽ, ഡമാസ്കസ്സിലേക്കുള്ള യാത്രയിൽ ആകസ്മികമായി ഒരു പ്രകാശം അദ്ദേഹത്തെ ഗ്രസിച്ചു. അതു് അദ്ദേഹത്തെ തീക്ഷ്ണമതിയായ അപ്പസ്തോലനാക്കിത്തീർക്കുകയും ചെയ്തു. ആ പരിവർത്തനം അത്യൗൽസുക്യത്തിൻെറ താൽകാലികമായ മായാമോഹമായിരുന്നില്ല. തന്നെ വലയം ചെയ്തിരുന്ന എല്ലാ വൈഷമ്യങ്ങളേയും അദ്ദേഹം അവസാനംവരെ ചെറുത്തുനിന്നു.

കൽത്തൂണിൽ കെട്ടിയടിക്കപ്പെടുന്ന ക്രിസ്തുനാഥൻെറ പൂർണ്ണമായ ഒരു പ്രതിമയുടെ മുൻപിൽ മുട്ടുകുത്തി നില്ക്കുകയാണ് ആവിലായിലേ വിശുദ്ധ ത്രേസ്യാ. സന്യാസിനിയായിരുന്നെങ്കിലും ഉല്ലാസം അവൾക്കു വളരെ പ്രിയംകരമായിരുന്നു. നിരവധി സ്നേഹിതർ തനിക്ക് ഉണ്ടായിരുന്നതിൽ അവൾ ആനന്ദിച്ചു. അവരോടുകൂടി തമാശപറഞ്ഞും വിനോദിച്ചും മണിക്കൂറുകൾ തന്നെ അവൾ ചെലവഴിച്ചിട്ടുണ്ടു്. ചപലമാനസർക്ക് ഇങ്ങനെ സമയം ചെലവഴിക്കുവാൻ പ്രയാസമില്ലല്ലോ. തൻെറ ഈ മന്ദോഷ്ണത, അഥവാ, അയഞ്ഞ മനഃസ്ഥിതി ദിവ്യനാഥനു വളരെ അതൃപ്തികരമാണെന്നു് അവൾക്ക് അറിയാമായിരുന്നു. അതു് ഉന്മൂലനംചെയ്യുവാൻ വരപ്രസാദപ്രേരണ പലപ്പോഴും അവൾക്കു ലഭിച്ചിട്ടുണ്ടു്. എന്നാൽ, തൻെറ പ്രവൃത്തിയുടെ വ്യത്ഥത

യേയും അതിലന്തർഭവിച്ചിരിക്കുന്ന കൃതഘ്നതയേയും ഇന്നുവരെ അവൾ ഗ്രഹിച്ചിരുന്നില്ല. എന്നാൽ, ഇപ്പോൾ അവളുടെ ആന്തരികപ്രകാശനത്തിൻെറ സമയം സമാഗതമായി; യേശുനാഥൻ അവളുടെ നയനങ്ങൾ തുറന്നു.

ചിലപ്പോൾ വെറും നിസ്സാരമായ ഒരു സംഗതിയായിരിക്കാം സമൂലപരിവർത്തനത്തിനു കാരണമാകുന്നത്. പാസ്സിയിലെ വി. മഗ്ദ്‌ലീത്താമറിയം, തന്നെക്കാൾ കൂടുതൽ പ്രായമുള്ള ഒരു സഹോദരിയെ വരാന്തയിൽവച്ചു കണ്ടുമുട്ടി. പതിവനുസരിച്ച്, അവൾ ശിരസ്സു നമിച്ച് ആ സഹോദരിയെ അഭിവാദനം ചെയ്തു. വിശുദ്ധ പറയുന്നു: "ആ കന്യാസ്ത്രീയുടെ ഒരു വശത്തായി ക്രിസ്തുനാഥൻ നടക്കുന്നതു ഞാൻ കണ്ടു. അപ്പോൾ, ഞാൻ എൻെറ ഹൃദയത്തെ അവിടുത്തേക്കു കൊടുത്തു; അങ്ങിൽനിന്ന് അതു തിരിച്ചെടുക്കുവാൻ ഒരിക്കലും എനിക്ക് അർഹതയില്ലെന്നു ഞാൻ അറിഞ്ഞിരുന്നു."

ഇതാ, വേറൊരു സംഭവം: ഒരു ഡാൻസ് കഴിഞ്ഞു പ്രഭാതത്തിൽ നാനോനാഗിൾ സ്വഭവനത്തിലേക്കു കാറോടിച്ചു പോകുകയായിരുന്നു. അപ്പോൾ കാണാം, തൊഴിലാളികളായ പാരീസിലെ സ്ത്രീപുരുഷന്മാർ പ്രഭാതക്കുർബ്ബാനയിൽ സംബന്ധിക്കുവാൻ പോകുന്നത്. അവരും താനും! സാധുജനങ്ങളുടെ ത്യാഗസന്നദ്ധതയും തൻെറ സുഖേച്ഛയും തമ്മിലുള്ള ഈ അന്തരം അവളിൽ വലിയ പ്രേരകശക്തി ചെലുത്തി. അവൾ സമാധാനരഹിതയായി. പിന്നീട്, അവൾ ഒരു വലിയ സഭയുടെ സ്ഥാപികയായിത്തീർന്നു. ആ സഭ ശാഖകൾ വിരിച്ചു ലോകത്തിൻെറ നാനാഭാഗത്തും വ്യാപിച്ചുകഴിഞ്ഞിരി

ക്കന്നു. അതിലേ അംഗങ്ങൾക്ക് അവർ "സിസ്റ്റേഴ്സ് ഓഫ് പ്രസൻറേറഷൻ" എന്ന സംജ്ഞ നല്കി. ഇന്നു് അയർലണ്ടിലും ഇംഗ്ലണ്ടിലും ആസ്ത്രേലിയായിലും അമേരിക്കയിലും ഇൻഡ്യയിലും ആഫ്രിക്കയിലും തൻെറ അനുയായിനികൾ താൻ ആരംഭിച്ച വേല തുടർന്നുകൊണ്ടു പോകുന്നതായി അവർക്കു കാണാൻ കഴിയും.

ഫ്രാൻസിസ് സേവ്യർ, പാരീസ് സർവ്വകലാശാലയിലേ ഒരു അധ്യേതാവായിരുന്നു. ക്രിസ്തുവിൻെറ സേവനത്തിനായി ജീവിതം മുഴവൻ ഉഴിഞ്ഞുവച്ച ഇഗ്നേഷ്യസ്സും അവിടെത്തന്നെയുണ്ടായിരുന്നു. ഒരു പുണ്യവാനാകവാനുള്ള സർവ്വസാധ്യതയും സേവ്യറിൽ ഇഗ്നേഷ്യസ് ദർശിച്ചു. അദ്ദേഹത്തെ ക്രിസ്തുവിനായി നേടിയിട്ടേ ഇഗ്നേഷ്യസ് അടങ്ങൂ. ഒരു ദിവസം സേവ്യർ പുറത്തുപോയി, കറച്ചൊന്നുല്ലസിച്ചാനന്ദിക്കുവാൻ. ഉല്ലാസങ്ങൾക്കും വിനോദങ്ങൾക്കും വേണ്ടുവോളം സമയം അനുവദിക്കുന്നതിൽ അന്നത്തേ സർവ്വകലാശാലാധികൃതരും ഇന്നത്തേതുപോലെ സന്നദ്ധരായിരുന്നു. അധ്യേതാക്കളുടെയിടയിൽ ഫ്രാൻസിസ് സേവ്യറിനു പ്രശസ്തമായ സ്ഥാനമാണുണ്ടായിരുന്നതു്. തെളിഞ്ഞ ബുദ്ധിപ്രകർഷവും അദ്ദേഹത്തിനു സ്വാതന്ത്ര്യസിദ്ധമായിരുന്നു.

"ഒരു മനുഷ്യൻ ലോകം മുഴവനും നേടിയാലും തൻെറ ആത്മാവിനെ നഷ്ടമാക്കിയാൽ അവനു് എന്തു പ്രയോജനം?" (മത്താ. 16: 26) ക്രിസ്തുവിൻെറ ശ്രദ്ധേയമായ ഈ ചോദ്യം ഫ്രാൻസിസിനെ വീണ്ടുംവീണ്ടും അനുസ്മരിപ്പിച്ചുകൊണ്ടു വി. ഇഗ്നേഷ്യസ് അദ്ദേഹത്തെ ക്രിസ്തുവിനായി നേടി. ഒരു ധ്യാനം കഴിക്കുവാൻ, കുറെ

ദിവസങ്ങൾ പ്രാത്ഥനയിലും ഏകാന്തതയിലും ചെലവി ടുവാൻ, ഫ്രാൻസിസിനെ വി. ഇഗ്നേഷ്യസ് പ്രേരിപ്പി ച്ചു. അതിൻെറ ഫലമോ! ക്രിസ്തുവിനെ പ്രസംഗിക്കുന്ന തിന്ന് ഇൻഡ്ധ്യയിൽ വന്നതിനുശേഷം ഇവിടെനിന്നു വി. ഫ്രാൻസിസ് സേവ്യർ എഴുതിയ ഒരു കത്തിൽനി ന്ന് അനു ഗ്രഹിക്കാം. യൂറോപ്പിൽ തിരിച്ചുചെന്ന്, എ ല്ലാ സവ്കലാശാലകളിലും കയറിയിറങ്ങി, വിചാരശൂ ന്യരായ വിദ്യാത്ഥികളേയും സ്വാത്ഥതൽപരരായ അ ദ്ധ്യാപകരേയും അവരുടെ മന്ദതയിൽനിന്ന് ഉണർത്തു ന്നതിനുള്ള തൻെറ ഹൃദയാഭിലാഷത്തെ അതിൽ അ ദ്ദേഹം വിവരിക്കുന്നുണ്ട്. അവരെ വിളിച്ചിറക്കി ഇൻ ഡ്ധ്യയിലേക്കു കൊണ്ടുവന്ന്, അപ്പസ്തോലന്മാരുടെ ആവ ശ്യകതയെ ബോധപ്പെടുത്തുവാൻ അദ്ദേഹം അഭിലഷി ക്കുന്നു. പതിനഞ്ചോ പതിനാറോ കൊല്ലങ്ങൾക്കുമുൻപു കണ്ട യുവാവായ സേവ്യറെയല്ല, നാം ഇപ്പോൾ ദർശി ക്കുക; അന്നത്തേതിൽനിന്നു വളരെ വ്യത്യസ്തനായ ഒരു ഫ്രാൻസിസ് സേവ്യറെയാണ്.

* * *

ലോകത്തിൽ എത്രയോവലിയ വ്യത്യാസമാണ് ഒരു പുണ്യവാൻ സൃഷ്ടിക്കുക! വരപ്രസാദത്തിൻെറ പ്രേ രണകളെ ഫ്രാൻസിസ് സേവ്യർ നിരസിച്ചിരുന്നുവെ ങ്കിൽ അദ്ദേഹം വിശുദ്ധ ജീവിതത്തിലേക്കു നയിച്ച അ നേകശതം ആത്മാക്കളുടെ സ്ഥിതി എന്താകുമായിരുന്നു? ആവിലായിലെ വി. ത്രേസ്യാ ലൗകികസന്തോഷങ്ങളിൽ മുഴുകിത്തന്നെ ജീവിതം തുടർന്നിരുന്നെങ്കിൽ, കർമ്മല

സഭാരാമം സൗരഭ്യം പരത്തുന്ന അനേകം കുസുമങ്ങളെ പുറപ്പെടുത്തുകയില്ലായിരുന്നു; കുരിശിന്റെ യോഹന്നാനോ ലിസ്യൂവിലെ കൊച്ചുത്രേസ്യയോ, അവസാനവിധിദിവസത്തിൽമാത്രം വെളിപ്പെടുവാനിരിക്കുന്ന മററനേകായിരം വിശുദ്ധരോ ആ കർമ്മലമലയിൽ ഉയരുകയില്ലായിരുന്നു.

## ശക്തികേന്ദ്രം

ദൈവമഹത്വത്തിനായി നിരവധി മഹാകാര്യങ്ങൾ നിർവ്വഹിച്ചിട്ടുള്ള പുണ്യവാന്മാർക്കു ജനഹൃദയങ്ങളിൽ സ്ഥിരപ്രതിഷ്ഠ ലഭിച്ചിട്ടുണ്ട്. എന്നാൽ, ലോകത്തിന് അറിയപ്പെടാതെ, ഏകാന്തതയിൽ യേശുനാഥനുമായി ഐക്യപ്പെട്ടു ജീവിച്ച വിശുദ്ധരും ജനഹൃദയങ്ങളെ ആകർഷിക്കുമെന്നതിൽ സംശയമില്ല. കാരണം, അവരുടെ ജീവിതം പരിത്യാഗപരമായിരുന്നു; അവർക്ക് ഒരാഗ്രഹം മാത്രമേ ജീവിതത്തിലുണ്ടായിരുന്നുള്ളൂ—ദൈവവരപ്രസാദത്തിന്റെ സഹായവും അതോടുള്ള വിശ്വസ്തതാപൂർവ്വകമായ സഹകരണവുംവഴി എല്ലാ പാപങ്ങളിൽനിന്നും മനഃപൂർവ്വകമായ അപൂർണ്ണതകളിൽനിന്നും തങ്ങളെത്തന്നെ സ്വതന്ത്രരാക്കുക.

ഇപ്രകാരം ജീവിതം നയിക്കുന്നവർ സ്വർഗ്ഗകവാത്തിന്റെ താക്കോൽ കൈവശപ്പെടുത്തിയിരിക്കുന്നു. മനുഷ്യഗണത്തിനു മുഴുവനും അവരോടു കടപ്പാടുണ്ട്. ലോകം സ്വാർത്ഥപ്രവണതകളുടെ പിറകേ പരക്കംപായുമ്പോൾ അജ്ഞാതരായ ഈ ആത്മാക്കൾ ഉപവാസമനുഷ്ഠിക്കുകയും നിർമ്മലമായ തങ്ങളുടെ ശരീരത്തെ പീ

ഡിപ്പിക്കുകയും ശാരീരികദണ്ഡനങ്ങളെ സ്വമനസാ കൈയേൽക്കുകയും ചെയ്യുന്നു. ലോകം ദൈവത്തെ നിന്ദിക്കുകയും അസാന്മാർഗ്ഗികവും ദുഷ്ടവുമായ സംസാരത്തിൽ വ്യാപൃതരാകുകയും ചെയ്യുമ്പോൾ, ഈ വിശുദ്ധാത്മാക്കൾ അവയ്ക്കു പരിഹാരമനുഷ്ഠിക്കുവാൻ മൗനത്താൽ തങ്ങളുടെ അധരങ്ങളെ മുദ്രവച്ചുപൂട്ടുന്നു. പ്രാർത്ഥിക്കുവാൻ ലോകം വിസ്മരിക്കുമ്പോൾ, അല്ലെങ്കിൽ, പ്രാർത്ഥനയ്ക്കായി മുട്ടുമടക്കുവാൻ അഹങ്കാരംനിമിത്തം വിസമ്മതിക്കുമ്പോൾ, നിശ്ശബ്ദവാസം ചെയ്യുന്ന ഈ ആത്മാക്കൾ, മരംകോച്ചുന്ന തണുപ്പുള്ള ശീതകാലത്തിലെ ഏകാന്തമൂകമായ നിശാവേളയിൽ പതുപതുത്ത കിടക്കയിൽനിന്ന് എഴുന്നേററുപോകും, ദൈവസ്തുതിഗീതങ്ങൾ ആലപിക്കുവാൻ; പാപികളുടെമേൽ അവിടുത്തെ കരുണയെ യാചിക്കുവാൻ.

കഠിനഹൃദയനും ലോകദൃഷ്ട്യാ ബുദ്ധിമാനുമായ യൂദാസ്, വിലപിടിച്ച ഒരുകുപ്പി സുഗന്ധപരിമളം മഗ്ദലേനാമറിയം ദിവ്യനാഥൻെറ പാദങ്ങളിൽ ഒഴിച്ചപ്പോൾ അസംതൃപ്തിയോടേ ചോദിച്ചു, “ഇതു് എന്തിനു്?” എന്നു്. ആ ഗുരുദ്രോഹിയുടെ കാലത്തിനുശേഷം ജ്ഞാനത്തിൽ ലോകം അധികമൊന്നും പുരോഗമിച്ചിട്ടില്ല. ദൈവത്തിൻെറ വിശുദ്ധരോടും അവരെ അനുപാദം അനുഗമിക്കുവാൻ ശ്രമിക്കുന്നവരോടും ഉള്ള കടപ്പാടിനെ ഒരിക്കൽ ലോകം ഗ്രഹിക്കും. പ്രാർത്ഥനയുടേയും പരിത്യാഗത്തിൻേറയും ചൈതന്യത്തിൽ പരിപൂർണ്ണമായ അജ്ഞാതജീവിതം നയിക്കുന്നവരുടെ അപരിമേയമായ മാഹാത്മ്യം ഒരിക്കൽ അതു മനസ്സിലാക്കും.

പരിഹാരമാർഗ്ഗങ്ങൾ അവലംബിക്കുന്നതിനുള്ള കാലം വൈകുന്നതിനുമുൻപുതന്നെ, അതു ദർശിക്കുന്നതിനുള്ള അനുഗ്രഹം ദൈവം ലോകത്തിനു പ്രദാനംചെയ്യട്ടെ!

*　　　　*　　　　*

## തകർന്ന ശൃംഖല

യഹൂദരിൽ ചിലർ ക്രിസ്തുനാഥനെക്കുറിച്ചു പറയുകയുണ്ടായി, അവിടുന്ന് എല്ലാക്കാര്യങ്ങളും നന്നായി ചെയ്യുന്നുവെന്ന്. വേറെ ചിലർ പ്രസ്താവിച്ചു, അവിടുത്തേക്കു ചിത്തഭ്രമം പിടിപെട്ടിരിക്കുകയാണെന്ന്. മററു ചിലരാകട്ടെ, ദുഷ്ടാത്മാവ് അവിടുത്തെ ബാധിച്ചിരിക്കുന്നുവെന്നു പറഞ്ഞു. മററനേകംപേർ അവിടുത്തെ മുൻപിൽ ശിരസ്സു നമിച്ചുകൊണ്ട് ഉൽഘോഷിച്ചു, അവിടുന്നു നിത്യനായ ദൈവത്തിൻെറ സുതനാകയാൽ ആരാധനയ്ക്കു് അർഹനാണെന്ന്. കുറഞ്ഞപക്ഷം, രണ്ടു പ്രാവശ്യം പീലാത്തോസു ജനതയോടു പറഞ്ഞു, അവിടുന്നു നിഷ്കളങ്കനാണെന്ന്. എന്നാൽ, ആ പ്രസ്താവനയ്ക്കു യാതൊരു വിലയും കല്പിക്കാതെ അതേ നിമിഷത്തിൽ ത്തന്നെ അയാൾ വിധിച്ചു, അവിടുന്ന് ഒരു സാധാരണ കുററവാളിയെപ്പോലെ ക്രൂശിക്കപ്പെടണമെന്ന്. അന്ത്യഭോജനാവസരത്തിൽ പത്രോസ് സത്യം ചെയ്തു പ്രഖ്യാപിച്ചു, എന്തുതന്നെ സംഭവിച്ചാലും ഗുരുനാഥനെ താൻ ഒരിക്കലും നിരസിക്കുകയില്ലെന്ന്. എന്നാൽ, ഏതാനും മണിക്കൂറുകൾ കഴിഞ്ഞതേയുള്ളു, തനിക്ക് അത്യാഹിതം നേരിടുമെന്നു കണ്ടപ്പോൾ തൻെറ എല്ലാ വിശിഷ്ട വാഗ്ദാനങ്ങളേയും വിസ്മരിച്ച്, അദ്ദേഹം വിളിച്ചു പറ

ഞ്ഞു, ആ മനുഷ്യനെ താൻ അറിയുകയില്ലെന്ന്. വി. തോമ്മാശ്ലീഹാ ഒരിക്കൽ തന്റെ ഭക്തിതീക്ഷ്ണത യിൽ സ്നേഹിതന്മാരോടു പറഞ്ഞു: "നമുക്കും അവിടു ത്തോടുകൂടെപോയി മരിക്കാം." എന്നാൽ, അതേ ധൈ ര്യശാലിതന്നെ, യേശുനാഥന് അദ്ദേഹത്തിന്റെ സ ഹായം ഏററം ആവശ്യമുണ്ടായിരുന്ന സന്ദർഭത്തിൽ, മററുള്ളവരോടൊപ്പം ഓടിയൊളിച്ചു. ക്രിസ്തു ഉയിർത്തെ ഴുന്നേററുവെന്നു മററുള്ളവർ ആവർത്തിച്ചു സാക്ഷ്യം ന ല്കിയിട്ടും അദ്ദേഹം അതു വിശ്വസിക്കാതെ, ദിവ്യഗുരു വിന്റെ തിരുവിലാവിൽ കൈവിരൽ ഇടാതെ വിശ്വ സിക്കുകയില്ലെന്നു ശഠിച്ചു. ഓശാനഞായറാഴ്ച പ്രതാപ വാനായി ഈശോ ഓറശ്ലേത്തു പ്രവേശിച്ചപ്പോൾ ജന തതി അവിടുത്തെ തങ്ങളുടെ രാജാവായി പ്രകീർത്തിക്കു കയും പ്രഖ്യാപിക്കുകയും ചെയ്തു. എന്നാൽ, കഷ്ടമേ! പി റെറദിവസം വെള്ളിയാഴ്ച അതാ, അവിടുത്തെ നിരസി ച്ചുകൊണ്ടു് അവർ ആർത്തുവിളിക്കുന്നു: "സീസറല്ലാതെ ഞങ്ങൾക്കു വേറെ രാജാവില്ല."

ലോകത്തിനു തന്നെത്തന്നെ വെളിപ്പെടുത്തുവാൻ ദിവ്യനാഥനെ നിർബന്ധിച്ച ചിലരുണ്ടു്; ലോകത്തിനു തന്നെത്തന്നെ വെളിപ്പെടുത്തിക്കൊടുത്തപ്പോൾ തന്റെ ദൈവികത്വത്തിന്റെ തെളിവുകളുടെ നേരേ മനഃപൂ ർവ്വം കണ്ണടച്ചുകളഞ്ഞ ചിലരുമുണ്ടു്. അവിടുത്തെപ്പോ ലെ യാതൊരു മനുഷ്യനും ഒരിക്കലും സംസാരിച്ചിട്ടില്ലെ ന്നു് അവർ പറഞ്ഞു. അതേസമയം, അവിടുത്തെ വാക്കു കളിൽത്തന്നെ അവിടുത്തെ പിടിക്കുന്നതിന് അവർ അവസരം പാർത്തുകൊണ്ടിരുന്നു. അവിടുത്തെ അവർ

എതിർത്തു; വഞ്ചകനും കള്ളനും എന്നു താറടിച്ചു. അവിടുന്നു പ്രവർത്തിച്ച നിരവധി അത്ഭുതങ്ങൾ കണ്ടിട്ടും അവിടുത്തെ അധരങ്ങളിൽനിന്ന് അടർന്നുവീണ സച്ചിയവിജ്ഞാനത്തിൻെറ വചസ്സുകൾ ശ്രവിച്ചിട്ടും അവിടുത്തെ അവർ പുച്ഛിക്കുകയും പരിഹസിക്കുകയും ചെയ്തു. സീസറിനു കപ്പം കൊടുക്കുവാൻ വിസമ്മതിക്കുന്നുവെന്നും ജനങ്ങൾ അവിടുത്തെമേൽ കുററം ചുമത്തി. ആ കപ്പം കൊടുക്കുവാൻ അവിടുന്നു കടപ്പെട്ടവനല്ലാതിരുന്നിട്ടും ഒരു അത്ഭുതം പ്രവർത്തിച്ച്, അതിനുവേണ്ട പണം സമ്പാദിക്കുകയാണു വാസ്തവത്തിൽ അവിടുന്നു ചെയ്തതു്.

ഇതിൽനിന്നെല്ലാം ഒരു വസ്തുത തെളിയുന്നുണ്ട്. തങ്ങളുടെ വാക്കുകളേയും പ്രവൃത്തികളേയുംകുറിച്ചു മനുഷ്യർ ചെയ്യുന്ന വിമർശനങ്ങളെ ക്രിസ്തുശിഷ്യന്മാർ കാര്യമായി ഗൗനിക്കേണ്ടതില്ല. മനുഷ്യർക്കു തെററുപററുക വളരെ എളുപ്പമാണ്. അവരുടെ അഭിപ്രായങ്ങൾ മിക്കവാറും മുൻവിധിയോടുകൂടിയവ ആയിരിക്കും. കാണുന്നതും കേൾക്കുന്നതും അനുസരിച്ചാണു മനുഷ്യർ മിക്കപ്പോഴും വിധിക്കുക. മനുഷ്യാത്മാവിൻെറ നിഗ്രൂഢരഹസ്യങ്ങളെ അറിയുവാൻ ദൈവത്തിനുമാത്രമേ കഴിയൂ. മനുഷ്യരുടെ വിധിത്തീർപ്പുകൾ അനുകൂലപ്രതികൂല തെളിവുകളെ വേണ്ടവണ്ണം പരിശോധിക്കാതെ, അനവധാനതയോടേയും അനാദരത്തോടേയും ആണു നല്കപ്പെടുക. "മനുഷ്യർ എന്നെപ്പററി എന്തുപറയും? എന്തു വിചാരിക്കും?" എന്നതു ദൈവത്തിൻെറ ന്യായാസനത്തിൻമുൻപിൽ വിലയററതാണ്. മനുഷ്യർ എന്നെപ്പ

ററി പത്തുകൊല്ലംമുൻപ്, അല്ലെങ്കിൽ, ഏതാനും മാസങ്ങൾക്ക മുൻപ്, അതുമല്ലെങ്കിൽ, ഏതാനും ആഴ്ചകൾക്കമുൻപ വിചാരിച്ചതും പറഞ്ഞതുമെല്ലാം വിസ്മൃതികളിൽ മറഞ്ഞുകഴിഞ്ഞു.

മനുഷ്യർ തന്നെക്കുറിച്ച് എന്തു വിചാരിക്കുന്നു? എന്തു സംസാരിക്കുന്നു? എന്നൊന്നും പരിഗണിക്കാതെ അവിടുന്ന് എപ്പോഴും തൻെറ പിതാവിൻെറ തിരുവിഷ്ടം നിറവേററുകതന്നെ ചെയ്തു. തൻെറ വാക്കുകളും പ്രവൃത്തികളും തീരുമാനങ്ങളും സ്വർഗ്ഗസ്ഥനായ ആ പിതാവിൻെറ അഭീഷ്ടത്തിനൊത്തവയായിരിക്കുവാൻമാത്രം അവിടുന്നു ശ്രദ്ധിച്ചിരുന്നു. മററു യാതൊന്നിലും അവിടുന്നു ശ്രദ്ധിച്ചിരുന്നില്ല. തന്നോടു മനുഷ്യർ എങ്ങനെ വർത്തിക്കുന്നുവെന്ന് അവിടുന്നു ഗൗനിച്ചിരുന്നില്ല. അവരുടെ അഭിപ്രായഗതികൾക്ക് അവിടുന്നു വില കല്പിച്ചിരുന്നുമില്ല; വിലകല്പിക്കരുതായിരുന്നുതാനും. ഫാദർഡെ. ല. കൊളംബിയെ എഴുതുന്നു: "ദൈവത്തെ ഉപദ്രവിക്കുന്നതിനെക്കാൾ ലോകം മുഴുവൻെറ അപ്രീതിക്കു പാത്രമാകുന്നതിനു നാം സന്നദ്ധരാകണം." ഇതിൽനിന്ന്, നാമും മനുഷ്യരുടെ അഭിപ്രായഗതികളെ അത്ര കാര്യമാക്കേണ്ടതില്ലെന്നും പ്രത്യുത, ദൈവതിരുമനസ്സു നിറവേററുന്നതിൽമാത്രം തൽപരരായിരിക്കണമെന്നും സിദ്ധിക്കുന്നു.

*　　　　*　　　　*

ഒരു സ്ത്രീ ദീർഘകാലത്തെ ക്ലേശപൂർണ്ണമായ രോഗത്തിനുശേഷം ഈ ലോകം വെടിഞ്ഞു. അത്യധികമാ

യ ക്ഷമയോടേയാണു രോഗപീഡകളെല്ലാം അവരം സഹിച്ചിരുന്നതു്. മരണത്തിനുശേഷം കുറെദിവസങ്ങരം കഴിഞ്ഞപ്പോരം അവരം തൻെറ കുമ്പസാരക്കാരനു പ്രത്യക്ഷയായി. അവളുടെ വദനം സന്തോഷത്താൽ പ്രശോഭിതമായിരുന്നു. സ്വർഗ്ഗത്തിൽ ദൈവത്തോടുകൂടി പരിപൂർണ്ണമായി താൻ സന്തോഷിക്കുന്നുവെന്ന് അവരം അദ്ദേഹത്തോടു പറഞ്ഞു. അനന്തരം, അവരം പ്രസ്താവിച്ചു, ദൈവത്തിനു പ്രീതിജനകവും അവിടുത്തെ തിരുമനസ്സിനനുസൃതവുമാകുമെങ്കിൽ താൻ സന്തോഷപൂർവ്വം ലോകത്തിലേക്കു തിരിച്ചുവന്ന്, മുൻപിലത്തെ സകല പീഡകളും ഒരിക്കൽക്കൂടി സഹിക്കുവാൻ സന്നദ്ധയാണെന്ന്; ഒരു "നന്മനിറഞ്ഞ മറിയം" ചൊല്ലുന്നതിൻെറ യോഗ്യത അതുവഴി കൂടുതലായി ലഭിച്ചാൽ താൻ സംതൃപ്തയാകുമെന്ന്.

## നേട്ടം സ്വർഗ്ഗത്തിൽ

വരപ്രസാദസ്ഥിതിയിൽ നാം ചെയ്യുന്ന ഓരോ സൽപ്രവൃത്തിയും സ്വർഗ്ഗപ്രവേശത്തിന് ഉപകരിക്കുന്നു. "ചിതലും പുഴുവും നശിപ്പിക്കയും കള്ളന്മാർ തുരന്നു മോഷ്ടിക്കയും ചെയ്യുന്ന സ്ഥലമായ ഭൂമിയിൽ നിങ്ങരക്കായി നിക്ഷേപങ്ങരം സൂക്ഷിച്ചുവയ്ക്കേണ്ടാ; ചിതലാകട്ടെ പുഴുവാകട്ടെ നശിപ്പിക്കാതേയും കള്ളന്മാർ തുരന്നു മോഷ്ടിക്കാതേയുമുള്ള സ്ഥലമായ സ്വർഗ്ഗത്തിൽ നിങ്ങരക്കായി നിക്ഷേപങ്ങരം സൂക്ഷിച്ചു വയ്ക്കുവിൻ" (മത്താ. 6: 19, 20). ആദ്ധ്യാത്മികജീവിതത്തിൽ കൂടുതൽ ഔൽസുക്യം

പ്രദർശിപ്പിക്കുന്നവരുടെ മനസ്സിൽ ആഴമായി പതിയേണ്ട ചിന്താശകലമാണിത്. അവരുടെ ഏകലക്ഷ്യം ഇതാണ്: ഓരോ നിമിഷവും പരമാവധി പ്രയോജനപ്പെടുത്തുക; നിത്യത്വത്തിലേക്ക് ഏററം കൂടുതൽ യോഗ്യത സമ്പാദിക്കുവാൻ അതിനെ വിനിയോഗിക്കുക. കാരണം, അതിൻെറ യോഗ്യതയുടെ കൂടുതൽ അനുസരിച്ച് ദൈവത്തിനു കൂടുതൽ മഹത്വം യുഗയുഗാന്തരങ്ങളിൽ ഉണ്ടാകും.

ഒരാൾക്ക് ആയിരം പവൻ ബാങ്കിൽ നിക്ഷേപിക്കാനുണ്ടെന്നു വിചാരിക്കുക. അയാൾ എന്തായിരിക്കും ആദ്യം ചെയ്യുന്നത്? തൻെറ പണത്തിന് ഏററം കൂടുതൽ പലിശ കിട്ടുന്നതും അത് ഏററം സുരക്ഷിതമായിരിക്കുന്നതും എവിടെയെന്ന് അന്വേഷിക്കും. രണ്ടോ മൂന്നോ ശതമാനം പലിശകൊണ്ട് അയാൾ തൃപ്തനാകുകയില്ല, കുറച്ചു ക്ലേശം സഹിച്ചിട്ടായാലും അഞ്ചോ ആറോ ശതമാനം കിട്ടുവാൻ സാധ്യതയുണ്ടെങ്കിൽ.

ദൈവത്തിൻെറ വാഗ്ദാനങ്ങളിലാണു നമുക്കുള്ള ഉറപ്പ്. "ചെറിയ പററമേ, ഭയപ്പെടേണ്ടാ; എന്തുകൊണ്ടെന്നാൽ, സ്വർഗ്ഗരാജ്യം നിങ്ങൾക്കു നല്കുവാൻ ദൈവം പ്രസാദിച്ചിരിക്കുന്നു." അവിടുത്തെ പ്രമാണങ്ങൾ കാക്കുകയാണെങ്കിൽ, വരപ്രസാദസ്ഥിതിയിൽ മരിക്കുകയാണെങ്കിൽ, നാം രക്ഷപ്രാപിക്കും. പക്ഷെ, അതിനെക്കാൾ കൂടുതൽ ചെയ്യുക — പുണ്യപൂർണ്ണത പ്രാപിക്കുക സാദ്ധ്യമാണ്. എല്ലായ്പ്പോഴും, അവിടുത്തെ പ്രീതിപ്പെടുത്തുകയെന്ന ശുദ്ധനിയോഗത്തോടേ എല്ലാം

ചെയ്യുക. വരപ്രസാദത്തിൻെറ സഹായത്തോടുകൂടി അതു നമുക്കു സാധിക്കും.

ഈ ശുദ്ധനിയോഗത്തിൻെറ പ്രവൎത്തനത്തെ നമുക്കൊന്നു പരിശോധിക്കാം. തെരുവിൽവച്ച് ഒരു സാധുവിനു ഞാൻ ധർമ്മം കൊടുക്കുന്നു, അവൻ എന്നോടു യാചിച്ചതുകൊണ്ടു്. അവിടെ മഴയും തണുപ്പുംകൊണ്ടു വിറകൊള്ളുന്ന ആ പാവപ്പെട്ടവനോട് എനിക്കു സഹതാപം തോന്നുന്നു. തീർച്ചയായും, എൻെറ ആ പ്രവൃത്തി ദൈവത്തിനു പ്രിയംകരമാണു്. അതു ചെയ്തപ്പോൾ ഞാൻ വരപ്രസാദാവസ്ഥയിലായിരുന്നെങ്കിൽ അതു യോഗ്യതാപൂൎണ്ണമായിരിക്കും; നിത്യരക്ഷയ്ക്കു് ഉപകരിക്കുന്നതായിരിക്കും. എന്നാൽ, ആ ദാനം ഞാൻ നല്കിയപ്പോൾ ക്രിസ്തുവിനുതന്നെയാണു ഞാൻ നല്കുന്നതെന്നു വിചാരിച്ചിരുന്നെങ്കിൽ, അവിടുത്തോടുള്ള സ്നേഹമാണു് അതിന് എന്നെ പ്രേരിപ്പിച്ചതെങ്കിൽ, ആ പ്രവൃത്തിയുടെ യോഗ്യത ഇപ്പോൾ വളരെയധികം വർദ്ധിക്കുമെന്നതു തീർച്ചയാണു്.

കോപിക്കുവാൻ ശക്തിയായി പ്രലോഭിപ്പിക്കപ്പെട്ടാലും ഞാൻ കോപാവേശത്തെ അടക്കുന്നു; അതു് ഒരു നല്ലശീലം ആയതുകൊണ്ടുമാത്രം. എൻെറ വേലക്കാരൻ കലഹിക്കുമ്പോൾ ഞാൻ മൗനം പാലിക്കുന്നു. കാരണം, ആ വേലക്കാരനെ എനിക്കു് ആവശ്യമുണ്ടു്; കോപിച്ചാൽ അവൻ പിണങ്ങിപ്പോയേക്കും. എൻെറ പിതാവു കോപിക്കുമ്പോൾ ഞാൻ ഒന്നും ശബ്ദിക്കുന്നില്ല കാരണം, പിതാവിനെ ഞാൻ ഭയപ്പെടുന്നു. അതു ന്യായയുക്തവുമാണു്. ഈ മൗനത്തിനു ഹേതു വിവേകബു

ഢിയാണ്. എന്നാൽ, ദൈവം എനിക്കു പ്രദാനം ചെയ്ത സംസാരശക്തി എന്ന മഹാദാനത്തെ ദുരുപയോഗപ്പെടുത്തിക്കൊണ്ടു ഞാൻ ചെയ്തുകൂട്ടിയ നിരവധി പാപങ്ങൾക്കു പരിഹാരമായി ഈ മൗനത്തെ കാഴ്ചവയ്ക്കുവാൻ എനിക്കു കഴിയും. അപ്പോൾ, അതിനു ദൈവത്തിന്റെ മുൻപിൽ കൂടുതൽ യോഗ്യതയുണ്ടായിരിക്കും. വെറും മാനുഷികമായ കാരണങ്ങളാൽ പ്രേരിതനായി ചെയ്യുന്ന ഈ പ്രവൃത്തികൾ യോഗ്യതയുള്ളതാകുന്നെങ്കിൽ, അതിസ്വാഭാവികകാരണങ്ങളാൽ അപ്രകാരം ഞാൻ ചെയ്യുന്ന പക്ഷം, അതു് എത്ര കൂടുതൽ യോഗ്യതയുള്ളതായിരിക്കും!

ഒരു ബസ്സിലോ ഒരു ട്രാംകാറിലോ പ്രവേശിക്കുമ്പോൾ എന്റെ സമീപത്തിരിക്കുന്ന ഇരുപതോ മുപ്പതോ ആളുകളിൽ എന്റെ ദൃഷ്ടിപതിയുന്നു. ക്രിസ്തുവിന്റെ നിർമ്മലരക്തത്താൽ വീണ്ടെടുക്കപ്പെട്ട ഓരോ ആത്മാവുണ്ട്, അവിടെ ഇരിക്കുന്ന ഓരോരുത്തർക്കും. അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതിനുള്ള ചിന്ത എപ്പോഴെങ്കിലും എന്നിൽ ഉണ്ടായിട്ടുണ്ടോ? അവരിൽ ആരെങ്കിലും ആ സന്ദർഭത്തിൽ പാപസ്ഥിതിയിലാണെങ്കിൽ അയാളുടെ മാനസാന്തരത്തിനുള്ള അനുഗ്രഹം ഞാൻ ദൈവത്തോടു യാചിച്ചിട്ടുണ്ടോ? ഈവക ചിന്തകളോടേ ആണോ ഞാൻ ബസ്സുയാത്ര ചെയ്യുന്നതു്? എങ്കിൽ തീർച്ചയായും അതു് ഒരു പ്രേഷിതവേലയാണ്.

കുറഞ്ഞ പ്രതിഫലംകൊണ്ടു് ഒരിക്കലും നാം തൃപ്തിപ്പെടരുതു്. അല്പംകൂടി ശ്രദ്ധിച്ചാൽ, കലർപ്പില്ലാത്ത തനിസ്വർണ്ണം നിഷ്പ്രയാസം സമ്പാദിക്കാമെന്നിരിക്കെ,

വെള്ളിയോ ചെമ്പോ പിച്ചളയോമാത്രം സ്വീകരിക്കുന്നതു ബുദ്ധിശൂന്യമല്ലേ? സ്വർഗ്ഗത്തിൽ നിക്ഷേപം വർദ്ധിപ്പിക്കുന്നതിനു സാധാരണജീവിതത്തിൽത്തന്നെ ധാരാളം സൗകര്യങ്ങളുണ്ട്. നാം എന്തു ചെയ്തു എന്നതല്ല പ്രധാനമായ കാര്യം; എങ്ങനെ ചെയ്തുവെന്നതാണു്. അതിനാണു ദൈവം കൂടുതൽ വിലകല്പിക്കുന്നതു്. അത്യുദാരമായ പ്രതിഫലം നമുക്കു നല്കുവാൻ അവിടുന്നു സദാ സന്നദ്ധനായിരിക്കുകയും ചെയ്യുന്നു. ധനസമ്പാദനത്തിനുള്ള സാധ്യതകൾ നമ്മുടെ ചുററുമുണ്ട്. ദൈനംദിനം അപ്രകാരമുള്ള സാഹചര്യങ്ങൾ ആയിരക്കണക്കിനു നമുക്കു കൈവരുന്നുമുണ്ട്. അവയെ പരമാവധി ഉപയോഗപ്പെടുത്തുക. അത്രമാത്രമേ നാം ചെയ്യേണ്ടതുള്ളു. അതാണു യഥാർത്ഥവിവേകം എന്ന് ഒരിക്കൽ നമുക്കു ബോധപ്പെടും.

* * *

## പ്രതിസമ്മാനം

ക്രിസ്തുനാഥൻ തൻെറ ശിഷ്യന്മാരോടു കടൽകടക്കുവാൻ കല്പിച്ചു. എന്നാൽ, അവിടുത്തേക്കറിയാമായിരുന്നു, അവർ തൻെറ ആജ്ഞ അനുസരിക്കുന്നതുനിമിത്തം ഭയാനകമായ കൊടുങ്കാററിലകപ്പെട്ടു മുങ്ങിമരിക്കാനുള്ള സാഹചര്യത്തിലാകുമെന്ന്. യൂദാസിനെ അവിടുന്നു പണസൂക്ഷിപ്പുകാരനായി നിയമിച്ചു. എന്നാൽ, അവിടുന്ന് അറിഞ്ഞിരുന്നു, അതു് അവനു പ്രലോഭനത്തിനു കാരണമാകുമെന്ന്. എങ്കിലും, ഇപ്രകാരമുള്ള

സാഹചര്യങ്ങളിലായിരിക്കുവാൻ ദൈവം മനുഷ്യരെ അനുവദിക്കുന്നു.

എന്തുകൊണ്ടു ക്രിസ്തുനാഥൻ, ഇവ്വിധം പ്രവർത്തിക്കുന്നു? അതിനുത്തരം ഇതാണ്: നാം സമ്പാദിക്കേണ്ട ഒരു സമ്മാനമാണു സ്വർഗ്ഗം; തിവിധശത്രുക്കൾക്കെതിരായുള്ള ഒരു സമരമാണ് ഈ ലോകജീവിതം. സമരം ചെയ്യുവാൻ സന്നദ്ധതയുള്ളവർക്കു മാത്രമേ പ്രതിഫലം നീക്കിവച്ചിട്ടുള്ളു. സമരം എത്ര ദീർഘവും വിഷമവുമായിരുന്നാലും പ്രതിഫലം സുരക്ഷിതമാക്കാമെന്നു ക്രിസ്തുനാഥൻ വാഗ്ദാനം ചെയ്തിട്ടുണ്ട്. ഏതു പ്രതികൂലസാഹചര്യങ്ങളേയും സുധീരം തരണംചെയ്തു പുരോഗമിക്കുന്നതിനു നമുക്ക് ഉത്തേജനം നല്കുവാൻ പര്യാപ്തമായ രണ്ടു സുവിശേഷഭാഗങ്ങൾ ഉണ്ട്. നമ്മോടുതന്നെ പോരാടി വിജയം വരിക്കുന്നതിനുള്ള നമ്മുടെ നിസ്സഹായാവസ്ഥയെ ഒന്നു പ്രകടമാക്കുന്നു.

"എന്നെക്കൂടാതെ നിങ്ങൾക്ക് ഒന്നും ചെയ്യുക സാദ്ധ്യമല്ല" എന്നു ക്രിസ്തുനാഥൻ നമ്മോടു തീർത്തു പറയുന്നു. ഇതിനോട് അത്യധികം ബന്ധപ്പെട്ട മറെറാരു വാക്യം വി. പൗലോസ്ശ്ലീഹായുടെ ലേഖനത്തിൽ കാണാം: "എന്നെ ശക്തിപ്പെടുത്തുന്നവനിൽ എനിക്ക് എല്ലാം ചെയ്യുവാൻ സാധിക്കും." പ്രചോദനാത്മകമായ വാക്കുകൾ! അദ്ദേഹം തുടരുന്നു: "എൻെറ ബലഹീനതയാൽ എല്ലാം ഞാൻ ഭയപ്പെടുമ്പോൾ അങ്ങേ ശക്തിവഴി എല്ലാം ഞാൻ പ്രത്യാശിക്കുന്നു."

വിഷമസാഹചര്യങ്ങളെ തരണംചെയ്യുന്നതിൽ കൈവരിക്കുന്ന വിജയവും ആത്മസംയമനവും, ക്രിസ്തു

നാഥനോടുള്ള സ്നേഹത്തെ പ്രത്യക്ഷമാക്കാൻ പോരുന്ന വിശിഷ്ടസന്ദർഭത്തെ എനിക്കു പ്രദാനം ചെയ്യുന്നു. എന്റെ ഈ ലോകജീവിതം വളരെ സുകരമായിരുന്നാൽ, മരണവിനാഴികയിൽ ഞാൻ വെറുംകൈയോടെ ദൈവസന്നിധിയിലേക്കു പോകുന്നതായി എനിക്ക് അനുഭവപ്പെടും. സ്നേഹത്തിന്റെ വഴികളാണ്, ദുഃഖദുരിതങ്ങളുണ്ടായിരിക്കുകയെന്നതും പരിത്യാഗങ്ങൾവഴി ആ സ്നേഹത്തെ പ്രത്യക്ഷമാക്കുകയെന്നതും. മദ്യപിക്കുന്നതിനു കൂട്ടുകാരുടെ പ്രേരണയുണ്ടാകുന്നതുവരെ ഒരുവൻ തന്റെ വാഗ്ദാനത്തെ—മദ്യം സേവിക്കുകയില്ലെന്നുള്ള പ്രതിജ്ഞയെ—പാലിച്ചേക്കാം. ഒരു കുട്ടി ശുദ്ധതയെ അനായാസേന കാത്തുസൂക്ഷിച്ചേക്കാം, നിവാരണം ചെയ്യുക ആയാസകരവും ആസ്വാദിക്കുക എളുപ്പവുമായ പാപസാഹചര്യങ്ങൾ ഉണ്ടാകുന്നതുവരെ. അതൊക്കെ അവശ്യാവശ്യകം തന്നെ. എന്നാൽ, നിരന്തരവും സുശക്തവുമായ പ്രലോഭനങ്ങളെ എതിർത്തു വിജയം കൈവരിക്കുക സ്നേഹത്തിന്റെ ഏററം തെളിവായ പ്രകടനമാണ്. എന്നെ ദൈവം വിഷമസാഹചര്യങ്ങളിൽ ആക്കുന്നതു് എന്തുകൊണ്ടു്? തന്നോടുള്ള സ്നേഹത്തെ പ്രകടമാക്കുവാൻ ഒരു വിലയേറിയ സന്ദർഭം അതുവഴി എനിക്കു നല്കുകയാണ് അവിടുന്നു്.

ക്രിസ്തുനാഥനോടുള്ള തന്റെ വിശ്വസ്തതയെ പ്രസ്പഷ്ടമാക്കുവാനും അങ്ങനെ മഹത്തരമായ ഒരു കൃത്യം നിർവഹിക്കുവാനും യൂദാസിന് ഒരു നല്ല സന്ദർഭം ലഭിച്ചു. എന്നാൽ, യൂദാസ് തന്റെ സ്വന്തം കുററത്താൽ ആ സുവർണ്ണാവസരത്തെ പാഴാക്കി. ആ അവസരം ത

നിക്കു പ്രദാനം ചെയ്യതിൽ ഗുരുനാഥനെ കുററപ്പെടുത്തുക അയാൾക്കു സാദ്ധ്യമല്ല, പ്രത്യേകിച്ച്, പ്രലോഭനത്തെ ജയിക്കുന്നതിന് ആവശ്യകമായ വരപ്രസാദം അയാൾക്ക് അവിടുന്നു വാഗ്ദാനം ചെയ്തിട്ടുണ്ടായിരുന്നതിനാൽ.

സാഹചര്യങ്ങളെക്കുറിച്ചു പരാതിപ്പെടുക നമ്മുടെ സ്വഭാവമാണ്. ലോകകാര്യങ്ങളിൽ മുഴുകിജീവിക്കുന്നവന്, തൻെറ ആദ്ധ്യാത്മികത്വത്തിൻെറ അധഃപതനത്തിനു കാരണം ലോകകാര്യങ്ങളാണെന്ന് ഒഴികഴിവു പറയാം. ധ്യാനപരമായ ജീവിതം നയിക്കുന്ന ഒരു സന്ന്യാസി, ദൈവമഹത്വത്തിനു തൻെറ കഴിവുകളെ ഉപയോഗപ്പെടുത്തുന്നതിന് അവസരം ലഭിക്കുവാൻ വേറൊരു സഭയിൽ ചേരുന്നതിനു പ്രലോഭിതനായേക്കാം. കർമ്മോദ്യുക്തമായ ജീവിതരീതി കൈക്കൊണ്ടിരിക്കുന്ന സഭയിലെ ഒരംഗം, പ്രാർത്ഥനകൊണ്ടു പരിപോഷിപ്പിക്കപ്പെടാത്തപക്ഷം ബാഹ്യപ്രവർത്തനങ്ങൾ വ്യർത്ഥമായിത്തീരുമെന്നകാരണത്താൽ, പ്രാത്ഥനയ്ക്കു കൂടുതൽ സമയം കിട്ടുന്ന വേറൊരു സ്ഥലത്തുപോകുവാൻ പ്രേരിതനായേക്കാം. മിക്കപ്പോഴും ഇവ വെറും വ്യാമോഹങ്ങളാണ്. ദൈവം നമുക്കു നല്കിയിരിക്കുന്ന സാഹചര്യങ്ങളിലൊഴിച്ച്, മറേറതു സാഹചര്യങ്ങളിലും വിശുദ്ധിയും നിത്യരക്ഷയും സമ്പാദിക്കാമെന്നു നമ്മെ വിശ്വസിപ്പിക്കുന്ന പിശാചിൻെറ വഞ്ചനയായിരിക്കും അതു്.

*  *  *

## പ്രാർത്ഥന

എല്ലാ വരപ്രസാദവും ക്രിസ്തുനാഥനിൽനിന്നു വരുന്നു. അതിനാൽ, അവിടുത്തോടു ബന്ധം പുലർത്തുകയെന്നതായിരിക്കണം ഒരാദ്ധ്യാത്മികമനുഷ്യന്റെ പരമമായ ഉദ്ദേശ്യവും ദൃഢമായ നിശ്ചയവും. ഈ ബന്ധം ഉളവാക്കുവാനും നിലനിറുത്തുവാനും ഏററം സുഗമമായ മാർഗ്ഗം പ്രാർത്ഥനയാണ്. ആകയാൽ, പ്രാർത്ഥനയെ വിലമതിക്കുക, അതിൽ ഉദാസീനനാകാതിരിക്കുവാൻ ശ്രദ്ധിക്കുക, നല്ലവണ്ണം പ്രാർത്ഥിക്കുവാൻ സഹായിക്കുന്ന മാർഗ്ഗങ്ങളെ വേണ്ടവിധം ഉപയോഗപ്പെടുത്തുക തുടങ്ങിയവയെല്ലാം നമുക്ക് ആവശ്യകമാണ്. സർവ്വശക്തനും പരമപരിശുദ്ധനുമായ ദൈവത്തിന്റെ സന്ദർശനശാലയും, ദൈവവും ആത്മാവും സമ്മേളിക്കുന്ന സ്ഥലവുമത്രേ പ്രാർത്ഥനയെന്നു നിരന്തരം ചിന്തിക്കുക—അതാണു പ്രാത്ഥനയോടു മതിപ്പുവർദ്ധിക്കുവാൻപററിയ മാർഗ്ഗം. ഏററം വിശ്വാസയോഗ്യനായ ഒരു സ്നേഹിതനെ കണ്ടെത്തുമ്പോഴും, ഏകാന്തതയിൽ കഴിഞ്ഞുകൂടുന്ന ഒരുവൻ ആനന്ദംകൊണ്ടു മതിമറക്കുന്നു. പ്രാത്ഥനവഴി ആത്മാവു തന്റെ ഉത്തമസ്നേഹിതനായ ക്രിസ്തുനാഥനോടു സമ്പർക്കം പുലർത്തുകയും ഗാഢമായി ഐക്യപ്പെടുകയും ചെയ്യുന്നു. വിദഗ്ദ്ധനായ ഡോക്ടരുടെ നിർദ്ദേശം രോഗി സന്തോഷപൂർവ്വം സ്വീകരിക്കുകയും അദ്ദേഹം നിർദ്ദേശിക്കുന്ന പ്രത്യൗഷധങ്ങൾ ഉപയോഗിക്കുകയും ചെയ്യുന്നു. പ്രാർത്ഥനയിൽ ഞാൻ എന്റെ മുറിവുകളേയും പാപങ്ങളേയും പ്രലോഭനങ്ങളേയും എല്ലാം സ്വർ

സ്ത്രീയ ഭിഷഗ്വരനെ കാണിക്കുന്നു. എന്നെ സൗഖ്യമാക്കുന്നതിന് അങ്ങിൽനിന്നു ശക്തി പുറപ്പെടുകയും ചെയ്യുന്നു. സംശയങ്ങളാലും ക്ലേശങ്ങളാലും ഞെരുക്കപ്പെടുന്ന ഒരുവൻ, തനിക്ക് ആവശ്യകമായ സംശയനിവൃത്തിവരുത്തുകയും തന്നെ ഉപദേശങ്ങളാൽ സമാശ്വസിപ്പിക്കുകയും ചെയ്യുവാൻ കഴിവുള്ള ഒരുവനെ കണ്ടുമുട്ടുന്നെങ്കിൽ എത്രമാത്രം സന്തോഷിക്കും! ഇതുപോലെതന്നെയാണ് ആത്മാവിൻെറ കാര്യവും. ലോകത്തിൻെറ പ്രകാശവും എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം നിർദ്ദേശിക്കുവാൻ കഴിയുന്നവനും ശരിയായ സമാധാനം കണ്ടുപിടിച്ചുതരുവാൻ ഉൽസുകനുമായ ദിവ്യനാഥനോട് ആത്മാവു സമ്പർക്കം പാലിക്കുന്നതു പ്രാർത്ഥനയാകുന്ന സമ്മേളനസ്ഥലത്തുവച്ചാണ്. വിശന്നുവലയുന്ന ഒരു ഭിക്ഷു തനിക്കു ലഭിക്കുന്ന പണം, വസ്ത്രം, പാർപ്പിടം മുതലായവയെപ്രതി വളരെ കൃതജ്ഞതയുള്ളവനായിരിക്കും. പ്രാർത്ഥനയിൽ യേശുനാഥൻ ഊഹാതീതമായ സമ്പത്തിനെ ആത്മാവിൽ ചിന്തുന്നു. എത്രയധികമായും നിരന്തരമായും ചോദിക്കുന്നുവോ അത്രക്കുടുതലായ ഔദാര്യത്തോടെ താൻ അവ പ്രദാനം ചെയ്യുമെന്ന് അവിടുന്ന് ആത്മാവിന് ഉറപ്പുകൊടുക്കുകയും ചെയ്യുന്നു: "ചോദിപ്പിൻ, നിങ്ങൾക്കു തരപ്പെടും."

ഇങ്ങനെയെല്ലാമായിരുന്നിട്ടും പ്രാർത്ഥനയിൽ അനേകംപേർ അവലംബിക്കുന്ന അലസതയെക്കുറിച്ചു ക്രിസ്തുനാഥൻ ആവലാതിപ്പെട്ടിട്ടുണ്ട്. പലരും അവിടുത്തെ മൈത്രിയെ നിരാകരിക്കുന്നു: "ജറൂസലം, ജറൂസലം, നിൻെറ സമാധാനത്തിനുള്ളവ ഈ ദിവസത്തിലെങ്കി

ലും നീ അറിഞ്ഞിരുന്നെങ്കിൽ നന്നായിരുന്നു! എന്നാൽ, ഇപ്പോഠം അവ നിൻെറ കണ്ണുകളിൽനിന്നു മറയ്ക്കപ്പെട്ടിരിക്കുന്നു. എന്നാൽ, നിൻെറ സന്ദർശനത്തിൻെറ സമയം നീ അറിയാതിരുന്നതുകൊണ്ടു്, നിന്നെ ശത്രുക്കഠം വളയുകയും എല്ലാ സ്ഥലത്തുനിന്നും പീഡിപ്പിക്കുകയും നിന്നേയും നിന്നിലുള്ള നിൻെറ മക്കളേയും അടിയോടേ നശിപ്പിക്കുകയും നിന്നിൽ കല്ലിന്മേൽ കല്ലു ശേഷിപ്പിക്കാതിരിക്കുകയും ചെയ്യുന്ന ദിവസങ്ങഠംവന്നുകൂടും." അവിടുന്നു നല്കുന്ന ഉപദേശങ്ങളും പ്രത്യുത്തരങ്ങളും അവഗണിക്കപ്പെടുന്നു. "പ്രകാശത്തെയെന്നതിനെക്കാഠം അന്ധകാരത്തെ മനുഷ്യർ ഇഷ്ടപ്പെട്ടു." പിതാവിൻെറ ഭവനത്തിലേ മേശപ്പുറത്തു തയ്യാറാക്കിയിരിക്കുന്ന വിരുന്നിനെക്കാഠം പന്നിക്കുകൊടുക്കുന്ന തവിട്ട് അനേകർ കാംക്ഷിക്കുന്നു. കല്യാണവിരുന്നിനു ക്ഷണിക്കപ്പെടുമ്പോഠം ഒഴികഴിവുകഠം കണ്ടുപിടിക്കുവാൻ അവർ ബദ്ധസമർത്ഥരാണു്! ദാരുണമായ ഈ ഉദാസീനതയ്ക്കു പരിഹാരം കണ്ടുപിടിക്കുവാൻ നമുക്കു സാധിക്കും, അതിൻെറ കാരണങ്ങഠം ആരാഞ്ഞു മനസ്സിലാക്കുന്നെങ്കിൽ. പ്രാർത്ഥന പലപ്പോഴും പ്രയാസകരമായിരിക്കുന്നതു്, അതു് അദൃശ്യനായ ഒരാളോടു ചെയ്യുന്നതായതുകൊണ്ടാണു്. തന്നിമിത്തം, അതിന് ഒരു വലിയ വിശ്വാസപ്രകരണം ആവശ്യകമാണു്. കാണുവാനും കേഠംക്കുവാനും സ്പർശിക്കുവാനും കഴിയുന്നതെന്തോ അതാണു്, അദൃശ്യനായ ദൈവത്തോടു നടത്തുന്ന സംഭാഷണത്തെക്കാഠം കൂടുതൽ വാസ്തവമായതെന്നു് എനിക്കു തോന്നിപ്പോകുന്നു!

ബഹുവിധങ്ങളായ ബാഹ്യപ്രവത്തനങ്ങൾനിമിത്തം, പ്രാത്ഥന ആയാസകരമായി അനുഭവപ്പെടുന്നു. കാരണം, ആ പ്രവർത്തനങ്ങൾ പ്രാത്ഥനയ്ക്കുള്ളിലും കടന്നുകൂടും. മിക്കപ്പോഴും പ്രാർത്ഥന മുഴുവനായി ഉപേക്ഷിക്കുവാൻ അല്ലെങ്കിൽ, വെട്ടിക്കുറയ്ക്കുവാൻ, അതുമല്ലെങ്കിൽ, കുറഞ്ഞപക്ഷം, അശ്രദ്ധയോടെ നടത്തുവാൻ അവ കാരണമാകുന്നു.

പ്രാർത്ഥനയിൽ നമുക്കു ശുഷ്കത അനുഭവപ്പെടുവാൻ ക്രിസ്തുനാഥൻതന്നെ പലപ്പോഴും അനുവദിക്കാറുണ്ട്. അതു തന്നോടുള്ള നമ്മുടെ സ്നേഹത്തെ പരിശോധിക്കുന്നതിനോ, ഭക്തിയും ശുഷ്കാന്തിയും തൻെറ ഉദാരമായ ദാനമാണെന്ന് അനുഭവത്തിൻെറ പാഠശാലയിൽ നമ്മെ ഗ്രഹിപ്പിക്കുന്നതിനോ വേണ്ടിയാണ്. ഭക്തിതീക്ഷ്ണത സമ്പാദിക്കുവാനോ നിലനിറുത്തിക്കൊണ്ടുപോരുവാനോ നമുക്കു തനിയേ സാധിക്കുകയില്ല.

ആകയാൽ, പ്രാർത്ഥനയ്ക്കു ക്ലിപ്തസമയം നിശ്ചയിക്കുക. തക്കകാരണം കൂടാതെ അതു മാററരുത്. പ്രാത്ഥനയ്ക്കു പററിയ പരിതഃസ്ഥിതികളോടുകൂടിയ ഒരു സ്ഥലം തിരഞ്ഞെടുക്കുകയും ചെയ്യുക. പ്രാത്ഥിക്കുവാൻ സഹായിക്കുന്ന ഒരു നിലപാടും സ്വീകരിക്കുക. അനുദിനം ധ്യാനം കഴിക്കാറുണ്ടെങ്കിൽ തലേരാത്രി അതിന്ന് ഒരുങ്ങുക വളരെ പ്രയോജനകരമാണ്. ദൈവം എല്ലായിടത്തും നിന്നെ വീക്ഷിക്കുന്നുവെന്നു സ്മരിച്ചുകൊണ്ട് അവിടുത്തെ സന്നിധിയിൽ ജീവിക്കുന്നതിനു പരിശ്രമിക്കുക. സുകൃതജപങ്ങൾ ധാരാളമായി ചൊല്ലുന്നതിനു ശീലിക്കുക. അന്യവിചാരത്തിനിടനല്കു

ന്ന സംഗതികളെക്കുറിച്ചുതന്നെ ദിവ്യനാഥനോടു സംസാരിക്കുന്നതിനു പരിശീലിക്കുക. നല്ലനല്ല ആദ്ധ്യാത്മികഗ്രന്ഥങ്ങൾ വായിക്കുന്നതിന് അഭിരുചി, ജീവിതകാലം മുഴുവനും നിനക്കുണ്ടായിരിക്കട്ടെ. പ്രാർത്ഥനയിൽ നേരിടുന്ന വൈഷമ്യങ്ങളെ പർവ്വതീകരിക്കുവാനുള്ള അഭിനിവേശത്തെ നിയന്ത്രിക്കുക. പ്രയാസങ്ങളും ക്ഷീണവും വിരസതയും എല്ലാം ഉണ്ടാകും; പോരാ, ഉണ്ടാകണം. എന്നാൽ, സ്ഥിരചിത്തത ദൈവികസമാധാനത്തെ വലിയതോതിൽ നിനക്കു ലഭിച്ചുതരും. അടിപ്പെടുവാൻ സമ്മതിക്കാതിരുന്നവരുടെയെല്ലാം ഏകകണ്ഠമായ അഭിപ്രായമാണിതു്.

*　　　*　　　*

രസകരമായ ഒരു കഥ വളരെ ശ്രദ്ധയോടെ ശ്രവിച്ചുകൊണ്ടു് ഒരു കുഞ്ഞു തൻെറ മാതാവിൻെറ മടിയിലിരിക്കുന്നു. അതാ, അപ്പോൾ കേൾക്കാം തെരുവിൽ ഒരു ആരവം. തുറന്നു കിടക്കുന്ന ജനാലയിൽക്കൂടി ഹാർമ്മോണിയത്തിൻെറ മധുരസ്വരവും കടന്നുവരുന്നു. ആ കുഞ്ഞിൽ അതിൻെറ പ്രത്യാഘാതമെന്തായിരിക്കും? ആ കുഞ്ഞിൻെറ ശ്രദ്ധ വിഭജിക്കപ്പെട്ടിരിക്കുന്നു. ആ ഹാർമ്മോണിയംവായന ദീർഘസമയം തുടർന്നുകൊണ്ടിരുന്നാൽ തീർച്ചയായും, ആ കുഞ്ഞു് —അവൻ കുഞ്ഞായിരിക്കുന്നതുകൊണ്ടുതന്നെ— അമ്മയുടെ മടിയിൽ നിന്നു് ഊർന്നിറങ്ങി മുറിയിൽക്കൂടി ഇഴഞ്ഞു നീങ്ങി ജാലകത്തിനടുത്തുചെന്നു പുറത്തേക്കു നോക്കും, ആ സ്വരം എവിടെനിന്നു വരുന്നുവെന്നറിയാൻ.

ആ മാതാവ് എന്തുചെയ്യും? തീർച്ചയായും, അവശം കുഞ്ഞിനെ അനുഗമിച്ചു സന്തോഷപൂർവ്വം കഥ തുടരും. അവളുടെ അപ്പോഴത്തെ ഏകതാൽപര്യം ആ കുഞ്ഞിനെ വിനോദിപ്പിക്കുകയാണു്. കർണ്ണാനന്ദകരമായ ആ ഹർമ്മോണിയം, കുരങ്ങ്, സംഗീതം, എന്നിവയെക്കുറിച്ചു് ആ കുഞ്ഞു ചോദിക്കാനിടയില്ലാത്ത ചോദ്യങ്ങശക്കും അവശം ഉത്തരം പറയും. തൻെറ കുഞ്ഞിനോടു വെറുപ്പുതോന്നുന്ന ഒരു അമ്മയുണ്ടോ? അല്ലെങ്കിൽ, കഥപറച്ചിലിനെ കുഞ്ഞു വിഘാതപ്പെടുത്തുന്നതിൽ ഒരമ്മ പരാതിപ്പെടുമോ? ഒരിക്കലുമില്ല. വിവേകമുള്ള ഒരു മാതാവ് അതെപ്പററി ഗൗനിക്കുകയില്ല, തൻെറ ഏകസന്താനമായ ആ കുഞ്ഞു് അതുവഴി സന്തോഷവാനും സംതൃപ്തനമായിത്തീരുമെങ്കിൽ.

ഒരു മാതാവിനെക്കാശം അനന്തമായവിധത്തിൽ ദൈവം സ്നേഹയോഗ്യനാണു്. നമ്മുടെ അസ്ഥിരതകളെക്കുറിച്ചു് അവിടുത്തേക്കു സൂക്ഷ്മമായ അറിവുണ്ടു്. അവിടുത്തെസ്സംബന്ധിച്ചിടത്തോളം നാമെല്ലാം കുഞ്ഞുങ്ങശ മാത്രം. പ്രാർത്ഥനയിൽ അവിടുത്തോടു സംസാരിക്കുന്നതിനും അവിടുത്തെ ശ്രവിക്കുന്നതിനും നാം പരിശ്രമിക്കുന്നു. എന്നാൽ, ഭാവന നമ്മെ അതിൽനിന്നു് അകററുന്നു. നമ്മുടെ സ്വർഗ്ഗീയപിതാവിനോടു സംസാരിച്ചുകൊണ്ടിരുന്ന വിഷയത്തെ ഓർക്കുക അതു് ഏറെക്കുറെ അസാദ്ധ്യമാക്കിത്തീർക്കുന്നു. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ, നമ്മുടെ മനസ്സിനെ കൈയടക്കുന്ന കാര്യങ്ങളെക്കുറിച്ചുതന്നെ ദൈവത്തോടു സംഭാഷിക്കുക വളരെ പ്രയോജനകരമായ മാർഗ്ഗമാണു്. കുഞ്ഞിൻെറ ഹിതമ

നസരിച്ചു വ്യാപരിക്കുന്നതിന് ഒരു മാതാവു സന്തോഷത്തോടേ തയ്യാറാകുന്നു. അവനെ സന്തോഷിപ്പിക്കുന്ന കാര്യങ്ങൾ തൻെറ • സംഭാഷണവിഷയമാക്കാനും അവൾ ഉത്സുകയാണ്. തൻെറ മക്കളെസ്സംബന്ധിക്കുന്നവയെല്ലാം സ്വർഗ്ഗസ്ഥനായ പിതാവിനേയും സ്പർശിക്കുന്നു. കാരണം, തൻെറ കുഞ്ഞുമക്കളെ അവിടുന്ന് അത്യധികം സ്നേഹിക്കുന്നു. എനിക്കു ലഭിക്കുന്ന സുവാർത്തകൾ, രാത്രിയിലെ നിദ്രാരാഹിത്യം, എൻെറ ക്ഷോഭം, താല്ക്കാൽനഷ്ടം, കാരണംകൂടാതെയുള്ള അരോചകത്വവും മനോവേദനയും, ഇങ്ങനെ എൻെറ സുഖദുഃഖങ്ങളെല്ലാം അവിടുത്തേയും സ്പർശിക്കുന്നു. അവിടുത്തേക്ക് എൻെറ കാര്യങ്ങളിൽ താൽപര്യമുണ്ടായിരിക്കെ എന്തുകൊണ്ട് അവയെപ്പററി അവിടുത്തോടൊന്നിച്ചു ചർച്ച ചെയ്തുകൂടാ? ആ ചർച്ച അന്യവിചാരത്തെ പ്രാർത്ഥനയായി മാററുക എന്നതല്ലാതെ മറെറന്താണ്?

മോചിക്കപ്പെട്ട പാപങ്ങളെക്കുറിച്ചും ഭയംകൂടാതിരിക്കരുത്. എന്തുകൊണ്ടെന്നാൽ, അവയുടെ പരിഹാരക്കടം പാപമോചനാനന്തരവും അവശേഷിക്കുന്നു. മാത്രമല്ല, നമ്മുടെ ബലഹീനതകളേയും പ്രലോഭനങ്ങളുടെ പ്രേരകശക്തിയേയുംപററി ചിന്തിക്കുമ്പോൾ, ആ പാപങ്ങൾ ഇനിയും ആവർത്തിക്കപ്പെടാമെന്നും അങ്ങനെ, അനുതപിക്കുന്നതിന് അവസരം കിട്ടാതെ മരിക്കത്തക്ക വിപത്തിൽ നിപതിക്കുവാനിടയുണ്ടെന്നും മനസ്സിലാക്കുമ്പോൾ, പാപാവസ്ഥയിലായിരുന്നപ്പോൾ നിത്യനാശത്തോട് എത്രമാത്രം നാം അടുത്തായിരുന്നുവെന്നു ഗ്രഹിക്കുമ്പോൾ തീർച്ചയായും നമുക്കു ബോധപ്പെടും, ഭ

യത്തോടും വിറയലോടുംകൂടി നമ്മുടെ നിത്യരക്ഷയ്ക്കു യത്നിക്കുക എത്രയോ ആവശ്യകമാണെന്ന്.

## ക്രിസ്തു നമ്മുടെ വിധികർത്താവ്

എല്ലാം നിഷ്കൃഷ്ടമായി പരിശോധിക്കുന്ന നിത്യ വിധിയാളന്റെ പക്കൽ നാം എന്തു സമാധാനം നല്കും, അവിടുത്തെ അനുഗ്രഹങ്ങളെ ആവർത്തിച്ചാവർത്തിച്ചു നാം ദുർവിനിയോഗിച്ചതിനു? അനുതാപത്തിന്റെ കൂദാശയെ ഒരു "സൗകര്യം" മാത്രമായി കരുതിയ നമ്മുടെ ധാർഷ്ട്യത്തിനു? മററുള്ളവരുടെ പാപങ്ങൾക്കു കാരണക്കാരായ നാം അവയ്ക്കു് എന്തു് ഒഴികഴിവു പറയും? നമ്മുടെ ദുർമ്മാതൃകയും പ്രോത്സാഹനവും നിർദ്ദേശങ്ങളുംനിമിത്തം, ചിലർ പാപം ചെയ്തിട്ടുണ്ടാവും; ചിലരെ അവർക്കു് അറിവില്ലാതിരുന്ന പാപമാർഗ്ഗങ്ങളെ നാം പഠിപ്പിച്ചിരിക്കാം. ഉതപ്പ് എന്ന പാപം, അനീതിയെന്ന പാപത്തെപ്പോലെ, മരണസമയത്തു വലിയ മനഃക്ലേശങ്ങൾക്കു കാരണമാകാതിരിക്കുകയില്ല. കാരണം, ഒരുവൻ ആ പാപങ്ങളെക്കുറിച്ച് എത്രമാത്രം അനുതപിച്ചാലും അവ വിതച്ച വിനകളെ തിരിച്ചെടുക്കുവാൻ അവനു സാധിക്കുകയില്ല. ഇവയെല്ലാം അത്ര സന്തോഷജനകമായ ചിന്തകളല്ലെങ്കിലും ഹൃദയപൂർവ്വം അനുതപിക്കുവാൻ അവസരമുള്ളപ്പോൾ അവയെ മനസ്സിൽ ആഴമായി പതിക്കുക നല്ലതാണു്.

ആശ്വാസകരമായ വേറൊരുവശമുണ്ടു്: അനുതാപത്തിന്റെ കൂദാശ സ്ഥാപിച്ചതിൽ ക്രിസ്തുനാഥൻ പ്രദ

ശിപ്പിച്ച അനന്തമായ കാരുണ്യത്തെ അതു പ്രകാശിപ്പിക്കുന്നു. കാരണം, യാതൊരു കറയും അവശേഷിക്കാത്തവിധം മഹാപാതകങ്ങളിൽനിന്നുപോലും ആത്മാവു നിർമ്മലമാക്കപ്പെടുന്ന അരുവിയാണതു്. ആത്മാവു നന്മയിൽ അടിയുറച്ചതായിക്കൊള്ളട്ടെ, ദീർഘകാലം അവിടുത്തെ കാരുണ്യത്തെ ദുർവിനിയോഗിച്ചതായിക്കൊള്ളട്ടെ, അനേകരെ തെററിച്ചതായിക്കൊള്ളട്ടെ, നിഷ്കളങ്കമായ പശ്ചാത്താപത്തോടും വിനയത്തോടും കൂടി ക്രിസ്തുനാഥൻെറ പദാന്തികത്തിൽ പ്രണമിക്കുന്നെങ്കിൽ, ഉടൻ പരിപൂർണ്ണമായ പാപവിമോചനം അതിനു ലഭിക്കും. പാപത്തിൻെറ വീർപ്പുമുട്ടിക്കുന്ന ഭാരത്തെ തള്ളിനീക്കി ആത്മാവിനെ രക്ഷിക്കുവാൻ ഈ കൂദാശയ്ക്കുള്ള അത്ഭുതകരമായ ശക്തിക്കു് എല്ലാക്കാലങ്ങളിലേയും ജനങ്ങൾ സാക്ഷ്യം നല്കുന്നുണ്ടു്.

ഒരു അക്രൈസ്തവൻ, തൻെറ കുമ്പസാരം കേൾക്കുവാൻ ഒരു വൈദികനോടു് അപേക്ഷിച്ചതായി കേട്ടിട്ടുണ്ടു്. തൻെറ ഹൃദയരഹസ്യം പരിപൂർണ്ണമായും സുരക്ഷിതമായി കാത്തുകൊള്ളുമെന്നു തനിക്കു വിശ്വാസമുള്ള ഒരാളിൽ തൻെറ പ്രത്യാശമുഴുവനും നിക്ഷേപിക്കുവാൻ അയാൾ ഇച്ഛിച്ചു! യഥാർത്ഥപാപവിമോചനം പ്രാപിക്കുക എത്രയോ ഉത്തമം!

പാപവും നരകശിക്ഷയും ഏററം ഭയാനകവും സംഭവ്യവുമാണെന്ന വസ്തുത എപ്പോഴും കൺമുൻപാകെ വച്ചുകൊണ്ടു്, അവയെ ഭയപ്പെടുക ഉത്തമമാണു്. എന്നാൽ, സമാശ്വാസമേകുന്ന വശത്തേക്കുകൂടി മനസ്സിനെ തിരിക്കുന്നതു നന്നായിരിക്കും. മനസ്താപപൂർവ്വം കു

നുസാരിച്ച പഴയപാപങ്ങളെക്കുറിച്ച്, ദൈവത്തിന്റെ ന്യായാസനത്തിങ്കൽ പിശാചു നമ്മെ കുററപ്പെടുത്തുന്നെന്ന കരുതുക. ആ പാപങ്ങൾ എത്ര നികൃഷ്ടങ്ങൾ ആയിരുന്നാലും ദിവ്യന്യായാധിപൻ പ്രസ്താവിക്കും, അവയെക്കുറിച്ചു കുററപ്പെടുത്താനുള്ള സമയം കഴിഞ്ഞുപോയി എന്ന്; അവയെക്കുറിച്ചു വിധിത്തീർപ്പു പ്രഖ്യാപിച്ചുകഴിഞ്ഞു എന്ന്. ക്രിസ്തുവിന്റെ അനന്തവും അക്ഷയവുമായ കരുണ ഒന്നുമാത്രമല്ലായിരുന്നെങ്കിൽ ആ വിധിവാചകം, "ശപിക്കപ്പെട്ടവനേ, നിത്യനരകാഗ്നിയിലേക്കു പോകുക" എന്നായിരുന്നേനെ. എന്നാൽ, മനസ്തപിച്ചു പാപവിമോചനം തേടുന്നെങ്കിൽ ആ വിധിവാചകം ഒരിക്കലും ശ്രവിക്കേണ്ടിവരുകയില്ലെന്ന പരമാർത്ഥം പാപിയുടെ ഹൃദയത്തെ കൃതജ്ഞതാതിരേകത്താൽ പിളർക്കുവാൻ പര്യാപ്തമാണ്. ദുഷ്ടാരൂപി പഴയപാപങ്ങളെ എടുത്തുകാണിച്ച് ഒരു ആത്മാവിനെ കുററപ്പെടുത്തുന്നെങ്കിൽ ദിവ്യന്യായാധിപൻ അരുൾചെയ്യും, ആ ആത്മാവു വളരെ മുൻപുതന്നെ തന്റെ അമൂല്യരക്തത്തിന്റെ നീർച്ചാലിൽ നിർമ്മലമാക്കപ്പെട്ടു കഴിഞ്ഞുവെന്ന്; ആ ആത്മാവിനെക്കുറിച്ചു വിധി പ്രസ്താവിച്ചു കഴിഞ്ഞു, അതു പിൻവലിക്കുക സാധ്യവുമല്ല എന്ന്. പാപികളുടെ ഒരു ഉററമിത്രത്തിന്റെ വിധിത്തീർപ്പാണിതു്: "ഞാൻ നിന്റെ പാപങ്ങൾ മോചിക്കുന്നു. മകനേ, സമാധാനത്തോടേ പോവുക; നിന്റെ പാപങ്ങൾ നിന്നോടു ക്ഷമിക്കപ്പെട്ടിരിക്കുന്നു."

*    *    *

നരകമുണ്ടെന്നു സങ്കല്പിക്കുക, തൽക്കാലത്തേക്കുമാത്രമെങ്കിലും. മരിച്ചു നരകത്തിൽ അടക്കപ്പെട്ട ധനികൻെറ ഉപമ ഒരു യഥാൎത്ഥസംഭവമാണെന്നും കരുതുക. അങ്ങനെയെങ്കിൽ, ആ ഹതഭാഗ്യൻ തന്നിക്കു ചുററുമുള്ള അഗ്നിയുടെ ജ്വാലകളിൽപ്പെട്ടു കഠിനവേദനയനുഭവിക്കുകയാണു്. അവൻ വേദനയാൽ നിലവിളിക്കുന്നു, ചിത്തഭ്രമം പിടിപെട്ടവനെപ്പോലെ! "ഞാൻ കഠിനമായി പീഡിപ്പിക്കപ്പെടുന്നു!"

ആ ധനികൻ അസഹനീയമായ ദാഹത്താൽ വലഞ്ഞു. അയാൾ അത്യാഗ്രഹത്തോടു് അപേക്ഷിക്കുകയാണു്, ലാസർ തൻെറ വിരലിൻെറ അഗ്രം വെള്ളത്തിൽ മുക്കി അവൻെറ പൊരിയുന്ന നാവിൽ തൊടുവാൻ അനുവദിക്കണമേ എന്നു്. മുൻപു ലോകത്തിൽവച്ചു താൻ പുച്ഛിച്ചു പുറംതള്ളിയ ആ ലാസർ അനുഭവിക്കുന്ന നിത്യാനന്ദത്തെക്കണ്ടു് അയാൾ അസൂയപ്പെടുന്നു. എല്ലാത്തിലും പരിതാപകരം അയാളുടെ കടുത്തനിരാശയാണു്. തൻെറ ദുരിതങ്ങൾ അല്പമെങ്കിലും ശമിക്കുമെന്നോ ഒരിക്കലെങ്കിലും അവസാനിക്കുമെന്നോ ആശിക്കുവാൻ യാതൊരു വഴിയുമില്ലെന്നു് അയാൾക്കറിയാം. "ഇവയ്ക്കെല്ലാം പുറമേ, ഞങ്ങൾക്കും നിങ്ങൾക്കുംമദ്ധ്യേ ഒരു ഗംഭീരഗൎത്തവും സ്ഥാപിക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ടു്, ഇവിടെനിന്നു നിങ്ങളുടെ അടുക്കലേക്കു കടക്കുവാനും അവിടെനിന്നു ഞങ്ങളുടെ പക്കലേക്കു വരുവാനും ആർക്കും സാധിക്കുകയില്ല."

## അത്യാഹിതം!

നിത്യമായി നശിച്ചുപോകുന്ന ഒരു ആത്മാവ് അനുഭവിക്കേണ്ട പീഡകളുടെ ഒരു വിവരണം മാത്രമാണിത്. ഈ അത്യാഹിതത്തെ മാടിവിളിക്കുന്നവരുടെ ബുദ്ധിശൂന്യതയെ വിവരിക്കുവാൻ വാക്കുകൾ എവിടെ? മഴക്കാറുള്ള ഒരു ദിവസം പട്ടണത്തിലേക്കു നടന്നുപോകാൻ ഇടയാകുന്നെങ്കിൽ നിങ്ങൾ തീർച്ചയായും കുടയെടുക്കാതിരിക്കുകയില്ല. ഒരുപക്ഷേ, മഴ പെയ്യുകയില്ലായിരിക്കാം. എന്നാൽ, ചുററുപാടുകൾ വീക്ഷിക്കുമ്പോൾ മഴയുണ്ടാകാൻ സാദ്ധ്യതയുണ്ട്. നനയുവാൻ നിങ്ങൾ തയ്യാറില്ല. കുത്തുന്ന ഒരു കാളയോ, ഒരു പേപ്പട്ടിയോ വഴിയരികിലുണ്ടെന്നറിഞ്ഞാൽ, അതിലേ പോകുവാൻ നിങ്ങൾ തുനിയുകയില്ല. ആ ക്രൂരജന്തു നിങ്ങളെ ഒരുപക്ഷേ ആക്രമിക്കുകയില്ലായിരിക്കാം. എന്നാൽ, തക്കകാരണംകൂടാതെ ആ അപകടത്തിൽച്ചെന്നു ചാടുവാൻ നിങ്ങൾ അത്ര വിഡ്ഢിയൊന്നുമല്ല. നരകം വെറും സങ്കല്പം മാത്രമായിരുന്നാൽത്തന്നേയും, നരകത്തിലേ പീഡകൾ സംഭവ്യങ്ങൾമാത്രമായിരുന്നാൽത്തന്നേയും, അങ്ങനെയൊരു അത്യാഹിതത്തിനുള്ള സാദ്ധ്യത വരുത്തിവയ്ക്കുക മഴഭ്രാന്തായിരിക്കും. കുടകൂടാതെ കാൽനടയായി സഞ്ചരിക്കുന്നതിനേയും കുത്തുന്ന കാളയും കടിക്കുന്ന പട്ടിയും ഉള്ള ആ വഴിയേകൂടി പോകുന്നതിനേയും കാൾ എത്ര വളരെ വലിയ വിപത്താണത്.

നരകം വെറും സങ്കല്പമായിട്ടാണ് ഇതുവരെ നാം ചർച്ച്ചെയ്തത്. എന്നാൽ, നരകം ഒരു സങ്കല്പമല്ല. നര

കത്തിൻെറ അസ്തിത്വത്തെക്കുറിച്ചു ക്രിസ്തുനാഥൻെറ സാക്ഷ്യമുണ്ട്. ആ ധനികൻെറ നിത്യദുരിതത്തെ അവയുടെ തനിനിറത്തിൽ ദൈവസുതൻ നമുക്കു ചിത്രീകരിച്ചു തരുന്നു. നരകത്തെ സങ്കല്പമാത്രമായ ഒരു ഭയാനകസത്വമായി പരിഗണിക്കുവാൻ ആഗ്രഹിക്കുന്ന വളരെപ്പേരെ നമുക്കു കാണുവാൻ സാധിക്കും; തീർച്ചയാണ്. പ്രവാചകന്മാരെന്നു സ്വയം അഭിമാനിക്കുന്ന ഇക്കൂട്ടരുടെ വ്യർത്ഥമായ ജല്പനങ്ങൾക്കെതിരേ ക്രിസ്തുനാഥൻെറ തെളിവുററ, സംശയരഹിതമായ, പ്രബോധനങ്ങൾ നിലകൊള്ളുന്നു. ആ പ്രബോധനങ്ങൾ എത്ര ഭയജനകമല്ല! കുറഞ്ഞതു്, ഇരുപത്തേഴു പ്രാവശ്യം നരകമുണ്ടെന്നും അതിലേ ദുരിതങ്ങൾ നിത്യമാണ്—അവിടെ അവരുടെ പുഴു ചാകുന്നില്ല, അവരുടെ തീ കെടുന്നുമില്ല—എന്നും അവിടുന്ന് അരുൾചെയ്തിട്ടുണ്ട്.

പിൽക്കാലത്തു പ്രശസ്തനായ പുരോഗമനവാദിയായി പരിണമിച്ച ഒരാൾ ഒരു സ്നേഹിതനോട് ഒരിക്കൽ പറയുകയുണ്ടായി: "നരകത്തിൻെറ അസ്തിത്വത്തെ ഒരുവന് അവിശ്വസിക്കുവാൻ സാധിക്കുമെങ്കിൽ, സുവിശേഷത്തെ മുഴുവനും എടുത്തു ദൂരെയെറിയുവാൻ അയാൾക്കു കഴിയും. ക്രിസ്തുവിൻെറ അധരങ്ങൾ നരകത്തെക്കുറിച്ചല്ലാതെ മററൊന്നിനേയുംകുറിച്ച് ഇത്രശക്തമായ ഭാഷയിൽ സംസാരിച്ചിട്ടില്ല. സുവിശേഷത്തെ മുഴുവനും നിരാകരിക്കാതെ നരകത്തിൻെറ അസ്തിത്വത്തെ അവിശ്വസിക്കുക സാധ്യമല്ല."

*    *    *

## എനിക്ക്

ഒരു പാർസലിനകത്തുള്ളതെന്തെന്ന് അറിവില്ലെങ്കിൽ, അതു തുറക്കുവാൻ നമുക്ക്—കൊച്ചുകുട്ടികൾക്കാണെങ്കിൽ പ്രത്യേകിച്ചും—എന്തൊരു ഔത്സുക്യമായിരിക്കും! വിവേകിയായ ഒരു പിതാവു തൻെറ മൂത്തമകൻെറ ആറാമത്തേ ജന്മദിനത്തിൽ ഒരു പൊതിക്കെട്ടു കൊണ്ടുവന്ന് അവനു സമ്മാനിക്കുന്നു. ആ കുട്ടിയിൽ അതിൻെറ പ്രത്യാഘാതമെന്തായിരിക്കുമെന്ന് അയാൾക്കറിയാം. അപ്പോൾ, ആ കുഞ്ഞിൻെറ നയനങ്ങൾ ആനന്ദകിരണങ്ങളാൽ പ്രകാശിതങ്ങളാകും. ജിജ്ഞാസയോടേ അവൻ കെട്ട് ഉയർത്തിക്കളഞ്ഞു് അതു തുറക്കുവാൻ ശ്രമിക്കുന്നു. സാധിച്ചില്ലെങ്കിൽ, കെട്ടു വലിച്ചു പൊട്ടിക്കുവാൻ ശ്രമിക്കുകയായി. അതും ഫലപ്പെട്ടില്ലെങ്കിൽ, കത്തിയോ കത്രികയോ അന്വേഷിക്കും. അല്ലെങ്കിൽ, തുറന്നുകൊടുക്കുവാൻ പിതാവിനെയോ മാതാവിനെയോ ഏല്പിക്കും. ഈ സമയമെല്ലാം, ആ പൊതിയിലുള്ള സാധനങ്ങൾ കണ്ടു് ആസ്വദിക്കുവാൻ ആകാംക്ഷയും പ്രേരണയും അവനിൽ പ്രവർത്തിക്കുന്നു.

കെട്ടുകളഴിച്ചു പിതാവു് ആ സമ്മാനം പുറത്തെടുക്കുന്നുവെന്നു വിചാരിക്കുക. ആ കുഞ്ഞു പിതാവിൻെറ പക്കൽ ഓടിയടുത്തു പറയും, സ്നേഹവും കൃതജ്ഞതയും നിറഞ്ഞു തുളുമ്പുന്ന നയനങ്ങളോടേ, "എനിക്ക്" എന്നു്. ആ കുഞ്ഞിനറിയാം അതു തനിക്കാണെന്നു്. എന്നാൽ, അതവനു തീർച്ചപ്പെടുത്തണം. അവനോടുറപ്പിച്ചുപറയുവാൻ പിതാവിനു സന്തോഷമേ ഉള്ളൂ. "അതേ, മക

ന്നേ, അതു നിനക്കുതന്നെ; നിനക്കു പിറന്നാളിന്റെ സമ്മാനം." പിതാവിന്റെ ഈ പ്രസ്താവന കേട്ടു കുഞ്ഞു തുള്ളിച്ചാടി സന്തോഷിക്കും; പിതാവിന്റെ കൈകളിൽ കെട്ടിപ്പിടിച്ചു തന്റെ സന്തോഷാതിരേകത്തെ പ്രകാശിപ്പിക്കും.

സമ്മാനം കിട്ടുമെന്നു പ്രത്യാശ, അതു കണ്ടപ്പോഴുള്ള ആനന്ദം, സമ്മാനം തനിക്കുതന്നെയെന്ന് ഉറപ്പായപ്പോൾ സംതൃപ്തി—ഇവമൂന്നുമാണ് ആ പൊതി ആ കുഞ്ഞിലുണ്ടാക്കിയ പ്രത്യാഘാതങ്ങൾ അഥവാ, ഭാവഭേദങ്ങൾ.

ആ പിതാവിന്റെ സ്നേഹം, സ്വർഗ്ഗസ്ഥനായ പിതാവിനു നമ്മോടുള്ള സ്നേഹത്തിന്റെ ഒരു മങ്ങിയ നിഴൽ മാത്രമാണ്. കൊടുക്കുക സ്നേഹത്തിന്റെ സ്വഭാവമാണ്. തന്റെ ഏകജാതനെത്തന്നെ ലോകത്തിനു നല്കുവാൻമാത്രം, അത്രയധികം ദൈവം ലോകത്തെ സ്നേഹിച്ചു. ദൈവപുത്രനും നമ്മെ സ്നേഹിച്ചില്ലേ? തന്റെ വിശിഷ്ടദാനങ്ങൾ നല്കിക്കൊണ്ടു തനിക്കു നമ്മോടുള്ള സ്നേഹത്തെ അവിടുന്നു വ്യക്തമാക്കുകയും ചെയ്തില്ലേ? ഉത്തരം നമുക്കറിയാം, ആ കുട്ടിക്കറിയാമായിരുന്നതുപോലെ. എന്നാൽ, അതു സജീവമായി നമ്മുടെ മനസ്സിൽ പതിയുന്നതിനുവേണ്ടി, ദൈവസുതൻ മരണം കൈവരിക്കുന്ന ആ കുരിശിൻചുവട്ടിൽ മറിയത്തോടൊത്തു നാമും നില്ക്കുന്നതു വളരെ നല്ലതാണ്. പ്രവാചകനോടുകൂടെ അവിടുന്നും ചോദിക്കുന്നതായി തോന്നിപ്പോകുന്നു: "എന്റെ മുന്തിരിത്തോപ്പിൽ ഞാൻ ചെയ്യുവാൻ കടപ്പെട്ടിരുന്നവയിൽ ഇനി എന്താണു ചെ

യ്യാതെയുള്ളതു്?" അവിടുന്നു വന്നു്, നമ്മുടെ മദ്ധ്യേ വാസമുറപ്പിച്ചു; അവിടുത്തെ ദിവ്യജീവനിലുള്ള ഭാഗഭാഗിത്വമാകുന്ന പ്രസാദവരവും അതിൻെറ ചാലുകളാകുന്ന ഏഴു കൂദാശകളും അവിടുന്നു നമുക്കു നല്കി. അന്ത്യഭോജനവേളയിൽ അവിടുന്നു വി. കർബ്ബാന സ്ഥാപിക്കുകയും താൻ ചെയ്തതിനെ തുടർന്നുകൊണ്ടുപോകുന്നതിനു തൻെറ പുരോഹിതന്മാർക്കു് അധികാരം നല്കുകയും ചെയ്തു. കാൽവരിക്കുന്നിലെ മരണത്തിലവസാനിച്ച പീഡാസഹനം വഴിയായും അവിടുന്നു് ഉദാരമായ ദാനങ്ങൾ നമുക്കു നല്കി.

## "കണ്ടാലും, നിൻെറ അമ്മ"

നമുക്കു നല്കുവാൻ ഇനി അവിടുത്തേക്കു് എന്തെങ്കിലുമുണ്ടോ? ഉണ്ടു്; ക്രിസ്തുനാഥൻെറ കുരിശിനുസമീപേ നില്ക്കുന്ന അവിടുത്തെ വത്സലമാതാവിനെ. അവളെ നല്കുവാൻ അവിടുത്തേക്കുമാത്രമേ അവകാശമുള്ളു. വി. യോഹന്നാനും അദ്ദേഹംവഴി, സ്വർഗ്ഗീയപിതാവിൻെറ സന്താനങ്ങൾ എല്ലാവർക്കും അമ്മയായി അവളെ അവിടുന്നു നല്കി. "കണ്ടാലും, നിൻെറ അമ്മ."

അധഃപതനാനന്തരം, അന്ധകാരപൂർണ്ണമായ ആ നീണ്ട നൂററാണ്ടുകളിൽ, വാഗ്ദാനം ചെയ്യപ്പെട്ട രക്ഷകനെ പ്രസവിക്കുവാനിരുന്ന ഈ കന്യകയുടെ വരവിനെ ആകാംക്ഷയോടേ മനുഷ്യഗണം പാർത്തിരുന്നു. തങ്ങളുടെ അഭിലാഷം ഒരിക്കൽ ഫലമണിയുമെന്നു് അവർക്കു നിശ്ചയമുണ്ടായിരുന്നു; അതു് അവർക്കു് ആശ്വാസപ്രദവുമായിരുന്നു. അന്ധകാരം നീങ്ങി. പന്ത്ര

ണ്ടു നക്ഷത്രങ്ങളെ ശിരോമകുടമായും സൂര്യനെ വസ്ത്രമായും അണിഞ്ഞിരിക്കുന്നവളും ചന്ദ്രനെ പാദപീഠമാക്കിയിരിക്കുന്നവളുമായ, ആ കന്യക അവസാനം ലോകത്തിൽ ആവിർഭവിച്ചു. ക്രിസ്തുനാഥൻ പറയുന്നു: "ഇതാ, അവൾ! അവളെ വീക്ഷിച്ചാലും. അവളുടെ വിമലാത്മാവിൻെറ അനിർവചനീയമായ മനോഹാരിതയെ നീണ്ടനേരം സൂക്ഷിച്ചുവീക്ഷിക്കുവിൻ. ആ സൗന്ദര്യത്തിൻെറ ദർശനം നിങ്ങളുടെ ഹൃദയങ്ങളെ സന്തോഷസമൃദ്ധിയാൽ നിറയ്ക്കട്ടെ. "അവളെ വീക്ഷിക്കുവിൻ."

അതേ, മുൻപേതന്നെ പ്രത്യാശ; നിർമ്മലയും വരപ്രസാദപൂർണ്ണയുമായ അവളെ ദർശിച്ചപ്പോൾ ആനന്ദം; ഈശോയുടെ വിസ്മയാവഹമായ ഈ സമ്മാനം എനിക്കാണെന്നു തീർച്ചയായി അറിഞ്ഞപ്പോൾ സംതൃപ്തി. "എൻേറതു്!" മറിയത്തെ വീക്ഷിക്കുമ്പോൾ എൻെറ അമ്മയാണു് അവൾ എന്നു ഞാൻ സ്മരിക്കണം. "കണ്ടാലും, നിൻെറ അമ്മ." സ്വർഗ്ഗസ്ഥനായ പിതാവു തൻെറ നിസ്സീമസ്നേഹത്തിൻെറ അടയാളമായി തൻെറ പ്രിയസുതൻവഴി മറിയത്തെ നമുക്കു നല്കി. കാൽവരിയിൽവച്ചു്, പിറന്നാൾസമ്മാനമായി ഈ ദാനം നല്കപ്പെട്ടു. കാരണം, മറിയത്തിൻെറ എല്ലാ മക്കളും ആ കുന്നിലേക്കു് അവളെ അനുഗമിക്കുകയും അവിടെ മരണം കൈവരിച്ചു്, ഒരു പുതിയ ജീവിതത്തിലേക്കു പ്രവേശിക്കുകയും ചെയ്യണം.

ആധുനികയുഗത്തിൽ നിരവധി സ്ത്രീപുരുഷന്മാർ മറിയത്തിൽനിന്നു് അധികമൊന്നും പ്രതീക്ഷിക്കുന്നില്ല! അവർ അവളെ വീക്ഷിക്കുന്നില്ല! കാരണം, അവരുടെ

കണ്ണുകൾ വഴിപിഴച്ചുപോകുകയും മറിയത്തിന്റെ വിമലഹൃദയത്തിൽനിന്നു തങ്ങളെ അവശ്യം അകററുന്ന അനുഗ്രഹങ്ങളാൽ മങ്ങിപ്പോവുകയും ചെയ്തിരിക്കുന്നു. അവർ തങ്ങളുടെ അമ്മയാണെന്ന വസ്തുത അവർ വിസ്മരിച്ചുകളയുന്നു. ദൈവത്തിന്റെ ഈ മഹാദാനത്തെ അവർ വിലമതിക്കുന്നില്ല. എന്തുകൊണ്ടെന്നാൽ, ഭൗമികമായവ അവർ അഭിലഷിക്കുന്നു; അവമാത്രമേ അവർ അഭിലഷിക്കുന്നുള്ളു. ക്രിസ്തുനാഥൻ പറയുന്നു: "ഭൗമികകാര്യങ്ങളെക്കുറിച്ചു ഞാൻ നിങ്ങളോടു സംസാരിച്ചിട്ടു നിങ്ങൾക്കു മനസ്സിലാകുന്നില്ലെങ്കിൽ സ്വർഗ്ഗീയകാര്യങ്ങളെക്കുറിച്ചു ഞാൻ നിങ്ങളോടു സംസാരിച്ചാൽ നിങ്ങൾക്ക് എങ്ങനെ മനസ്സിലാകും?" അതേ, പ്രകാശത്തെക്കാൾ കൂടുതലായി അന്ധകാരത്തെ അവർ ഇഷ്ടപ്പെടുന്നു.

ചുരുക്കത്തിൽ, ഇതാണ് ഇന്നത്തേ ലോകത്തിനു പിണഞ്ഞിരിക്കുന്ന തകരാറ്—അതായത്, ദൈവദൃഷ്ടിയിൽ മറിയത്തിനുള്ള സ്ഥാനമാഹാത്മ്യത്തെ മനുഷ്യർ ഗ്രഹിക്കുന്നില്ല. ദൈവത്തിങ്കലേക്കും ക്രിസ്തുവിങ്കലേക്കും പിന്തിരിയുവാനുള്ള മാർഗ്ഗം മറിയത്തിൽമാത്രമേ അവർ കണ്ടെത്തൂ. അതു കണ്ടെത്തുന്നതുവരെ അവരുടെ കാലുകൾ ഇടറും; അവർ വീഴുകയും ചെയ്യും.

കത്തോലിക്കർക്കെങ്കിലും പ്രത്യാശയുണ്ടായിരിക്കണം. മറിയത്തിൽനിന്നു പ്രതീക്ഷിക്കുന്നവയ്ക്ക് അവർ പരിധി നിർണ്ണയിക്കരുതു്. കത്തോലിക്കർ കാണണം; അതായതു്, അവർ തങ്ങളുടെ ദൃഷ്ടികൾ മറിയത്തിൽനിന്നു മാററരുതു്. അവളിൽനിന്നു ദൃഷ്ടികൾ തിരിച്ചുകളഞ്ഞുവെങ്കിൽ ഒരിക്കൽക്കൂടി അവയെ അവളിൽ സ്ഥി

രമായി ഉറപ്പിക്കണം. മറിയത്തെ തങ്ങൾക്ക് അമ്മയായി ലഭിച്ചതിൽ കത്തോലിക്കർ സംതൃപ്തികൊള്ളണം. അവൾ നമ്മുടെ അമ്മയായതിനാൽ നമ്മുടെ സ്വന്തവുമാണ്. ക്രിസ്തുനാഥൻ അപ്രകാരം പ്രസ്താവിച്ചിരിക്കുന്നു. അവിടുത്തെ അന്തിമാഗ്രഹം ഇതായിരുന്നു: നാം മറിയത്തിന്റെ മക്കൾക്കു യോജിച്ചവിധം ജീവിക്കണം.

ആകയാൽ, ദിവ്യനാഥന്റെ ആഗ്രഹമനുസരിച്ച്, ആ അമ്മയുടെ ഉത്തമമക്കളായി ജീവിക്കുകയും, എല്ലാം ആ അമ്മവഴിയും ആ അമ്മയോടുകൂടിയും ആ അമ്മയ്ക്കു വേണ്ടിയും ചെയ്യുന്നതിനു ശ്രമിക്കുകയും ചെയ്യാം.

*　　　*　　　*

## ആനന്ദപൂർവ്വകമായ സഹനം

പതിനാറുവയസ്സുള്ള ജിമ്മി, നഗരത്തിലുള്ള ഒരാശുപത്രിയിൽ രോഗിയായി കിടക്കുകയാണ്. അവന് ഒരു വലിയ അഭിലാഷം—സുഖം പ്രാപിച്ച് ഒരു പുരോഹിതനും മിഷനറിയുമായിത്തീരുക. ഒരു ദിവസം, ഡോക്ടർ ജിമ്മിയുടെ പക്കൽ വന്നു. അയാളുടെ മുഖഭാവം ആപൽസൂചകമായി ജിമ്മിക്കു തോന്നി. ഡോക്ടർ, "സിസ്റ്ററിനെ" വിളിച്ച് അകലെ മാറിനിന്നു താഴ്ന്ന സ്വരത്തിൽ എന്തോ സംസാരിച്ചു. സിസ്റ്റർ വീണ്ടും ജിമ്മിയുടെ പക്കലെത്തി. ഭയജനകമായ ഒരു വാർത്തയാണ് അവൾക്ക് അറിയിക്കുവാനുള്ളത്. ജിമ്മിയുടെ ജീവൻ രക്ഷിക്കുവാൻ ഏകമാർഗ്ഗം ശസ്ത്രക്രിയയാണ്. അതായത്, അവന്റെ കാൽ ഛേദിച്ചുകളയണം. അതിന്റെ ഭയാനകത്വം സാവകാശമേ അവൻ മനസ്സിലാക്കിയു

ള്ളൂ. അതു ഗ്രഹിച്ചുകഴിഞ്ഞപ്പോൾ ആ മുഖം മ്ലാനമായി; അവൻ വിങ്ങിവിങ്ങി കരഞ്ഞു. അവന്റെ ആശ ക്രമ്പടയുന്നു. പൗരോഹിത്യവുമില്ല!, വേദപ്രചാരവേലയുമില്ല! ഒരു മുടന്തനായി ജീവിതശിഷ്ടം കഴിക്കുക!

മണിക്കൂർ ഒന്നു കഴിഞ്ഞു. സിസ്റ്റർ വീണ്ടും വന്ന് അവനെ കണ്ടു. അവൻ ആകെ വ്യത്യാസപ്പെട്ടിരിക്കുന്നതുകണ്ട്, ആ സിസ്റ്റർ അത്ഭുതപ്പെട്ടു. സന്തോഷം സ്ഫുരിക്കുന്ന നയനങ്ങളോടും സുസ്മേരവദനത്തോടുംകൂടി അവൻ സിസ്റ്ററിനെ അഭിവാദനം ചെയ്തു. "സിസ്റ്റർ!" അവൻ മന്ത്രിച്ചു: "ഞാൻ എല്ലാം മനസ്സിലാക്കുന്നു. ദീർഘകാലം ഞാൻ ഈശോയോട് അപേക്ഷിച്ചുകൊണ്ടിരുന്നു, അവിടത്തോടുള്ള സ്നേഹത്തെപ്രതി, വിദൂരദേശങ്ങളിൽപോയി ക്ലേശപൂർണ്ണമായ കാര്യങ്ങൾ നിർവഹിക്കുവാൻ എന്നെ അനുവദിക്കണമെന്ന്. അവിടുന്ന് എന്റെ പ്രാത്ഥന ശ്രവിച്ചു; എന്നാൽ, ഞാൻ പ്രതീക്ഷിച്ചവിധമല്ല. ഞാൻ എന്നെത്തന്നെ മുഴുവനായി അവിടത്തേക്കു കൈയാളിച്ചു. അതിനാൽ, ഞാൻ സന്തുഷ്ടനായിരിക്കുന്നു."

ആ സമർപ്പണം സ്വീകൃതമായി. രണ്ടുമാസം കഴിഞ്ഞു ജിമ്മി ജീവൻ വെടിഞ്ഞു.

*  *  *

ഒരിടവകയിൽ ധ്യാനപ്രസംഗം ചെയ്തുകൊണ്ടിരുന്ന ഒരു വൈദികൻ ഒരുദിവസം, രോഗപീഡിതയായ ഒരു സ്ത്രീയെ സന്ദർശിച്ചു. അവൾ ശയ്യാവലംബിനിയാണ്. ചങ്കിൽ അർബുദം (ക്യാൻസർ)—അതാണ് അവളുടെ രോഗം. പുരോഹിതൻ കുറെനേരം അവളു

ടെ സമീപത്തിരുന്ന്, സാന്ത്വനവചസ്സുകളാൽ അവളെ ആശ്വസിപ്പിക്കുവാൻ ശ്രമിച്ചു. അപ്പോൾ, രോഗിണി പറയുകയാണ്: "അച്ചാ, അങ്ങ ദയാലുവാണെന്ന് എനിക്കറിയാം. സാന്ത്വനവചസ്സുകൾ എനിക്ക് ആവശ്യമുണ്ടെന്നു വിചാരിക്കുന്നതിനാലാണ് അങ്ങ് ഇ പ്രകാരം എന്നോടു സംസാരിക്കുന്നതെന്നും എനിക്കറിയാം. എന്നാൽ, അങ്ങയോടു ഞാൻ ഉറപ്പിച്ചുപറയുന്നു, ഈ ഇടവകയിലെ ഏററം സൗഭാഗ്യവതിയായ സ്ത്രീ ഞാനാണെന്ന്. അച്ചാ, തീർച്ചയായും, അങ്ങനെ തന്നെ. ഞാൻ സദാ വിചാരിക്കാറുണ്ട്, മാരകപാപമാകുന്ന ക്യാൻസർ എൻെറ ആത്മാവിനെ ബാധിച്ചിരുന്നെങ്കിൽ എൻെറ നികൃഷ്ടസ്ഥിതി എത്ര കൂടുതൽ പരിതാപകരമായിരുന്നേനേ എന്ന്." അനുകരണാർഹമായ മാതൃക! ആധുനികലോകത്തിൻെറ ചിന്താഗതിക്കു തികച്ചും വിപരീതമായ മനോഭാവം!

*　　　*　　　*

ഇനി, നാലുദിവസംകൂടിയേ ജീവിതമുള്ളൂ എന്ന് ഒരു മനുഷ്യനു വെളിപ്പെടുത്തപ്പെട്ടു. ഒരു കത്തോലിക്കനു ചേർന്ന മനോഭാവത്തോടേ, അയാൾ ആ വാർത്ത ശ്രവിച്ചു. ഒരു മുഴുവൻകുമ്പസാരം കഴിച്ച്, പാപവിമോചനംനേടി അയാൾ മരണത്തിനൊരുങ്ങി. തിരുപ്പാഥേയവും അന്ത്യലേപനവും അയാൾ സ്വീകരിച്ചു.

അതിദുസ്സഹമായ പീഡയാൽ ആ സാധു വലഞ്ഞു. തൻെറ മരണം സമീപിച്ചിരിക്കുന്നുവെന്ന് അയാൾ അറിഞ്ഞു. ഏതാനും വിനാഴിക കഴിഞ്ഞപ്പോൾ,

അതാ, കുത്തിവയ്ക്കുവാൻ നേഴ്സ് വരുന്നു. ആ മരണാസന്നൻ വൈമനസ്യം പ്രദർശിപ്പിക്കുകയും അതെന്തിനാണെന്നു ചോദിക്കുകയും ചെയ്തു. ആ നേഴ്സ് പറഞ്ഞു: "ഇതു മോർഫിയാ ആണ്. നിങ്ങളുടെ കഠിനപീഡകളെ ഇതു ശമിപ്പിക്കും." "സിസ്റ്റർ, വളരെ നന്ദി. എനിക്ക് ഇനി നാലുദിവസങ്ങൾകൂടി മാത്രമേ ഉള്ളൂ എന്നു നിങ്ങൾതന്നെയല്ലേ പറഞ്ഞതു്? അങ്ങനെയെങ്കിൽ, എൻെറ പാപങ്ങൾക്കു പരിഹാരമായി പീഡ സഹിക്കുവാൻ ഞാൻ തീർച്ചപ്പെടുത്തിയിരിക്കുന്നു. 'മോർഫിയാ' തിരിച്ചുകൊണ്ടു പൊയ്ക്കൊൾക. ദൈവത്തിൻേറയും കന്യകാമറിയത്തിൻേറയും സഹായത്താൽ ഞാൻ ഈ മരണപീഡ ഒരു ചെറിയ പരിഹാരപ്രവൃത്തിയായി സഹിക്കുവാൻ പോകുകയാണ്." രോഗി തൻെറ കുരിശുരൂപവും കൊന്തയും എടുത്തു കൂട്ടിപ്പിടിച്ചു. നാലുദിവസം അയാൾ ആ വേദന സഹിച്ചു. തനിക്കു ലഭിക്കുമായിരുന്ന ആശ്വാസത്തെ അയാൾ നിരസിച്ചു. തൻെറ നിശ്ചയത്തിൽ സ്ഥിരചിത്തനായിരിക്കുന്നതിനുവേണ്ട അനുഗ്രഹങ്ങൾ അയാൾ സദാ പ്രാത്ഥിച്ചുകൊണ്ടുമിരുന്നു. നാലു ദിവസങ്ങൾക്കുശേഷം അയാൾ ചരമമടഞ്ഞു; നല്ലമനസ്സോടേ, പീഡനങ്ങളുടെ കാൽവരിയിൽ.

* * *

നമ്മുടെ സ്വഭാവത്തിൻെറ ബലഹീനവശം കണ്ടുപിടിക്കുക—അതു പിശാചിൻെറ ആക്രമണതന്ത്രങ്ങളിൽ ഒന്നാണ്. ഒരു പട്ടണത്തെ കീഴടക്കുവാൻ ശ്രമി

ക്കുന്ന ഒരു സൈന്യാധിപനെപ്പോലെ, തൻെറ സകല യുദ്ധോപകരണങ്ങളുമായി ആത്മാവിനെ പിശാച് ചുററിവളയുന്നു. ആത്മാവാകുന്ന കോട്ടയ്ക്കു തകരാറു വരുത്തുകമാത്രമല്ല, ആ കോട്ടയ്ക്കുള്ളിൽ കൊടികുത്തി വാഴുകയും ആണ് ആ അക്രമിയുടെ ലക്ഷ്യം. അവൻെറ നിരന്തരമായ സംഘട്ടനങ്ങൾ നമ്മെ ക്ഷീണരാക്കുന്നു. അവനു നമ്മുടെമേൽ ലഭിക്കുന്ന വിജയങ്ങളുടെ എണ്ണം നമ്മെ നിരുത്സാഹരാക്കുകയും ചെയ്യുന്നു. നാം പെട്ടെന്നു നിരാശയിൽ നിപതിക്കുവാൻ എളുപ്പമുണ്ട്. എപ്പോഴും അവൻ നമ്മെ പരാജയപ്പെടുത്തുന്നതിനാൽ, ഇനി പരിശ്രമിച്ചിട്ടെന്തുഫലം എന്നു നമ്മോടുതന്നെ നാം ചോദിക്കുന്നു.

## നൈരാശ്യമോ?

ഈ അവസ്ഥയിൽ നമ്മെ ആക്കുകയാണു പിശാചിൻെറ ലക്ഷ്യം. അതിനു കാരണമുണ്ട്. തന്നോട് എതിർക്കുന്നതിൽനിന്നു നാം വിരമിച്ചാൽ വിജയം തീർച്ചയായും തൻേറതാണെന്ന് അവനു തീർച്ചയുണ്ട്. ഒരു വസ്തുത നാം സ്മരിക്കണം: എത്ര പ്രാവശ്യം അവൻ നമ്മെ തോല്പിച്ചു എന്നതല്ല പ്രധാനം. പ്രത്യുത, പാപവിമോചനം സ്വീകരിച്ച് ആത്മാവിൽനിന്ന്—എത്ര പ്രാവശ്യമെങ്കിലും ആയിക്കൊള്ളട്ടെ— അവനെ പുറംതള്ളിയെന്നതാണു സവ്വപ്രധാനം. എളിമയുള്ളവർ വീഴ്ചയ്ക്കുശേഷം ദിവ്യനാഥൻെറ പക്കലേക്കു പിന്തിരിയുന്നു. ഇതു നമ്മുടെ സ്മൃതിപഥത്തിൽ പതിയണം. ദൈനംദിനം നമ്മുടെ ബലഹീനതകളെ ഏററുപറഞ്ഞു

ദൈവസഹായത്തെ യാചിക്കുകയാണു നാം ചെയ്യേണ്ടതു്.

"തകർന്ന ഹൃദയത്തെ ദൈവം നിരസിക്കുകയില്ല."

ദൈവത്തോടു ചെയ്യപ്പെടുന്ന ദ്രോഹങ്ങളുടെ കാഠിന്യത്തെ നാം അവഗണിക്കുകയോ? അതു പാടില്ല. നമ്മുടെ അന്ധതയും അസ്ഥിരതയുംവഴി അവിടുത്തെ ഒററിക്കൊടുക്കുമ്പോഠംപ്പോലും അവിടുന്നു നമ്മെ സ്നേഹിക്കുന്നുവെന്ന ചിന്ത തീർച്ചയായും ആശ്വാസദായകമാണു്. മാത്രമല്ല, അവിടുന്നു നമ്മുടെ ബലഹീനതകളെ അറിയുന്നു; നമ്മുടെ മനസ്സ് അങ്ങിൽനിന്ന് എന്തുമാത്രം അകന്നുപോയി എന്നു തിട്ടപ്പെടുത്തുന്നതിന് അവിടുത്തേക്കു മാത്രമേ കഴിയുകയുള്ളൂ. മാപ്പു നല്കുവാൻ സാധിക്കുമെങ്കിൽ, അതിനുവേണ്ട ന്യായങ്ങഠം തേടിപ്പിടിക്കുക, അല്ലെങ്കിൽ, കുററത്തെ ലഘൂകരിക്കുന്ന സാഹചര്യങ്ങളുണ്ടോ എന്നു പരിശോധിക്കുക ആത്മാർത്ഥമായ സ്നേഹമുള്ള ഒരു വ്യക്തിയുടെ സ്വഭാവമാണു്. "കുമ്പസാരം കേഠംക്കുന്നവർ എത്ര കൂടുതൽ വിജ്ഞരാണോ അത്ര കൂടുതൽ ശാന്തശീലരായിരിക്കും" എന്ന പ്രസ്താവം അർത്ഥവത്താണു്. ഈ ശാന്തത അവർ പഠിച്ചതു്, പാപികളുടെ സ്നേഹിതനോടുള്ള അവഗാഢമായ ഐക്യത്തിൽനിന്നാണു്.

നമ്മിൽ പലർക്കും ജീവിതകാലത്തു വലിയ പ്രലോഭനം, കുറഞ്ഞപക്ഷം ഒന്നെങ്കിലും, നേരിടേണ്ടതായിവരും. അതു ജീവിതത്തിൻെറ ആദ്യഘട്ടത്തിലോ, മദ്ധ്യഘട്ടത്തിലോ, അന്ത്യഘട്ടത്തിലോ ആകാം. എന്നാൽ, അതിൻെറ ലക്ഷ്യം എപ്പോഴും ഒന്നുതന്നെ. യാ

തൊരു നന്മയും താനേ ചെയ്യുവാൻ നാം ശക്തരല്ലെന്നും അഗാധഗർത്തത്തിൽ നിപതിച്ച് എല്ലാ ആദ്ധ്യാത്മികയത്നങ്ങളും നാം പരിത്യജിക്കുവാനിടയുണ്ടെന്നും അനുഭവത്തിൻെറ വെളിച്ചത്തിൽ നാം പഠിക്കണം. അപ്പോഠം നാം ഗ്രഹിക്കും, ക്രിസ്തുനാഥൻെറ ശക്തി. ഏഴ് എഴുപതു പ്രാവശ്യം ക്ഷമിക്കുന്ന അവിടുത്തെ കരുണ എന്തുമാത്രമെന്നും നാം അവിശ്വസ്തരായി വർത്തിച്ചാൽ തന്നേയും അവിടുന്നു നമ്മെ സ്നേഹിക്കാതിരിക്കുന്നില്ലെന്നും നമുക്കപ്പോഠം ബോധപ്പെടും. ഇവയൊക്കെ പഠിക്കുവാൻ പ്രലോഭനങ്ങഠം, പാപങ്ങഠംതന്നേയും നമ്മെ സഹായിക്കുന്നെങ്കിൽ എന്തിനു നാം നിരാശരാകണം? ദൈവത്തോടു ചെയ്ത ദ്രോഹത്തെക്കുറിച്ചു ദുഃഖിക്കുക; കഴിഞ്ഞകാലത്തെന്നതിനെക്കാഠം കൂടുതലായി അവിടുത്തെ സ്നേഹിക്കുന്നതിനു ദൃഢപ്രതിജ്ഞ ചെയ്യുക, അവിടുത്തോടു കൂടുതൽ ഔദാര്യത്തോടെ വർത്തിക്കുന്നതിനു പ്രേരകമാകുമാറു നമ്മുടെ പാപത്തെ സ്മരിക്കുക— അതുമാത്രമേ നാം ചെയ്യേണ്ടൂ.

നമ്മുടെ ശത്രു നമ്മുടെ ആത്മാവാകുന്ന കോട്ടയിൽ തൽക്കാലത്തേക്കു കയറിപ്പററിയെന്നും വരാം. എന്നാൽ, അതു തികച്ചും താൽക്കാലികം മാത്രമായിരിക്കും, എളിമയോടുകൂടി കുററമേററുപറയുന്നെങ്കിൽ. കാരുണ്യക്കടലായ ക്രിസ്തുനാഥനോടു പ്രത്യാശാപൂർണ്ണമായി പ്രാർത്ഥിക്കുകയും, ഏററം വിലപനീയമായവിധം തെററിലകപ്പെട്ടാലും നൈരാശ്യപ്പെടുകയില്ലെന്നു ദൃഢപ്രതിജ്ഞയെടുക്കുകയും ചെയ്യുന്ന ഒരാത്മാവിനെ കീഴടക്കുവാൻ പിശാചിനു സാധിക്കുകയില്ല.

പ്രത്യാശാപൂർണ്ണനായ ഒരുവൻ പ്രകാശത്തിലേക്കു നടന്നടുക്കുന്നു. ആശയററവൻ പ്രകാശത്തിനു പുറംതിരിഞ്ഞു നടക്കുന്നു. അവനു ജീവിതം അന്ധകാരപൂർണ്ണമായ ഒരു ഊടുവഴിയായി അനുഭവപ്പെടുകയും ചെയ്യുന്നു. ജീവിതത്തിൻെറ പൊൻപുലരിയായ യൗവനത്തിൽ നമുക്കുണ്ടാകുന്ന അഭിലാഷങ്ങളധികവും സാധാരണമായി ലൗകികാദർശങ്ങൾ കലർന്നവയാണ്. എന്നാൽ, ജീവിതം പുരോഗമിക്കുമ്പോൾ അവയിൽനിന്നു നാം വിമുക്തിനേടും. നമ്മുടെ ഉന്നതാദർശങ്ങൾ നിലനിറുത്തുവാൻ അദൃശ്യവും അപ്രതീക്ഷിതവുമായ നിരവധി ക്ലേശങ്ങളെ തരണം ചെയ്യേണ്ടതാണെന്ന് അനുഭവത്തിൽനിന്നു നാം ഗ്രഹിക്കും. നമ്മുടെ ശ്രേഷ്ഠമായ ആദർശത്തോട് അവജ്ഞയോ, സ്പഷ്ടമായ എതിർപ്പോ മററുള്ളവർ പ്രകടിപ്പിച്ചേക്കാം. കാലപ്പഴക്കത്തിൽ നാം അശ്രദ്ധരും മന്ദഭക്തരുമായിത്തീരത്തക്ക പ്രവണതയും നമ്മിലുണ്ട്. മാത്രമല്ല, പുതുമ മാറിമറയുകയും ആദ്യം അഭിരുചിയോടുകൂടി ആരംഭിച്ചതു്, പിന്നീടു വെറും മുഷിപ്പനായി തോന്നുകയും ചെയ്തേക്കാം.

## പ്രതീക്ഷിച്ചിരുന്നു

വിജ്ഞാനത്തിൻേറയും ശാസ്ത്രത്തിൻേറയും ഒരു കാലമാണിതെന്നു നാം പറയുന്നു. അതോടുകൂടി വേറൊരു വീക്ഷണഗതിയും നമുക്കുണ്ട്. അതു വലിയ പരിവർത്തനം സംജാതമാക്കുവാൻ പോരുന്നതാണ്. ഒന്നുകിൽ, എമ്മാവൂസിലേക്കുപോയ ശിഷ്യന്മാരുടെ മനോഭാവം. "ഞങ്ങൾ പ്രത്യാശിച്ചിരുന്നു" അവർ പറഞ്ഞു. "മഹ

ത്തായ പ്രതീക്ഷകൾ ഞങ്ങൾക്കുണ്ടായിരുന്നു. പക്ഷെ, അവയെല്ലാം തകർന്നു തരിപ്പണമായി; ഇനി പരിശ്രമിച്ചിട്ടെന്തു ഫലം?". ഇതു് ഒരു വസ്തുത അനുസ്മരിപ്പിക്കുന്നുണ്ടു്. തന്റെ ആദർശം അവജ്ഞയോടേ വീക്ഷിക്കപ്പെട്ടുമ്പോൾ, അല്ലെങ്കിൽ, തന്റെ ജീവിതത്തിൽ അപ്രതീക്ഷിതങ്ങളായ ക്ലേശങ്ങൾ അനുഭവപ്പെട്ടുമ്പോൾ, ഒരുവന്റെ ആദർശത്തിനു കോട്ടംതട്ടുവാൻ തുടങ്ങും. ഒരുപക്ഷെ, എല്ലാ ആദർശത്തേയും അവൻ പരിത്യജിച്ചെന്നുംവരാം.

മറെറാരു വീക്ഷണമുണ്ടാകാം. ഒരുവന്റെ മായാമോഹവിമുക്തിയിൽനിന്നാണു് അതു മുളയെടുക്കുക. അവനു ബോധപ്പെടുന്നു, ജീവിതസാഹചര്യങ്ങളെയോ മനുഷ്യരുടെ വിചാരത്തെയോ വിമർശനങ്ങളെയോ ആശ്രയിച്ചല്ല, തന്റെ ആദർശങ്ങളുടെ സംപ്രാപ്തിയെന്നു്. ആദർശങ്ങൾ വിലയുററതാണെങ്കിൽ, അവ സ്വഭാവത്തെ കരുപ്പിടിക്കുന്നു; ക്ലേശങ്ങൾ നേരിടുമ്പോൾ തന്റെ ആദർശങ്ങളെ മുറുകെപ്പിടിക്കുവാനുള്ള ആത്മധൈര്യം വിശുദ്ധരെ വാർത്തെടുക്കുന്നു. തങ്ങളുടെ കാലടികളെ അനുപദം അനുധാവനം ചെയ്യുന്നതിനു നമ്മെ പ്രേരിപ്പിക്കണമെന്ന അഭിവാഞ്ഛ വിശുദ്ധർക്കില്ല. നമ്മുടെ ബലഹീനതകളെ അങ്ങേയററം വകവച്ചു തരുവാൻ അവർ വളരെ തൽപരരാണു്. നാമോരോരുത്തരും നമ്മുടേതായ മാർഗ്ഗങ്ങളിലൂടെ ചരിച്ചു ദൈവത്തിൻപക്കലെണയണമെന്നു് അവർ ആഗ്രഹിക്കുന്നു. സത്യസന്ധമായി നാം വിധിക്കുന്നെങ്കിൽ, നമുക്കു് അനുവദനീയമല്ലെന്നു നാംതന്നെ പ

റയുമായിരുന്നവയുംകൂടെയും ഒഴികഴിവ് അവർ കണ്ടുപിടിക്കും. ഇങ്ങനെ നമ്മോട്ട് അനുഭാവം പ്രകടിപ്പിക്കുന്നെങ്കിലും, അവർ തങ്ങളോടുതന്നെ വളരെ കർക്കശമായിട്ടാണു വർത്തിക്കുക. ദൈവത്തിൻെറ പ്രസാദവരം തങ്ങളെ നയിക്കുന്നതു് എവിടേക്കെന്നു ബോധപ്പെട്ടു കഴിഞ്ഞാൽ, തങ്ങളുടെ ആദർശത്തിൽനിന്നു് അണുപോലും വ്യതിചലിക്കാതെ, അചഞ്ചലരായി, ആ പ്രസാദവരത്തിൻെറ പ്രേരണയെ അവർ അനുസരിക്കും സാഹചര്യങ്ങൾ എത്ര വിപരീതമായിരുന്നാലും മററുള്ളവർക്ക് അനുഭാവമില്ലാതിരുന്നാലും അവർ പ്രത്യക്ഷമായി എതിർത്താൽത്തന്നേയും പുണ്യാത്മാക്കൾ ഇളകുകയില്ല.

വിശുദ്ധി ധീരാത്മാക്കൾക്ക്—തങ്ങളുടെ ഉന്നതാദർശങ്ങളിൽനിന്നു്, എന്തുവന്നാലും വ്യതിചലിക്കാത്തവർക്കുമാത്രം ഉള്ളതാണു്. നിത്യതയിൽ ഉടനീളം പ്രശോഭിക്കുന്ന പ്രകാശക്കതിർ അല്പമെങ്കിലും ദർശിച്ചവരാണു്, വിശുദ്ധർ. ആ പ്രകാശത്തിൽനിന്നു് അവരെ അകററുവാൻ ഒരു ഭൗമികശക്തിക്കും കരുത്തില്ല.

## പ്രത്യാശാവിഷയം

പശ്ചാത്താപപ്രകരണത്തെ പരിശോധിച്ചുനോക്കിയാൽ കാണാം, അതുവഴി നാം പ്രകടമാക്കുന്നതു പശ്ചാത്താപം മാത്രമല്ല; പ്രത്യാശകൂടിയുമാണെന്നു്.

മൂന്നു കാര്യങ്ങൾ നാം പ്രത്യാശിക്കുന്നു. ഒന്നു്: നമ്മുടെ പാപങ്ങളുടെ മോചനം. അനുതാപത്തെക്കുറിച്ചും, യഥാർത്ഥമായി അനുതപിക്കുന്നവരോടു ക്ഷമിക്കുവാൻ

കരുണാനിധിയായ ക്രിസ്തുനാഥൻ പ്രദർശിപ്പിക്കുന്ന അത്യധികമായ ഔൽസുക്യത്തെക്കുറിച്ചും നാം മുന്നൊരിടത്തു പ്രതിപാദിച്ചു കഴിഞ്ഞതാണു്. ഒന്നാമത്തേതിൽ നിന്നു യുക്തിപൂർവ്വകമായ ഒരനുമാനം—രണ്ടു്: നമ്മുടെ ആത്മാക്കൾ വരപ്രസാദസ്ഥിതി പ്രാപിക്കുമെന്നു്. എന്തുകൊണ്ടെന്നാൽ, ദൈവത്തോടുള്ള ഐക്യം ആവശ്യപ്പെടുന്നതു പാപരാഹിത്യത്തെ മാത്രമല്ല; പ്രത്യുത, ആത്മാവിനെ ദൈവത്തിൻെറ മനോഹരമായ നിത്യവസതിയാക്കിത്തീർക്കുന്ന മഹാദാനമായ വരപ്രസാദസ്ഥിതികൂടിയുമാണു്. ഈ മഹാദാനത്തെക്കുറിച്ചും കുറച്ചൊക്കെ നാം പ്രതിപാദിച്ചു കഴിഞ്ഞു. പ്രസാദവരസ്ഥിതിയിൽ വിരാജിക്കുന്ന ഒരാത്മാവിൻെറ പ്രഭാവത്തേയും മഹത്വത്തേയും കുറെയൊക്കെ മനസ്സിലാക്കുവാനും നാം ശ്രമിച്ചു. ദൈവം തൻെറ പ്രസാദവരത്തെ സമൃദ്ധമായി നമ്മിൽ ചിന്തുന്നതിനു് അഭിലഷിക്കുന്നുവെന്നും നാം കണ്ടു. ഇവയെല്ലാം വാസ്തവമാകയാൽ നമ്മുടെ പശ്ചാത്താപപ്രകരണത്തിൽ പ്രത്യാശക്കൂടെ പ്രകടമാക്കുക തികച്ചും ഉചിതമാണു്. നമ്മുടെ കൃതഘ്നതയെ പരിഗണിക്കാതെ ദൈവം തൻെറ പ്രസാദവരത്തെ നമുക്കു വീണ്ടും പ്രദാനം ചെയ്യുമെന്നും വരപ്രസാദസ്ഥിതിയിൽ നമ്മെ സൂക്ഷിക്കുമെന്നുമുള്ള പ്രത്യാശയാണു നാം പ്രകടമാക്കേണ്ടതു്.

സ്വർഗ്ഗലബ്ധിയാണു നമ്മുടെ മൂന്നാമത്തേ പ്രത്യാശാവിഷയം. സ്വർഗ്ഗവാഗ്ദാനം നമുക്കു് ആത്മധൈര്യം പകർന്നു തരുന്നു. നാം ദ്രോഹിച്ച സ്നേഹനിധിയായ ദൈവത്തോടു്, നമ്മുടെ ജീവിതത്തെ സമീകരിക്കുന്നതാണെ

നും മേലിൽ ഒരിക്കലും അവിടുത്തെ ദ്രോഹിക്കുകയില്ലെന്നും ദൃഢപ്രതിജ്ഞ ചെയ്യുമ്പോൾ, സ്വർഗ്ഗത്തെക്കുറിച്ചുള്ള ചിന്ത നമുക്കുണ്ടാകുന്നു.

കണ്ണിനും കരളിനും ആനന്ദമരുളുന്ന, സൗഭാഗ്യപ്രദമായ, ആ സ്വർഗ്ഗത്തിൽ ഒരിക്കൽ ചെന്നെത്തുമെന്നു പൂർണ്ണമായി നാം പ്രത്യാശിക്കുന്നുവെന്നു പറയുമ്പോൾ എന്താണു നാം അർത്ഥമാക്കുക? അതിനു മറുപടി ഏതാനും നെടുനിശ്വാസങ്ങൾ മാത്രം. കാരണം, നമുക്കു വിഭാവനം ചെയ്യുവാനോ വെളിപ്പെടുത്തുവാനോ കഴിയുന്ന സൗഭാഗ്യത്തെയെല്ലാം അതിലംഘിക്കുന്നതാണു സ്വർഗ്ഗീയാനന്ദം. "ദൈവം തന്നെ സ്നേഹിക്കുന്നവർക്കായി സജ്ജമാക്കിയിട്ടുള്ളതു കണ്ണു കണ്ടിട്ടില്ല, ചെവികേട്ടിട്ടില്ല, മനുഷ്യഹൃദയത്തിൽ പ്രവേശിച്ചിട്ടുമില്ല."

സ്വർഗ്ഗം എന്നു പറഞ്ഞാൽ, അഭിമുഖമായ ദൈവദർശനം എന്നർത്ഥം. അനുഗൃഹീതരായ ആത്മാക്കൾക്ക് ഈ ജീവിതത്തിൽ ദൈവസാന്നിദ്ധ്യചിന്ത സദാ ഉണ്ടായിരുന്നു. അധികമായ ആദ്ധ്യാത്മികാനന്ദവും ചിലർക്കു ലഭിച്ചിരുന്നു. വി. ഫ്രാൻസിസ് സേവ്യറിന് ഒരിക്കൽ ദൈവത്തിൽനിന്ന് ഒരു പ്രത്യേകപ്രകാശനം ലഭിച്ചു. തൽഫലമായുണ്ടായ ആനന്ദപാരവശ്യം അദ്ദേഹത്തിൻെറ കഴിവിനതീതമായിരുന്നു. തന്നിമിത്തം, അദ്ദേഹം വിളിച്ചു പറഞ്ഞു: "നാഥാ, മതി!" വി. അമ്മത്രേസ്യാ തനിക്കു ലഭിച്ച ദൈവികമായ ആനന്ദത്തെപ്പററി തൻെറ സ്വയംകൃതചരിതത്തിൻെറ ഇരുപത്തെട്ടാം അദ്ധ്യായത്തിൽ ഒരു ഏകദേശജ്ഞാനം നമുക്കു തരുന്നുണ്ട്. "ഈലോകസന്തോഷങ്ങളെല്ലാം വെറും മായയാണ്. എ

ല്ലാ നക്ഷത്രങ്ങളും സൂര്യൻതന്നേയും, സ്വർഗ്ഗീയപ്രകാശത്തോടു തുലനം ചെയ്യുമ്പോൾ വെറും നിഴൽമാത്രമാണ്."

വിശുദ്ധർക്കുപോലും ഈ ലോകത്തിൽവച്ചു ദൈവത്തെ ഒരു കണ്ണാടിയിലെന്നപോലെ അസ്പഷ്ടമായിമാത്രമേ ദർശിക്കുവാൻ സാധിച്ചിരുന്നുള്ളു എന്ന വസ്തുത നാം അനുസ്മരിക്കണം. അന്ധകാരം നീങ്ങുമ്പോൾ, മൂടുപടം മാററപ്പെടുമ്പോൾ, അതായത്, ദൈവത്തെ അഭിമുഖമായി, യഥാർത്ഥസ്ഥിതിയിൽ കാണുമ്പോൾ ഉൽഭൂതമാകുന്ന ആനന്ദപ്രകർഷം എന്തുമാത്രമായിരിക്കും! അവിടുത്തെ സർവ്വശക്തിത്വവും ജ്ഞാനവും പ്രതാപവും നിത്യത്വവും ദർശിക്കുമ്പോൾ നമ്മുടെ ആനന്ദം അവാച്യമായിരിക്കുകയില്ലേ! പരിമിതകഴിവുകൾ മാത്രമുള്ള നമുക്കു സ്വയമേവ ആ ലാവണ്യാതിരേകം ഗ്രഹിക്കുവാൻ സാധിക്കുകയില്ല. ഭീതിജനകമായ ആ പരിപൂർണ്ണതാധാവള്യത്തോടുള്ള സമീപനം നമ്മെ വിറകൊള്ളിക്കുവാനും അന്ധരാക്കുവാനും അത്ഭുതസ്തബ്ധരാക്കുവാനും പോരുന്നതാണ്. "ദൈവത്തെ ദർശിക്കുന്ന ഒരു മനുഷ്യനും ജീവിക്കുക സാദ്ധ്യമല്ല."

ദൈവം ആത്മാവിന്റെ ബലഹീനതയെക്കുറിച്ച് അതിനോടു കരുണകാണിക്കുന്നു; തന്റെ മഹത്വത്തിന്റെ വെൺകതിർ ആ ആത്മാവിൽ അവിടുന്നു വീശുന്നു; അതിസ്വാഭാവികനിലയിലേക്ക് ആത്മാവിനെ ഉയർത്തുകയും ചെയ്യുന്നു. എന്തിന്? എല്ലാ ദൈവികപരിപൂർണ്ണതകളും അതിന്റെ ദൃഷ്ടിയിൽ ദൃഢമായി പതിക്കുവാൻവേണ്ടി; അവാച്യമായ സന്തോഷത്തെ

ആസ്വാദിക്കുന്നതിന് ആത്മാവിനെ ശക്തമാക്കുന്നതിനു വേണ്ടി. സ്വർഗ്ഗീയാനന്ദപാരവശ്യത്തിൽ ലയിക്കുന്ന ആത്മാവ് അതിൽ മതിമറന്നുപോകാതിരിക്കണമെങ്കിൽ ദൈവികസഹായം ആവശ്യമാണെന്ന വസ്തുതയെപ്പററി ചിന്തിക്കുമ്പോൾ, സ്വർഗ്ഗീയാനന്ദത്തെക്കുറിച്ച് അല്പജ്ഞാനമെങ്കിലും നമുക്കു കിട്ടും.

## ഹാ, എൻെറ ദൈവം!

അനുഗ്രഹീതരായ ഈ ആത്മാക്കൾ സ്വർഗ്ഗസ്ഥനായ പിതാവിൻെറ യഥാർത്ഥപ്രഭയെ അതിൻെറ തനിനിറത്തിൽ ദർശിച്ചുകഴിയുമ്പോൾ വിളിച്ചുപറയും, “ഹാ, എൻെറ ദൈവം!” എന്ന്. എന്തുകൊണ്ടെന്നാൽ, ദർശനമാത്രയിൽ, അനന്തപരിപൂർണ്ണനായ ദൈവം തൻേറതാണെന്നുള്ള സംതൃപ്തി ആ ആത്മാവിനു ലഭിക്കുന്നു. എൻെറ ഒരു ഉത്തമസുഹൃത്തു തൻെറ വസതിയും വയലുമെല്ലാം എന്നെ കാണിക്കുന്നു. താൻ വരച്ച മനോഹരചിത്രം കണ്ടാനന്ദിക്കുന്നതിന് അയാൾ എന്നെ ക്ഷണിക്കുന്നു. അവിടെ ചെന്നു താമസമാക്കിയതിനുശേഷം താൻ വീട്ടും പുരയിടവും എത്രയധികമായി അഭിവൃദ്ധിപ്പെടുത്തിയെന്നുള്ള കാര്യവും അയാൾ എന്നെ വിവരിച്ചു കേൾപ്പിക്കുന്നു. എങ്കിലും, അയാളുടെ വസതി, ചിത്രം, വയൽ, ദ്രവ്യം ഇവയൊന്നും എൻേറതായിത്തീരുന്നില്ല, അയാൾ എന്നെ കാണിച്ചതുകൊണ്ടുമാത്രം. എന്നാൽ, ഔദാര്യനിധിയും സ്നേഹയോഗ്യനുമായ ദൈവത്തെസ്സംബന്ധിച്ചിടത്തോളം ഇങ്ങനെയല്ല. അവിടുന്ന്

എന്റെ ബോധത്തെ പ്രകാശിപ്പിക്കും. ആ പ്രകാശക്കതിരിന്റെ സഹായത്തോടെ അവിടുത്തെ ദർശിക്കുന്ന മാത്രയിൽത്തന്നെ അവിടുന്ന് എന്റെ സ്വന്തമാണെന്നുള്ള ദൃഢവിശ്വാസം എനിക്കുണ്ടാകുന്നു. "ഹാ, എന്റെ ദൈവം! ജിജ്ഞാസുവായ എന്റെ മനസ്സിന്റെ അഭിലാഷത്തെ തൃപ്തിപ്പെടുത്തുന്ന ഏകവിഷയം! സ്നേഹത്തിനായുള്ള എന്റെ ഹൃദയാഗ്രഹത്തെ തൃപ്തിപ്പെടുത്തുന്നതിനു പര്യാപ്തമായ അനന്തസ്നേഹം! അതാ, അവിടുന്നു മുഴുവനും എന്റെ സ്വന്തമായിരിക്കുന്നു! സുരക്ഷിതമായ എന്റെ ഈ നിധിയെ ആരും അപഹരിക്കുകയുമില്ല."

ആത്മാവ് ഒരു പടികൂടി കടക്കുന്നു. അതു ദൈവത്തെ കാണുകയും അവിടുത്തെ തന്റെ സ്വന്തമായി അനുഭവിക്കുകയും മാത്രമല്ല, ദൈവസമാനമായിത്തീരുകയും ചെയ്യുന്നു. അഗ്നി ഇരുമ്പിനെ രൂപാന്തരപ്പെടുത്തുന്നതുപോലെ, ദൈവദർശനവും ദൈവൈക്യവും ആത്മാവിനെ രൂപാന്തരപ്പെടുത്തുന്നു. ഇരുമ്പുകഷണം ഇരുമ്പിന്റെ ഗുണവിശേഷങ്ങളെ മുഴുവനും നിലനിറുത്തിക്കൊണ്ടുതന്നെ അഗ്നിയോട് അഭേദ്യമാംവിധം ഐക്യപ്പെടുന്നു. തന്നിമിത്തം അതു ദേഹത്തെങ്ങാനും തൊട്ടാൽ നാം പറയുന്നതു്, ഇരുമ്പുകഷണം തൊട്ടു എന്നല്ല, തീ കൊണ്ടു പൊള്ളിയെന്നാണ്.

സ്വർഗ്ഗത്തിൽ, സ്വാർത്ഥതൽപരത, അസൂയ, വിദ്വേഷം തുടങ്ങിയവ ആത്മാവിന്റെ മനോഹാരിതയെ കളങ്കപ്പെടുത്തുവാൻ ഉണ്ടായിരിക്കുകയില്ല. ഈ ലോകത്തിൽ നമ്മുടെ സഹോദരന്മാരെക്കുറിച്ച് ആവലാതി

പറയുവാനിടനല്കുന്ന ദുർഗ്ഗുണങ്ങളാണവ. ദൈവത്തിനെന്നതുപോലെ, ആത്മാക്കൾക്കും അപ്പോൾ പാപം ചെയ്യുക, പീഡകൾ സഹിക്കുകതുടങ്ങിയവ അസാദ്ധ്യമായിത്തീരും. ദൈവത്തെപ്പോലെ അവർ സ്വതന്ത്രരും സൗന്ദര്യപൂർണ്ണരും സംതൃപ്തരും ആകും. ദൈവത്തിന്റെ സൗഭാഗ്യം, അവിടുന്ന് അനുഭവിക്കുന്നിടത്തോളംകാലം—നിത്യമായി—ആത്മാവും അനുഭവിക്കും. "നാം ദൈവത്തെപ്പോലെ ആയിരിക്കും. കാരണം, അവിടുന്ന് ആയിരിക്കുന്നതുപോലെ നാം അവിടുത്തെ ദർശിക്കും."

## സ്നേഹിക്കുക

ആത്മാവു സ്വർഗ്ഗത്തിൽ ദൈവസ്നേഹാഗ്നിയാൽ ഉജ്ജ്വലിക്കുമെന്ന് ഇതിൽനിന്നെല്ലാം തെളിയുന്നു. ഈ ലോകത്തിൽ ആത്മസുഹൃത്തുക്കൾ തമ്മിലുള്ള മൈത്രിപോലും ശാശ്വതമല്ല. എന്തുകൊണ്ടെന്നാൽ, അവർക്ക് എപ്പോഴും ഒരുമിച്ചായിരിക്കുക സാധ്യമല്ല. സ്വർഗ്ഗത്തിലോ? വേർപിരിയുക അസാദ്ധ്യം! ലോകത്തിൽ സ്നേഹിതർക്കു ദീർഘകാലം ഒന്നിച്ചിരിക്കുവാൻ സാധിച്ചാൽ തന്നേയും മരണത്തേയും രോഗത്തേയും ആപത്തിനേയുമൊക്കെ ഭയപ്പെടേണ്ടതുണ്ട്. സ്വർഗ്ഗത്തിലോ? നിത്യജീവിതം. ഈ ലോകത്തിൽ ഉത്തമസുഹൃത്തുക്കളുടെപോലും സ്നേഹം മങ്ങിപ്പോകാറുണ്ട്. സ്വർഗ്ഗത്തിലാകട്ടെ, ആത്മാവിന്റെ ആനന്ദവിഷയമായ ദൈവം അക്ഷയനാണ്; അനന്തപരിപൂർണ്ണനാണ്. ഈ ലോകത്തെ വേർപിരിയുമ്പോൾ ആത്മാവിന്റെ പ്രത്യാശ അവസാനിക്കുന്നു; കാരണം, ഏതൊന്നിനെ അതു പ്രത്യാശിച്ചുവോ

അതു് ഇപ്പോൾ കരഗതമായിരിക്കുന്നു. സ്വർഗ്ഗത്തിൽ വിശ്വാസത്തിനും സ്ഥാനമില്ല; കാരണം, ഇതുവരെ വിശ്വസിച്ചിരുന്നതിനെ അവിടെ പ്രത്യക്ഷത്തിൽ ദർശിക്കുന്നു. എന്നാൽ, ഉപവി അവിടെ ഒരിക്കലും ഇല്ലാതാകുകയില്ല. നിത്യകാലം സ്നേഹം അവിടെ നിലനില്ക്കും. തൻെറ സർവ്വവുമായ ദൈവത്തെ നിത്യമായി ദർശിക്കാമല്ലോ എന്ന ചിന്തയിൽ, അവിടുത്തോടുള്ള ഐക്യത്തിൽ, സ്വർഗ്ഗത്തിലെ അനന്തമായ സൗഭാഗ്യത്തിൽ ആത്മാവു് ആനന്ദനിർവൃതിയടയും.

സ്വർഗ്ഗീയാനന്ദത്തെ വിവരിച്ചെഴുതുവാൻ വി. അഗുസ്തീനോസ് ഒരിക്കൽ പരിശ്രമിക്കുകയുണ്ടായി. അദ്ദേഹം പറയുന്നു: "ഞാൻ എഴുതിക്കൊണ്ടിരുന്നപ്പോൾ, ഒരിക്കലും ദൃശ്യമാകാത്ത ഒരു ദിവ്യപ്രഭ..... ഞാൻ ഉപവിഷ്ടനായിരുന്ന മുറിയിൽ ഉണ്ടായി. വ്യക്തമായ ഒരു സ്വരവും കേട്ടു: 'അഗസ്റ്റിൻ, എന്തിനാണു നീ ശ്രമിക്കുന്നതു്? വിശാലമായ സമുദ്രത്തെ ഒരു ചെറിയ പാത്രത്തിൽ ഒതുക്കിനിറുത്താമെന്നു്, അല്ലെങ്കിൽ, ഈ ലോകത്തെ നിൻെറ കൈക്കുമ്പിളിൽ കൊള്ളിക്കാമെന്നു നീ വിചാരിക്കുന്നുവോ? മനുഷ്യൻ ഒരിക്കലും കണ്ടിട്ടില്ലാത്തതു നിൻെറ നയനങ്ങൾ ദർശിക്കുമെന്നോ? മനുഷ്യരുടെ കർണ്ണങ്ങളിൽ ഒരിക്കലും എത്തപ്പെട്ടിട്ടില്ലാത്തതു നിൻെറ കാതുകൾ ശ്രവിക്കുമെന്നോ? മനുഷ്യഹൃദയം ഒരിക്കലും വിഭാവനം ചെയ്യാത്തതും ഗ്രഹിക്കാത്തതും മനസ്സിലാക്കാമെന്നോ നീ വിചാരിക്കുന്നതു്? അനന്തമായിട്ടുള്ളതിനു് എങ്ങനെ അന്തം കണ്ടെത്തും? അപരിമേയമായിട്ടുള്ളതിനെ എങ്ങനെ അളക്കും? അസാദ്ധ്യമായ ഒ

ന്നിനുവേണ്ടി നീ പരിശ്രമിക്കേണ്ടാ. സൗഭാഗ്യത്തെ— എത്തിച്ചേരുന്നതിനു പരിശ്രമിക്കുന്ന ആ സ്ഥലത്തല്ലാതെ ഇവിടെ കണ്ടെത്തപ്പെടുകയില്ലാത്ത ഒന്നിനെ— നീ ഇവിടെ എന്തിന് അന്വേഷിക്കുന്നു? ഇപ്പോൾ മനസ്സിലാക്കുവാൻ നീ അഭിലഷിക്കുന്നതു നിത്യതത്തിൽ നിന്റേതായിരിക്കത്തക്കവിധം ജീവിക്കുവാനായിരിക്കട്ടെ നിന്റെ പരിശ്രമം.''

നരകത്തെക്കുറിച്ചു പ്രതിപാദിച്ചപ്പോൾ നാം കണ്ടു, നരകം വെറും സങ്കല്പം ആയിരുന്നാൽത്തന്നേയും ആ വിപത്തിൽ നിപതിക്കുവാനിടയാകുക അതിഭയാനകമാണെന്ന്. സ്വർഗ്ഗവും അതുപോലെ സങ്കല്പംമാത്രമാണെന്നു കരുതുക. എന്നാൽത്തന്നേയും നാം നല്കിയ വിവരണം യാഥാർത്ഥ്യത്തിന്റെ അടുത്തെങ്ങും എത്തുന്നില്ല. ആ മഹാദാനം നഷ്ടമാകുവാനിടവരുത്തുക തീർച്ചയായും കടുത്ത ഭ്രാന്താണ്. എന്നാൽ, സ്വർഗ്ഗം ഒരു സങ്കല്പമല്ല. "എന്റെ രക്ഷകൻ ജീവിക്കുന്നുണ്ടെന്നും, അവസാനദിവസത്തിൽ ഭൂമിയിൽനിന്നു ഞാൻ ഉയിർത്തെഴുന്നേൽക്കുമെന്നും വീണ്ടും എന്റെ ചർമ്മം ഞാൻ ധരിക്കുമെന്നും എന്റെ ശരീരത്തോടുകൂടി ഞാൻ എന്റെ ദൈവത്തെ ദർശിക്കുമെന്നും എനിക്കറിയാം. മററാരുമല്ല ഞാൻതന്നെ അവിടുത്തെ കാണും. എന്റെ കണ്ണുകൾതന്നെ അവിടുത്തെ വീക്ഷിക്കുകയും ചെയ്യും. എന്റെ ഈ പ്രത്യാശ എന്റെ ഹൃദയാന്തർഭാഗത്തു നിക്ഷിപ്തമായിരിക്കുന്നു."

(ജോബ് 19: 25.)

ഇപ്രകാരമുള്ള ആശയും സ്മരണയും സദാ പുലർത്തിയിരുന്നവരാണു വിശുദ്ധർ എന്നോർക്കുമ്പോൾ അവരുടെ മനോഭാവം മനസ്സിലാക്കുവാൻ പ്രയാസമില്ല. ദൈവത്തെപ്പററിമാത്രം ചിന്തിച്ചുകൊണ്ടു്, അവിടുന്നു് അറിയപ്പെടുന്നതിനും സ്നേഹിക്കപ്പെടുന്നതിനും അതിയായി ആഗ്രഹിച്ചുകൊണ്ടു ജീവിതം നയിച്ച മഹാമതികൾക്കു്, വലിയവലിയ ജീവിതക്ലേശങ്ങൾപോലും പിഞ്ചുകുട്ടികളുടെ കളിപ്പാവകളായിമാത്രം തോന്നിയെങ്കിൽ, അതിൽ എന്തിനു നാം അത്ഭുതംകൊള്ളുന്നു!

# II

## ക്യാമറമനുഷ്യൻ

ഭാവനാപരമായ ഒരു ലോകപര്യടനം നമുക്കു നട ത്താം. ഒരു ക്യാമറക്കൂടി കൈവശംവേണം; വഴിക്കു ചില ഫോട്ടോകൾ എടുക്കേണ്ടതുണ്ട്.

ആധുനികസംസ്കാരം അധ:പതിച്ചുകൊണ്ടിരിക്കു ന്നുവെന്ന ശോചനീയമായ യാഥാർത്ഥ്യത്തെ ആ ഫോ ട്ടോകൾ സ്പഷ്ടമാക്കും. അനന്തനന്മ തന്നെയായ ജഗന്നി യന്താവിനോടു തങ്ങളെ ബന്ധിച്ചിരിക്കുന്ന ശൃംഖല വി ച്ഛേദിച്ചുകളഞ്ഞ മനുഷ്യർ ഇന്ന്, കപ്പലപകടത്തിൽ പ്പെട്ടു കരകാണാതെയുഴലുന്നവരെപ്പോലെയായിത്തീർ ന്നിരിക്കുന്നു. കൊടുങ്കാററിലും ചുഴലിവാതത്തിലും അക പ്പെട്ട് ആന്ദോളനം ചെയ്യുകയാണവർ. തുഴയോ വടക്കു നോക്കിയന്ത്രമോ കൂടാതെ അവരുടെ നൗക തിരമാല കൾക്കിടയിൽ പൊങ്ങിത്താഴുന്നു.

വേദനിപ്പിക്കുന്ന ഈ യാഥാർത്ഥ്യങ്ങളെ പരാമർ ശിക്കുന്നതിൻെറ ആവശ്യകത പിന്നാലേ സ്പഷ്ടമാകും. കൂട്ടംകൂട്ടമായി നമ്മെ പിന്നിട്ടു കടന്നുപോകുന്ന ആ വ ലിയ ജനാവലിയുടെ നേരേ ക്യാമറ തിരിച്ച് അവരുടെ

ഫോട്ടോയെടുക്കുക. നൂറുകോടിയിൽ അധികംവരുന്ന അവർ ആരാണ്? ലോകത്തിലേ ജനസംഖ്യയുടെ മൂന്നിൽ രണ്ടുഭാഗംവരുന്ന അക്രൈസ്തവജനത! പ്രകാശത്തിൻെറ വെൺകതിരേററു വിലസുന്ന ഈ ആധുനികയുഗത്തിൽ ക്രിസ്തുനാഥനേയും മരിയാംബികയേയുംപററി കേൾക്കുകപോലും ചെയ്യിട്ടില്ലാത്തവർ! കൂട്ടംകൂട്ടമായി പദംവച്ചു മുന്നേറുന്ന ആ ജനതതിയെ കാണുക. ഓരോ ദിവസവും പത്തു മണിക്കൂർവീതം അവർ അങ്ങനെ മാർച്ചുചെയ്തു നീങ്ങുകയാണെങ്കിൽ നാല്പതുകൊല്ലത്തിൽ കുറയാതെ വേണ്ടിവരും, നിശ്ചിതസ്ഥാനം കടന്നുപോകുവാൻ. നൂറുകോടി അക്രൈസ്തവർ! അവരെപ്പററി സ്മരിച്ചിരുന്നപ്പോഴെല്ലാം ഭാഗ്യസ്മരണാർഹനായ പതിനൊന്നാം പീയൂസ് മാർപ്പാപ്പയുടെ ഹൃദയം നീറിയിരുന്നുവെങ്കിൽ, അതിൽ അത്ഭുതപ്പെടാനില്ല. ഈ ലോകത്തിൽ നമുക്ക് അതിപ്രധാനവും ഗൗരവാവഹവുമായ ഒരു കടമയുണ്ടെന്നു നമ്മെ അനുസ്മരിപ്പിക്കുമ്പോൾ, അദ്ദേഹത്തിൻെറ മുഖത്തു ദൃശ്യമാകുന്ന ആത്മാർത്ഥതയേയും വാക്കുകളുടെ ഊർജ്ജസ്വലതയേയുംപററി നാമിന്നു് ആശ്ചര്യം കൊള്ളുന്നു! അന്ധകാരത്തിൽ തപ്പിത്തടയുന്ന ജനപദങ്ങളെ ക്രിസ്തുവിൻെറ സുവിശേഷവെളിച്ചത്തിലേക്കു ആനയിക്കുന്നതിനു നാം കഴിവുററു പരിശ്രമിക്കേണ്ടതല്ലേ?

ഒരു കടമ! ഗൗരവാവഹമായ ഒരു ചുമതല! ഒരുവൻെറ അഭീഷ്ടമനുസരിച്ചു നിർവഹിക്കുകയോ ഉപേക്ഷിക്കുകയോ ചെയ്യാവുന്ന ഒന്നല്ല, അതു്.

അടുത്തതായി, ക്രിസ്തുവിൻെറ സുവിശേഷം പ്ര

സംഗിക്കപ്പെട്ടിട്ടുള്ള ചില രാജ്യങ്ങളിലേക്കു ക്യാമറയെ തിരിക്കുക. റഷ്യയിലെ ഗ്രന്ഥകാരന്മാർ വേദനാജനകങ്ങളായ നിരവധി ചിത്രങ്ങൾ നമ്മുടെ മുൻപിൽ നിരത്തിവയ്ക്കും. വിവിധമതസ്ഥരാണെകിലും ഒരേ വസ്തുത തന്നെ അവർ നല്കുന്നു: റഷ്യയിൽ മതവിദ്വേഷവും ദൈവത്തെ നിഷ്കാസനം ചെയ്യുവാനുള്ള സംഘടിതപ്രവർത്തനങ്ങളും നടമാടുന്നു. പൈശാചികപ്രവർത്തനമെന്നുവേണം അതിനെ ന്യായ്യമായി വിളിക്കുവാൻ. കമ്മ്യൂണിസ്റ്റുനേതാക്കന്മാർ അതിൽ അഭിമാനംകൊള്ളുന്നു. മാത്രമോ, തങ്ങളുടെ വിജയം തീർച്ചയാണെന്നും അതു കൈവന്നുകഴിഞ്ഞിരിക്കുന്നുവെന്നും അവർ ലോകത്തോട് ഉറപ്പിച്ചു പറയുകയും ചെയ്യുന്നു. ഈ നിരീശ്വരപ്രചാരണംവഴി പാരത്രികജീവിതത്തിൽ അവിശ്വാസവും ദൈവത്തിനെതിരായുള്ള സമരത്തിൻെറ ബീജങ്ങളും ജനകോടികളുടെ ഹൃദയങ്ങളിൽ അവർ പാകിക്കഴിഞ്ഞു. ഈ യാഥാർത്ഥ്യങ്ങളുടെ മുൻപിൽ കണ്ണടയ്ക്കുന്നതു തീർത്തും വിഡ്ഢിത്തംതന്നെ. നിത്യജീവിതം വെറും പുരാണമോ, കല്പിതകഥയോ ആണെങ്കിൽ, അതിൽനിന്നുള്ള തെളിവാർന്ന നിഗമനം, നാളെ നാം മൺമറഞ്ഞുപോകുമെന്നുള്ളതിനാൽ, ഈലോകത്തിൽ വച്ചു തിന്നുകുടിച്ചുല്ലസിക്കുക; ഈലോകത്തെ നിത്യപറുദീസയായി കരുതുക; വേറൊന്നിനേയും കുറിച്ചു വിചാരപ്പെടാതിരിക്കുക എന്നതാണു്.

ക്രിസ്തുമതത്തെ കടപുഴക്കി എറിയുവാനുള്ള പദ്ധതിയാണു റഷ്യയിലുള്ളതെന്നു റഷ്യയെക്കുറിച്ചു് എഴുതപ്പെട്ടിരിക്കുന്ന നിരവധി ഗ്രന്ഥങ്ങൾ തെളിയിക്കുന്നു. ദി

വ്യബലിയെ അഥവാ, കത്താവിൻെറ അന്ത്യഭോജനത്തെ
പരിഹാസകരമായി ചിത്രണം ചെയ്തിരിക്കുന്ന വലിയവ
ലിയ നോട്ടീസുകളുടെ ഫോട്ടോ എടുക്കുക. തൊഴിലാളി
കളോടും ദരിദ്രരോടും സഭ അനുകമ്പ പ്രദർശിപ്പിക്കു
ന്നില്ലെന്ന്, അഥവാ, ധനികരെ താലോലിക്കുന്നതിനു
സഭ സന്നദ്ധയാണെന്ന്, അതുമല്ലെങ്കിൽ, സാധുക്കളെ
യും അഗതികളേയും അടിമത്തത്തിലും അജ്ഞതയിലും
നിന്നു വിമോചിപ്പിക്കാതിരിക്കുവാൻ അവൾ ദൃഢവ്രത
മെടുത്തിരിക്കയാണെന്ന് അവർ വിളിച്ചുപറഞ്ഞുകൊ
ണ്ടിരിക്കുന്നു. ഈ പണികളെല്ലാം എന്തിനെന്നോ? സഭ
യുടെ വത്സലസന്താനങ്ങളിൽ കാണപ്പെടുന്ന ഐക്യവും
സ്നേഹവും ഇല്ലാതാക്കുവാൻ. ഇതിൽനിന്നും ഇതുപോലു
ള്ള മററനേകം സംഗതികളിൽനിന്നും സുതരാം വ്യക്ത
മാകുന്നുണ്ട്, കമ്മ്യൂണിസത്തിൻെറ വ്യവസ്ഥാപിതവും
നിരന്തരവും ആയ പദ്ധതി എന്തെന്ന്. ഭാഗ്യസ്മരണാർ
ഹനായ പതിനൊന്നാംപീയൂസ് തിരുമനസ്സുകൊണ്ടു പ
റയുന്നു: "കമ്മ്യൂണിസം അതിൻെറ ആധിപത്യം സ്ഥാ
പിച്ചിടത്തെല്ലാം അതിൻെറ ജനയിതാക്കൾ അഭിമാ
നപൂർവ്വം പ്രഖ്യാപിക്കുന്നതുപോലെ, ക്രൈസ്തവസംസ്കാര
ത്തേയും ക്രിസ്തുമതത്തേയും നശിപ്പിക്കുന്നതിനും, മാനവ
ഹൃദയത്തിൽനിന്ന്, പ്രത്യേകിച്ച്, യുവത്തിടമ്പുകളിൽ
നിന്ന് അവയുടെ സ്മരണപോലും നിർമ്മാർജ്ജനം ചെയ്യു
ന്നതിനും എല്ലാവിധത്തിലും പരിശ്രമിച്ചിട്ടുണ്ട്. വിശ്വ
സിക്കുവാൻ നിവൃത്തിയില്ലാത്തവിധമുള്ള വിദ്വേഷവും
നിഷ്ഠുരമായ പ്രവത്തനങ്ങളുംവഴിയാണു ഭയാനകമാ
യ ഈ വിനാശം അവർ സാധിക്കുക."

1937-ലാണു പതിനൊന്നാംപീയൂസ് ഈ പ്രസ്താവന ചെയ്തതു്. അതിനുശേഷം അവിടുന്നു വിലപിച്ച ഈ ദുഃസ്ഥിതി കൂടുതൽ വ്യാപകമായിത്തീരുകയാണുണ്ടായതു്. ആ കഠോരതകളുടെയെല്ലാം പരിണതഫലം, ആരും ദർശിച്ചിട്ടില്ലാത്തവിധത്തിലുള്ള വിനാശകരവും നിർദ്ദയവും അധാർമ്മികവുമായ ഒരു മഹായുദ്ധമായിരുന്നില്ലേ? അനേകം ഫോട്ടോകൾ നാമിപ്പോൾ എടുക്കേണ്ടിയിരിക്കുന്നു. ഫോട്ടോയിൽ പതിയേണ്ട ചിത്രങ്ങൾക്കു കുറവൊന്നുമില്ല. ബോംബു വീണു കത്തിയെരിഞ്ഞു ചാമ്പലായ പട്ടണങ്ങൾ, പാർപ്പിടമില്ലാതെ ആശയറ്റുഴലുന്ന, വിശപ്പിന്റെ വിളിയെ വിരമിപ്പിക്കുവാനാവാതെ, ഒട്ടിയ വയറുകളും ചുങ്ങിയ കവിളുകളുമായി അലഞ്ഞുതിരിയുന്ന അനേകായിരങ്ങൾ, തടങ്കൽപ്പാളയങ്ങളിലെ ഭീകരയാതനകൾ, മഹായുദ്ധത്തിനിടയിൽ മൃതിപ്പെട്ടവരെ സംസ്കരിക്കുവാൻ കഷ്ടിച്ചു മതിയാവുന്ന ഒരു ശ്മശാനസ്ഥലമായി രൂപാന്തരം പ്രാപിച്ചിരിക്കുന്ന ഭൂതലം, എല്ലാത്തിലും ഉപരി, പരിതാപകരമായ ധാർമ്മികാധഃപതനം-ഇവയെല്ലാമാണു നമ്മുടെ ക്യാമറായിൽ പതിയുക. ബാഹ്യമാത്രമായ സാന്മാർഗ്ഗികതകൊണ്ടു മനുഷ്യൻ തൃപ്തനാകുന്നതോ പോകട്ടെ; അതിൽ കൂടുതലായൊന്നും ആവശ്യമില്ലെന്നുകൂടി അവൻ വിചാരിക്കുന്നു! അതിനെക്കാൾ ഉപരിയായ സാന്മാർഗ്ഗികതയെന്തെന്നുതന്നെ അവനു മനസ്സിലാകുന്നില്ല. ജീവന്റെ നാഥനോടുള്ള അതിവിലപനീയമായ ധിക്കാരമാണു് അവന്റെ ജീവിതം. അവർ തങ്ങളുടെ പ്രവർത്തനത്തിനു ദൈവത്തിന്റെ പക്കൽ ഉത്തരവാദികളാണു്.

അവിടുത്തെ ന്യായാസനത്തിങ്കൽ തന്റെ വിചാരം, വചനം, പ്രവൃത്തി ഇവയുടെ കൃത്യമായ കണക്കുകൊടുക്കുന്നതിന്ന് ഓരോ മനുഷ്യനും സന്നിഹിതനായേ മതിയാവൂ. എന്നാൽ, വഴിപിഴച്ച ഇന്നത്തെ ലോകത്തിൽ യാഥാർത്ഥ്യങ്ങളെക്കുറിച്ച് ആരു ചിന്തിക്കുന്നു! അവയിൽ ആരു വിശ്വസിക്കുന്നു?

ചില ഫോട്ടോകൾകൂടി നമുക്ക് എടുക്കാം. അതാ, ഒരു വൈദികൻ! ഇന്നു പ്രദർശിപ്പിച്ചുകൊണ്ടിരിക്കുന്ന സിനിമാചിത്രങ്ങളെപ്പററി ഒരു കുറിപ്പെഴുതുകയാണദ്ദേഹം. അദ്ദേഹത്തിന്റെ ഫോട്ടോ എടുത്തു കഴുകി ശരിപ്പെടുത്തിയതിനുശേഷം അതിൽകാണുന്ന കുറിപ്പു വായിക്കുക: "യുവതീയുവാക്കന്മാരുടെ സന്മാർഗ്ഗബോധവും സദാചാരവും നിയമങ്ങളോടുള്ള ബഹുമാനാദരങ്ങളും ഈ ചലച്ചിത്രത്തിൽ ക്രമേണ ക്ഷയിപ്പിച്ചുകളയുന്നു. എല്ലാ സദാചാരനിയമത്തിനും ഇന്ന് ഇളക്കം തട്ടിയിരിക്കുന്നു! സീനാമലയിൽവച്ചു മൂശയ്ക്കു ദൈവം നല്കിയ പ്രമാണങ്ങൾ ദൈനംദിനം ചലച്ചിത്രങ്ങൾ ചവിട്ടി മെതിച്ചുകൊണ്ടിരിക്കുന്നു.

"ക്രിസ്തുനാഥന്റെ പ്രമാണങ്ങൾ നിരന്തരം ഇതിൽ നിന്ദിക്കപ്പെടുന്നു. അവിടുത്തെ മരണത്തിനു കാരണമാക്കിയ അതേ പാപങ്ങൾതന്നെ ഏററം ആകർഷകമായി കൗശലപൂർവ്വം യവനികയിൽ പ്രദർശിപ്പിക്കപ്പെടുന്നു... ഇതുവഴി പിഞ്ചുകുഞ്ഞുങ്ങളുടെ നിഷ്കളങ്കത മലിനമാക്കപ്പെടുന്നു. അക്രമങ്ങൾ പ്രവർത്തിക്കുന്നതിനു യുവാക്കൾക്കു വ്യക്തമായ ഉത്തേജനം നല്കപ്പെടുന്നു. പേഗൻജനതയുടെ നിരയിലേക്കു സ്ത്രീജനങ്ങൾ തരം

താഴ്ത്തപ്പെടുന്നു. നിയമം പാലിക്കുന്ന സത്യസന്ധർ അപവാദമായി വീക്ഷിക്കപ്പെടുന്നു. അതിപ്രധാനവും ശ്രേഷ്ഠവുമായവയെല്ലാം ഇന്ന് അഗണ്യകോടിയിൽ തള്ളപ്പെട്ടിരിക്കുന്നു."

## ഉദാഹരണങ്ങൾ

നിരാശാജനകമായ നാരകീയതകൾ സർവ്വസ്വാതന്ത്ര്യമായി നടമാടുന്നുവെന്നു പറഞ്ഞാൽ, അതിൽ അല്പവും അതിശയോക്തിയില്ല. ക്രിസ്തുനാഥൻെറ ശത്രുക്കൾ ഭയജനകമാംവിധം വിശ്വവ്യാപകമായി മുന്നേറിക്കൊണ്ടിരിക്കുന്ന വസ്തുത നിഷേധിക്കാവതല്ല. വഞ്ചകനായ പിശാചിൻെറ വൻചതിയിൽപ്പെട്ട് അവൻെറ ഉപകരണങ്ങൾ മാത്രമായി പരിണമിച്ചിരിക്കുന്ന മനുഷ്യർ ദൈവത്തിലും മരണാനന്തരജീവിതത്തിലും ഉള്ള വിശ്വാസത്തെ വേരോടേ പിഴുതുകളയുവാൻ കിണഞ്ഞു പരിശ്രമിക്കുന്നു. അതിൽ അവർ വളരെയേറെ വിജയിച്ചിട്ടുമുണ്ട്. വിദ്വേഷവും അക്രമവും തേർവാഴ്ച നടത്തുന്ന ഒരു ലോകത്തെ പടുത്തുയർത്തുകയാണ് അവരുടെ ഉദ്ദേശ്യം. ലോകം ഏതാണ്ട് ആ വിധത്തിലായിക്കഴിഞ്ഞിരിക്കുന്നു നരകവും പാപവും—ആ യാഥാർത്ഥ്യങ്ങളെ അവർ അപഹസിക്കുന്നു. ക്രിസ്തുനാഥൻെറ സന്മാർഗ്ഗതത്വങ്ങൾ യുക്തിഹീനവും പഴഞ്ചനും അപ്രായോഗികവും ആണെന്ന് അവർ ഉൽഘോഷിക്കുന്നു. കളവിനും കൊലയ്ക്കും, വിവാഹമോചനത്തിനും ഭീകരപ്രസ്ഥാനത്തിനുമെല്ലാം മൈതാനപ്രസംഗങ്ങൾവഴി അവർ പ്രോത്സാഹനം നല്കുന്നു. കത്തോലിക്കരായ നാം അശ്രദ്ധരായി

കഴിഞ്ഞുകൂടുകയോ! ദൈവത്തിനെതിരായി സമരം നടന്നുകൊണ്ടിരിക്കുന്നുവെന്ന പച്ചപ്പരമാർത്ഥത്തെ നാം ഇനിയും മനസ്സിലാക്കിയിട്ടുണ്ടോ? ആ യാഥാർത്ഥ്യത്തെ തുറന്ന കണ്ണുകളോടേ നാം വീക്ഷിക്കുന്നുണ്ടോ? ആ യാഥാർത്ഥ്യത്തിനു ധാരാളം തെളിവുകളുണ്ട്. നിരാശാജനകമെങ്കിലും നമ്മുടെ മജ്ജയിൽ തുളഞ്ഞുകയറേണ്ട ഒരു യാഥാർത്ഥ്യമാണത്. അവസാനം, ആരുവിജയിക്കുമെന്നതിനെപ്പററി ഒരു കത്തോലിക്കനും സംശയിച്ചിട്ടാവശ്യമില്ല. "അവസാനം, എൻെറ വിമലഹൃദയം വിജയിക്കും" എന്നു ദിവ്യാംബിക ആ മൂന്നു കുഞ്ഞുങ്ങളോടു ഫാത്തിമായിൽവച്ച് ഉറപ്പു നല്കിയിട്ടുണ്ട്. മാതാവിൻെറ ഈ മഹനീയവാഗ്ദാനം നമുക്കില്ലായിരുന്നെങ്കിൽത്തന്നേയും നമുക്കറിയാം, നരകവാതിലുകൾ തിരുസ്സഭയ്ക്കെതിരായി ബലപ്പെടുകയില്ലെന്നു്. ചരിത്രത്തിൻെറ ഏടുകൾ മറിച്ചുനോക്കുക. അപ്പോൾ കാണാം, തിരുസ്സഭ എത്രപ്രാവശ്യം, ക്രിസ്തുനാഥനെപ്പോലെ, ക്രൂശിക്കപ്പെടുകയും അവഹേളിക്കപ്പെടുകയും ചെയ്തിട്ടുണ്ടെന്നു്. എന്നാൽ, അവളെ അപഹസിച്ചവരുടെ സ്മരണപോലും ഭൂമുഖത്തുനിന്നു മായിക്കപ്പെട്ടിരിക്കുന്നു! അതേസമയം, തകർന്നുപോയെന്നു വിചാരിക്കപ്പെട്ട സഭ ക്രിസ്തുവിനെപ്പോലെതന്നെ ഉത്ഥാനംചെയ്യുകയാണുണ്ടായതു്. അവൾ ഒരിക്കലും നാമാവശേഷയാവുകയില്ലെന്നു നമുക്കറിയാം. കാരണം, അമർത്ത്യജീവൻെറ വിത്തു് അവളിലുണ്ട്. മനുഷ്യർ അവളെ പീഡിപ്പിച്ചേക്കാം; നരകം അവൾക്കെതിരായി പോരാടിയേക്കാം. എന്നാൽ, ദൈവികസഹായം അവൾക്കുള്ളതിനാൽ, ഏതെല്ലാം വിദ്വേഷവും വഞ്ചനയും

പ്രയോഗിച്ചാലും ആ അമർത്ത്യതയുടെ ബീജത്തെ അവ ളിൽനിന്നു പിഴുതുകളയുക സാദ്ധ്യമല്ല.

## യഥാർത്ഥമായ അനുസരണം

തിരുസ്സഭയുടെ ഉത്ഥാനത്തിൻെറ സുപ്രഭാതവും പ്രതീക്ഷിച്ചു ശാന്തരായി കൈയുംകെട്ടിയിരിക്കുകയാണോ കത്തോലിക്കരായ നാം ചെയ്യേണ്ടതു്? അവസാനം, എല്ലാം ശുഭമായി പര്യവസാനിക്കുമെന്ന വിശ്വാസത്തിൽ, അവളുടെ ഉദ്ധാരണത്തിനു് ഒരു ചെറുവിരലു പോലും നാം അനക്കാതിരിക്കുകയോ? വെല്ലുവിളിയുടെ ഒരു യുഗത്തിലാണു നാമിന്നു ജീവിക്കുന്നതു്. നാം കണ്ട ചിത്രങ്ങൾ വേദനാജനകങ്ങളെങ്കിലും, അവ നമ്മെ നൈരാശ്യത്തിലാഴ്ത്തുവാനോ മാരകമായ മാന്ദ്യത്തിൽ നിപതിപ്പിക്കുവാനോ നാം അനുവദിക്കരുതു്. മറിച്ചു്, നമ്മിൽ ഒളിഞ്ഞുകിടക്കുന്ന ക്രിസ്തുനാഥനുവേണ്ടി ജീവിക്കുന്നതിനുള്ള ദൃഢവ്രതവും അചഞ്ചലമായ അനുസരണത്തോടും ത്യാഗങ്ങളെ വകവയ്ക്കാത്ത തീക്ഷ്ണതയോടുംകൂടിയ വിശ്വസ്തതയും നമ്മിൽനിന്നു ബഹിർഗ്ഗമിക്കുവാൻ അവ ഇടവരുത്തണം. ക്രിസ്ത്യാനിയുടെ ശക്തി പരീക്ഷിക്കുന്ന രംഗമാണു് ആധുനികലോകം. റോമൻ മല്ലരംഗത്തുവച്ചെന്നതുപോലെ ഭീകരമൃഗങ്ങളെ, അവൻ ഏററുമുട്ടേണ്ടിയിരിക്കുന്നു. അവൻ ഒരു യോദ്ധാവാകണം—പടവെട്ടുന്ന ഒരു കത്തോലിക്കൻ. അടിപ്പെടാതിരിക്കുവാൻ നോക്കിയാൽമാത്രം പോരാ. ശത്രുവിൻെറ നിരകളെ ഭേദിച്ചു് അവൻെറ ആയുധംകൊണ്ടുതന്നെ അവനെ അടിച്ചമർത്തണം.

ഇന്നത്തെ ഭൗതികസംസ്കാരം അതിൻെറ തിന്മകളും പേറിക്കൊണ്ടു മനുഷ്യസമുദായത്തിൽ കറങ്ങിത്തിരിയുകയാണ്. കത്തോലിക്കൻ യഥാൎത്ഥസംസ്കാരത്തെ പുനഃസ്ഥാപിക്കുകയും ദൃഢീകരിക്കുകയും ചെയ്യണം. എന്തുകൊണ്ടെന്നാൽ, അതിനുവേണ്ടുന്ന ശക്തിയും ജ്ഞാനവും അവനുണ്ട്. എന്നാൽ, അതെങ്ങനെ നിർവഹിക്കും?

പ്രേഷിതചൈതന്യമുററ ഉത്തമകത്തോലിക്കനെ അലട്ടുന്ന ഒരു പ്രശ്നമാണ്, ദൈവത്തിൽനിന്ന് അകന്നു പോകുന്ന ആധുനികലോകം. ലോകത്തിൻെറ ഈ പോക്കുകണ്ട് അവൻ വാസ്തവത്തിൽ വളരെ ദുഃഖിക്കുന്നു. വിനാശകമായ ഈ നിലയിൽനിന്നു ലോകത്തെ സമുദ്ധരിക്കാൻ ഉൽകണ്ഠാകുലനെങ്കിലും, അതിനു മാർഗ്ഗം കാണാതെ അവൻ കുഴയുകയാണ്. എന്തുചെയ്യണം, എങ്ങനെ ചെയ്യണം എന്നതിനെപ്പററി അവന് ഒരു പിടിപാടുമില്ല. അവൻ നേരിടേണ്ട ശത്രുവിഭാഗം അതിശക്തമാണ്. ആ ശത്രുവ്യൂഹത്തിൻെറ മുൻപിൽ ബലഹീനനായ ഒരു വ്യക്തി എത്ര നിസ്സാരൻ! തിന്മയുടെ ശക്തികളെ തകർക്കാൻതക്ക കഴിവോ സാഹചര്യമോ തനിക്കില്ലെന്ന് അവൻ പരാതിപ്പെടുന്നു. പ്രത്യേകമായ പരിശീലനമോ വിദ്യാഭ്യാസമോ അവനു ലഭിച്ചിട്ടില്ലായിരിക്കാം. പ്രസംഗചാതുര്യമോ സംഘടനകൾക്കു രൂപംകൊടുക്കുവാൻ സാമത്ഥ്യമോ അവനില്ലായിരിക്കാം. തൂലികായോധനത്തിലേർപ്പെടാൻ അവനു ധൈര്യം പോരാ. വാദപ്രതിവാദത്തിനൊരുമ്പെട്ടാൽ താൻ എളുപ്പം പരാജിതനായേക്കുമെന്ന് അവൻ ശങ്കിക്കുന്നു. അവസാനം, അവൻ ഇങ്ങനെ ഒരു തീരുമാനത്തിൽ എ

ത്തുന്നു: "ഞാൻ ചെയ്യേണ്ടതു ഞാൻ ചെയ്യും. എന്റെ നിത്യരക്ഷ ഭദ്രമാക്കും. മററുള്ളവരുടെ കാര്യത്തിൽ ഇടപെട്ട്, ഞാൻ എന്തിനു തല ചൂടുപിടിപ്പിക്കുന്നു? പ്രമാണങ്ങൾ അക്ഷരത്തിനോ പുള്ളിക്കോ മാററംവരുത്താതെ നിറവേററുക; അനുദിനകൃത്യങ്ങൾ കൃത്യമായി അനുഷ്ഠിക്കുക; നല്ലവണ്ണം പ്രാർത്ഥിക്കുക. കഴിവുപോലെ ദിവ്യബലിയിൽ ഭക്തിപുരസ്സരം സംബന്ധിക്കുക. കൂടെക്കൂടെ പാപസങ്കീർത്തനം ചെയ്യുക. വി. കർബ്ബാന സ്വീകരിക്കുക—ഇത്രയും മതി എനിക്ക്."

## താലേന്തുകൾ

ദൈവം ഇതിൽ കൂടുതലൊന്നും തങ്ങളിൽനിന്നു പ്രതീക്ഷിക്കുന്നില്ലെന്നാണു ചിലരുടെ അഭിമതം. നമ്മുടെ ദിവ്യനാഥൻ അരുൾചെയ്തിട്ടുള്ള അർത്ഥസംപുഷ്ടമായ താലേന്തുകളുടെ ഉപമ ഇത്തരക്കാർ ഹൃദിസ്ഥമാക്കേണ്ടതാണ്—ഒരുവനു പത്തു താലേന്തും വേറൊരുവന് അഞ്ചു താലേന്തും മൂന്നാമതൊരുവന് ഒരു താലേന്തും നല്കപ്പെട്ടു. ഈ ഒരു താലേന്തു കിട്ടിയവന്റെ ഗണത്തിൽപ്പെട്ടവരാണിവർ. സ്വന്തം ആത്മരക്ഷയിൽമാത്രം സർവ്വശ്രദ്ധയും ചെലുത്തുന്നതിൽ ഇവർ തൃപ്തിയടയുന്നു. ദൈവം നല്കിയിട്ടുള്ള കഴിവുകളോടും ദാനങ്ങളോടും സഹകരിച്ച്, ദൈവം തങ്ങളിൽനിന്നു പ്രതീക്ഷിക്കുന്നതുപോലെ എല്ലാം ഭംഗിയായി തങ്ങൾ നിറവേററുന്നുണ്ടെന്ന് ഇവർ പറയുകയും ചെയ്യുന്നു. എന്നാൽ, അതു വാസ്തവമാണോ? ക്രിസ്തുവിന്റെ ശത്രുക്കളുടെ പൈശാചികമായ ഊർജ്ജസ്വലതയും ഇന്നത്തേ

സ്ഥിതിഗതികളും വീക്ഷിക്കുമ്പോൾ പ്രസ്തുതമനഃസ്ഥിതിയെ അംഗീകരിക്കുവാൻ സാധിക്കുമോ?

ചിന്താശീലനായ ഓരോ കത്തോലിക്കനും തൻെറ മനസ്സാക്ഷിയോടും ഹൃദയത്തോടും ചോദിക്കേണ്ട ഒരു ചോദ്യമുണ്ട്: "എൻെറ ആദ്ധ്യാത്മികജീവിതം എല്ലാവിധത്തിലും തൃപ്തികരമാണോ?" വാഴ്ത്തപ്പെട്ട ക്ലാഡ് ദെ ലാ കൊളംബിയർ (Claude de la colombiere) പ്രസ്താവിക്കുന്നു: "ആത്മസംതൃപ്തി പൂണ്ടിരിക്കുന്ന ആത്മാക്കളെക്കാൾ കൂടുതലായി മററാരും ദൈവത്തിന് അപ്രീതി ഉളവാക്കുന്നില്ല."

നമുക്കു കഴിവുള്ളതെല്ലാം നല്കുവാൻ നമ്മുടെ കർത്താവു നമ്മോട് ആവശ്യപ്പെടുന്നു. ഈ വസ്തുത വ്യക്തമാക്കുന്ന ചില സംഭവങ്ങൾ ക്രിസ്തുനാഥൻെറ ജീവിതത്തിൽത്തന്നെ കാണുന്നുണ്ട്. കാനായിലെ കല്യാണമഹോത്സവത്തിൽ, അവർ ഭരണികളിൽ നിറച്ചുവെച്ച വെള്ളത്തെ അവിടുന്നു വീഞ്ഞാക്കി മാററി. അപ്പോൾ പച്ചവെള്ളം നല്കാൻ മാത്രമേ അവർക്കു കഴിവുണ്ടായിരുന്നുള്ളൂ. വെള്ളമൊന്നുംകൂടാതെതന്നെ വീഞ്ഞുണ്ടാക്കാൻ അവിടുത്തേക്കു സാധിക്കുമായിരുന്നു. മനുഷ്യർക്കു കഴിവുള്ളതു് അവരെക്കൊണ്ടു ചെയ്യിക്കാൻ അവിടുന്ന് ആഗ്രഹിക്കുന്നു. മരുഭൂമിയിൽവച്ച് ഒന്നിലധികം പ്രാവശ്യം അവിടുന്ന് അനേകായിരങ്ങളെ തീററിപ്പോററി. അപ്പോഴെല്ലാം അവരുടെ പരിമിതമായ കഴിവിലുണ്ടായിരുന്നവ—ഏതാനും അപ്പക്കഷണങ്ങളും മീൻനുറുക്കുകളും—സ്വീകരിച്ച്, അവ വർദ്ധിപ്പിക്കയാണ് അവിടുന്നു ചെയ്തതു്. പ്രപ

ഞ്ചവസ്തുക്കളെ ഇല്ലായ്മയിൽനിന്ന സൃഷ്ടിച്ച അവിട്ട ത്തേക്ക് അവരുടെ നിസ്സാരങ്ങളായ ഉണങ്ങിയ അപ്പക്ക ഷണങ്ങളോ കരിഞ്ഞ മീൻനുറുക്കകളോക്കൂടാതെതന്നെ ആ അത്ഭുതങ്ങൾ പ്രവർത്തിച്ച് അവർക്ക ഭക്ഷണം നല്കാമായിരുന്നു. എന്നാൽ, അവരെക്കൂടി ആ പ്രവൃ ത്തിയിൽ ഭാഗഭാക്കുകളാക്കാൻ അവിട്ടന്ന് ഇഷ്ടപ്പെട്ടു. അതിനാൽ, അവിട്ടന്ന് അവരുടെ കൈവശമുണ്ടായിരു ന്നതു സ്വീകരിക്കുകയും വർദ്ധിപ്പിക്കുകയും ചെയ്തു.

അതേരീതിയിൽ ഇന്നു നാം സമർപ്പിക്കുന്നതും അവിട്ടന്നു സ്വീകരിക്കുന്നു. നമുക്കുള്ളതിൽ ഒട്ടും കുറവു വരുത്താതെ മുഴുവനും അവിട്ടത്തേക്ക സമർപ്പിക്കുന്നെ ങ്കിൽ നാം ഉൽകണ്ഠാകുലരാകേണ്ടതില്ല. മററുള്ളവർ ക്കായി നമ്മോടു ചെയ്യാൻ അവിട്ടന്ന് ആവശ്യപ്പെടു ന്നവ നിറവേററാതിരിക്കാൻ സ്വാർത്ഥതാൽപര്യങ്ങൾ നമ്മെ പ്രേരിപ്പിച്ചേക്കാം. അതിനു നാം വഴങ്ങുന്നെ ങ്കിൽ, നമ്മുടെ ഔദാര്യപൂർവ്വകമായ സഹകരണംവഴി മററുള്ളവർക്ക നല്കുവാൻ അവിട്ടന്നു സജ്ജമാക്കിയി രിക്കുന്ന ദൈവദാനങ്ങളെ തടഞ്ഞു നിറുത്തുകയാണു നാം. "തന്റെ സഹോദരനെപ്പററി ദൈവം ഓരോ മനുഷ്യ നും കല്പന നല്കിയിരിക്കുന്നു."

ഒരു വ്യക്തിതന്നെ വിചാരിച്ചാൽ എന്തു ചെയ്യു വാൻ കഴിയും! സാഞ്ചിയൻ ദ്വീപിന്റെ തീരത്തു മര ണാസന്നനായി കിടക്കുന്ന വിശുദ്ധ ഫ്രാൻസിസ് സേവ്യ റിനോടു ചോദിക്കുക. അല്ലെങ്കിൽ, ഇരുപത്തിനാലു വ യസ്സുവരെമാത്രം ജീവിച്ച്, കർമ്മലമഠത്തിൽ അന്ത്യശ്വാ

സം വലിക്കുന്ന വി. ചെറുപുഷ്പത്തോടു ചോദിക്കുക. അതുമല്ലെങ്കിൽ, വിശുദ്ധ ജോൺ മരിയവിയാനി തന്നിയേ, പാപികളെ മനസ്സുതിരിക്കാനും ആത്മാക്കളെ പുണ്യത്തിൻെറ ഉന്നതസോപാനത്തിലേക്കു നയിക്കാനുംവേണ്ടി ആർസിലും ഫ്രാൻസിലും യൂറോപ്പിലും എന്തു ചെയ്തെന്നും, ഇന്ന് എന്തു ചെയ്യുമായിരുന്നെന്നും ചോദിക്കുക. സാധുജനസേവനത്തിലേർപ്പെട്ട ഒരു ഒസ്സാനാമിൻെറ നേട്ടങ്ങളെപ്പററി എന്തു പറയുന്നു? അല്മായനെങ്കിലും ക്രിസ്തുവിൻെറ ചൈതന്യത്താൽനിറഞ്ഞ ഗാർസിയാ മൊരീനോ (Garcia Moreno) വിൻെറ വിശ്രമരഹിതമായ നിസ്തുലസേവനങ്ങൾ ഫലപൂർണ്ണമല്ലായിരുന്നോ? ഒരു സ്നേഹിതന് അദ്ദേഹം ഒരിക്കൽ എഴുതി: "ഞാൻ ദിവസത്തിലെ പതിനാറു മണിക്കൂറും കഠിനമായി അദ്ധ്വാനിക്കുന്നു; ദിവസത്തിൽ നാല്പത്തെട്ടു മണിക്കൂറുണ്ടായിരുന്നെങ്കിൽ, നാല്പതു മണിക്കൂറും മടുപ്പുകൂടാതെ ഞാൻ പ്രവർത്തിക്കുമായിരുന്നു."

ദൈവത്തിൻെറ സഭയിൽ പ്രവർത്തനനിരതരായ ഇത്തരക്കാരെ എക്കാലത്തും കാണാം. ആധുനികസാഹചര്യങ്ങളിൽ ഇത്തരക്കാരുടെ സേവനം എത്രകണ്ട് ആവശ്യകമെന്നു മേൽപ്രസ്താവിച്ചവയിൽനിന്നു വ്യക്തമാണല്ലോ. നേതൃത്വം വഹിക്കുന്നതിനും സംഘടനകൾ കരുപ്പിടിക്കുന്നതിനും തൂലികാരയോധനത്തിലേർപ്പെടുന്നതിനും ഉജ്ജ്വലപ്രസംഗങ്ങളാൽ ആത്മാക്കളെ നേടുന്നതിനും വേണ്ട അസാധാരണമായ കഴിവുകൾ, ക്രിസ്തുവിനുവേണ്ടി പ്രവർത്തിക്കാൻ സന്നദ്ധരായി സേവനരംഗത്തിറങ്ങുന്ന എല്ലാവർക്കും ഉണ്ടായെന്നു വരുകയില്ല. കു

ഴഞ്ഞുമറിഞ്ഞു കിടക്കുന്ന ലോകപ്രശ്നങ്ങൾക്കു ശരിയാ
യ പ്രതിവിധി വ്യക്തിപരമായ കഴിവുകളിലല്ല അട
ങ്ങിയിരിക്കുന്നതെന്നു നാം മനസ്സിലാക്കണം

## ക്രിസ്തുനാഥന്റെ മാർഗ്ഗങ്ങൾ

ദിവ്യനാഥൻതന്നെ നമ്മുടെ പ്രശ്നത്തിനു ശരിയാ
യ പരിഹാരം നിർദ്ദേശിക്കുന്നുണ്ട്. വി. മർഗരീത്തമറി
യത്തിനുണ്ടായ വെളിപാടുകളിൽ, ബാഹ്യപ്രവർത്തന
ങ്ങളോ സംഘടനകളോ—അവ എത്രതന്നെ പ്രശംസാ
ർഹങ്ങളായിരുന്നാലും—ലോകത്തെ സമുദ്ധരിക്കുവാൻ പ
ര്യാപ്തങ്ങളല്ലെന്ന് അവിടുന്നു വ്യക്തമാക്കി. ഇവയ്ക്കൊ
ന്നും സ്ഥാനമില്ലെന്നോ ഇവയുടെ പ്രവത്തനമണ്ഡലങ്ങ
ളും മഹനീയനേട്ടങ്ങളും പരിഗണനാർഹങ്ങളല്ലെന്നോ
അല്ല ഇവിടത്തെ വിവക്ഷ. ആത്മാക്കളുടെ മാനസാന്ത
രവും സുകൃതാഭിവൃദ്ധിയും ദൈവവരപ്രസാദലബ്ധി
യെയാണ് ആശ്രയിച്ചിരിക്കുന്നത്. അതിനാൽ, ക്രിസ്തു
വിനുവേണ്ടി പ്രവർത്തനങ്ങളിലേർപ്പെടുന്നവർ തങ്ങളി
ലൂടെ ആത്മാക്കളിലേക്കു ദൈവവരപ്രസാദജലം നിറ
ഞ്ഞു കവിഞ്ഞൊഴുകത്തക്കവണ്ണം, എല്ലാത്തിനുമുപരി
യായി, ആന്തരികജീവിതത്തിലും ദൈവൈക്യത്തിലും
ദിനംദിനം അഭിവൃദ്ധിപ്പെടാൻ സർവ്വാത്മനാ പരിശ്ര
മിക്കണം. ഫാദർ ഫേബർ പറയുന്നു: "പുണ്യപൂർണ്ണത
പ്രാപിച്ചിട്ടില്ലെങ്കിലും ആ നിലയിലെത്താൻ അതീവ
യത്നം ചെയ്യുന്ന തീക്ഷ്ണമതിയായ ഒരാത്മാവു സാധാ
രണക്കാരായ അനേകായിരം കത്തോലിക്കരെക്കാൾ തി
രുസ്സഭയ്ക്കു വിലപ്പെട്ടതാണ്." ഫാദർ പൗളിന്റെ

(Pere Poulain, S J.) അഭിപ്രായം ശ്രദ്ധേയമാണ്: "ഒച്ചപ്പാടുണ്ടാക്കുക എന്നതാണു പ്രവർത്തനമെന്നു പലപ്പോഴും നാം വിചാരിക്കുന്നു. ക്യാൻവാസിൽ തൂലിക മന്ദംമന്ദം ചലിപ്പിച്ചു ഹൃദയാവർജ്ജകങ്ങളായ ചിത്രങ്ങൾക്കു രൂപം കൊടുക്കുന്ന ചിത്രകാരൻ, കർണ്ണകഠോരമായ ശബ്ദമുണ്ടാക്കി അധ്വാനം ചെയ്യുന്ന ഒരു കൊല്ലനെക്കാൾ ജോലിത്തിരക്കു കുറഞ്ഞവനെന്നു പറയാമോ?"

ബാഹ്യഫലങ്ങൾ നോക്കി വിജയത്തെ നിർണ്ണയിക്കുകയെന്നതാണ് ആധുനികചിന്താഗതി. എന്നാൽ, യഥാർത്ഥത്തിൽ വിലപ്പിടിപ്പുള്ള നേട്ടങ്ങൾ ആത്മാവിന്റെ ഉള്ളറയിൽ ഒളിഞ്ഞിരിക്കുന്നു. ആത്മാവു സ്വകൃതജീവിതത്തിൽ വളർന്നു പരിപുഷ്ടിപ്പെടട്ടെ. അപ്പോൾ, ബാഹ്യപ്രവർത്തനങ്ങളുടെ ഒച്ചപ്പാടും ബഹളവുംകൊണ്ടെന്നതിനെക്കാൾ പ്രാർത്ഥനയും പരിത്യാഗവുംവഴി ശാശ്വതമായ നന്മ ചെയ്യുവാൻ ആ ആത്മാവിനു കഴിയും. ബാഹ്യപ്രവർത്തനങ്ങളുടെ ആവശ്യകതയെ നിഷേധിക്കുകയല്ല; പ്രത്യുത, പാരിലമോണിയായിലെ വെളിപാടുകളിൽ അന്തർഭവിച്ചിരിക്കുന്ന ഒരു യാഥാർത്ഥ്യത്തെ തുറന്നുകാട്ടുകമാത്രമാണ് ഇത്രയും പ്രസ്താവിച്ചതിന്റെ ഉദ്ദേശ്യം.

കലർപ്പററ വിശുദ്ധി പ്രവർത്തനനിരതമായിരിക്കും എന്നതിനു സംശയമില്ല. ദൈവത്തിന് ആത്മാക്കളോടുള്ള നിസ്സീമമായ സ്നേഹം കുറെയെങ്കിലും ഗ്രഹിക്കുന്നവർ മററുള്ളവരെക്കൂടി പ്രസ്തുതസ്നേഹത്തിൽ ഭാഗഭാക്കുകളാക്കുവാനുള്ള ആഗ്രഹത്താൽ പ്രചോദിതരാകാ

തിരിക്കയില്ല. പരസ്നേഹകൃത്യങ്ങൾക്കായി ലഭിക്കുന്ന യാതൊരവസരവും അവർ പാഴാക്കുകയുമില്ല. ആന്തരികജീവിതത്തിൻേറയും ദൈവൈക്യത്തിൻേറയും ബഹിർസ്ഫുരണമാണ് അവരുടെ പ്രവർത്തനങ്ങളെല്ലാം. ആത്മാവിൻെറ വിലയും അതിനെ സ്വന്തമാക്കാനുള്ള ദൈവത്തിൻെറ അതിയായ ആഗ്രഹവും ഗ്രഹിക്കുന്നവർ തങ്ങളുടെ കഴിവുകളെല്ലാം ആത്മാക്കൾക്കു നന്മ ചെയ്യുവാൻവേണ്ടി വിനിയോഗിക്കാൻ ദൃഢപ്രതിജ്ഞ ചെയ്യും. ആത്മാക്കളെ രക്ഷിക്കുക എന്ന ചിന്തയാൽ അവരുടെ ഹൃദയം ഉജ്ജ്വലിക്കും. സ്വന്തം അഭിരുചിയനുസരിച്ച് അങ്ങുമിങ്ങും എത്തിലും തള്ളിക്കയറി ബഹളമുണ്ടാക്കുകയും, തങ്ങളുടെ തീക്ഷ്ണത ദൈവികപ്രേരണയാലുള്ളതെന്നു നടിക്കുകയും ചെയ്യുന്നവരിൽനിന്ന് അവർ വളരെ വിഭിന്നരാണ്. ആത്മാക്കൾക്കു ശാശ്വതമായ നന്മ ചെയ്യുവാൻപോരുന്ന യഥാർത്ഥമായ തീക്ഷ്ണത ദൈവവുമായുള്ള ഗാഢൈക്യത്തിൽനിന്നു മാത്രമേ മുളയെടുക്കൂ.

ഈശോയുടെ ദിവ്യഹൃദയം വി. മർഗ്ഗരീത്തമറിയത്തിനു നല്കിയ വെളിപാടുകളിൽ പ്രസ്തുതതത്വം വളരെ വ്യക്തമായി കാണാം. താൻ വിശേഷവിധി സ്നേഹിക്കുന്ന നാലുഗണം ആത്മാക്കളുടെ കാര്യം അവിടുന്ന് എടുത്തു പറഞ്ഞിട്ടുണ്ട്. ഈ നാലുഗണക്കാരിലുമുള്ള പ്രത്യേകസുകൃതങ്ങൾ അവളിലും മററുള്ളവരിലും പകത്തുവാനായിരിക്കണം അവളുടെ ശ്രമമെന്ന് അവിടുന്ന് അവളോടുപദേശിച്ചു. അടിയുറച്ച എളിമയിൽ തങ്ങളുടെ ആദ്ധ്യാത്മികജീവിതം കെട്ടിപ്പടുത്തവരാണ് അവരിൽ

ഒന്നാമത്തേ വിഭാഗം. "അഹംകാരികളെ ദൈവം എതിർക്കുകയും എളിമയുള്ളവർക്കു തൻെറ ദാനങ്ങൾ നല്കുകയും ചെയ്യുന്നു." സൗമ്യതയും എളിമയുമുള്ള ആത്മാക്കളെ തൻെറ തിരഞ്ഞെടുക്കപ്പെട്ട സ്നേഹഭാജനങ്ങളായി ഈശോ ചൂണ്ടിക്കാണിച്ചതിൻെറ രഹസ്യമിതാണ്. തന്നെ ഭരമേല്പിക്കുന്ന കാര്യങ്ങൾ പൂത്തിയാക്കാൻ താൻ തീർത്തും കഴിവററവളെന്നു വി. മർഗ്ഗരീത്തമറിയം പരാതിപ്പെട്ടപ്പോൾ, ദിവ്യനാഥൻ അവളെ ആശ്വസിപ്പിച്ചുകൊണ്ടു അരുൾചെയ്തു, അവൾ അജ്ഞതയുടേയും ഇല്ലായ്മയുടേയും അത്യഗാധമായതിനാലാണു് അവളെത്തന്നെ തൻെറ ദൗത്യം നിർവ്വഹിക്കുന്നതിനു തിരഞ്ഞെടുക്കാൻ താൻ തീരുമാനിച്ചതെന്ന്.

## എളിമയുള്ള ഹൃദയം

ഈശോയുടെ ദിവ്യഹൃദയത്തെ സ്വാധീനമാക്കുന്ന എളിമ അടങ്ങിയിരിക്കുന്നതു ശരിയായ ആത്മജ്ഞാനത്തിലത്രേ. എളിമയുള്ളവൻ തൻെറ കഴിവുകളെക്കുറിച്ചു് അജ്ഞനല്ല. ആത്മാക്കളെ രക്ഷിക്കുന്നതിൽ ഔൽസുക്യം പ്രദർശിപ്പിക്കുകയും അതിനുവേണ്ടി തീക്ഷ്ണതയോടേ പ്രാർത്ഥിക്കുകയും ജീവിതത്തിലേ ഓരോ ദിവസവും അതിനുവേണ്ടി പ്രയത്നിക്കുകയും ചെയ്യുന്നവൻ—അങ്ങനെയെല്ലാം താൻ ചെയ്യുന്നുവെന്ന് അറിഞ്ഞിരിക്കെ—തനിക്കു തീക്ഷ്ണതയില്ലെന്നും പ്രാത്ഥനാചൈതന്യമില്ലെന്നും സമയമെല്ലാം അലസമായി തള്ളിവിടുകയാണെന്നും പറയുന്നെങ്കിൽ അതു് എളിമയുടെ ലക്ഷണമല്ല. തനിക്കു ലഭിക്കുന്ന ദൈവദാനങ്ങളെ മററുള്ളവ

രിൽനിന്നു മറച്ചുവയ്ക്കുക എന്നതു് എളിമയാണെന്നു വിശ്വസിക്കുന്ന ചിലരുണ്ടായിരിക്കാം. വി. അമ്മത്രേസ്യാ അത്തരക്കാരെ ശക്തിയേറിയ ഭാഷയിൽ അപലപിച്ചിട്ടുണ്ടു്. സ്നേഹവും കരുണയുംനിറഞ്ഞ ദൈവം അവിടുത്തെ അനന്തനിക്ഷേപങ്ങൾ തൻെറ ആത്മാവിൽ ചൊരിയുന്നെന്നും തനിക്കു സ്വന്തമായവയൊന്നുമില്ലെന്നും സാക്ഷാത്തായ എളിമയുള്ളവൻ പ്രസ്താവിക്കും. ഇല്ലായ്മയും ദുഷ്ടതതന്നെയുമായ തന്നിൽ സർവ്വശക്തനും പരിശുദ്ധിമാത്രവുമായ ദൈവം ഇത്ര തൽപരനായിരിക്കുന്നതിൽ അവൻ ലജ്ജാവിവശനാകുകയും ചെയ്യും.

അതെപ്പററി ശരിയായ അവബോധം അവനുണ്ടായിരിക്കും. അവൻെറ ആ അവബോധത്തിൽനിന്നു്, ദൈവത്തിനു തന്നെ സംപ്രീതനാക്കുന്ന ഒരു ജീവിതവീക്ഷണം അവനു സിദ്ധിക്കുന്നു. ആ വീക്ഷണമനുസരിച്ചു തൻെറ സകല പ്രവർത്തനങ്ങളും ജീവിതം മുഴവനും അവൻ ക്രമപ്പെടുത്തുകയും ചെയ്യുന്നു. ഏററം നിസ്സാരങ്ങളായ പാപങ്ങളെപ്പോലും ഭയപ്പെടുന്നതിനും വെറുക്കുന്നതിനും പ്രസ്തുത ജീവിതവീക്ഷണം അവനെ പ്രേരിപ്പിക്കും. പ്രവർത്തനങ്ങളുടെ വിജയം തൻേറതെന്നതിനെക്കാൾ ദൈവത്തിൻേറതെന്നു പറയുവാൻ അപ്പോൾ അവൻ സന്നദ്ധനായിരിക്കും. അപജയങ്ങളിൽ അവൻ ദൈവതിരുവിഷ്ടത്തെ സന്തോഷത്തോടെ സ്വീകരിക്കുകയും അവിടുന്നു നല്ലതെന്തെന്നു് അറിയുന്നുവെന്നു് ഏററുപറയുകയും ചെയ്യുന്നു.

തികഞ്ഞ വാഗ്മിയായിരുന്നു, വി. റോബർട്ടുബ

ല്ലാർമിൻ. മാർപ്പാപ്പയോടും കർദ്ദിനാളന്മാരോടും ഒരു പ്രസംഗം ചെയ്യുവാൻ വിശുദ്ധന് ഒരിക്കൽ അവസരം ലഭിച്ചു. ആ പ്രസംഗത്തിന് അദ്ദേഹം വളരെ ശ്രദ്ധയോടേ ഒരുങ്ങി. പക്ഷേ, ശ്രോതാക്കളെ ആകർഷിക്കുന്നതിൽ അദ്ദേഹം പരാജയപ്പെടുകയാണുണ്ടായതു്. വേറൊരവസരത്തിൽ, തികച്ചും അപ്രതീക്ഷിതമായി വീണ്ടും വിശുദ്ധൻ പ്രസംഗത്തിനു ക്ഷണിക്കപ്പെട്ടു. പ്രസംഗത്തിനു തയ്യാറെടുക്കുവാൻ സമയമില്ലായിരുന്നെങ്കിലും, അന്നത്തെ പ്രഭാഷണം എല്ലാവരുടേയും പ്രശംസയ്ക്കു പാത്രമായി. ഈ അന്തരത്തിൻെറ കാരണം ആരാഞ്ഞവർക്കു വിശുദ്ധൻ നല്കിയ മറുപടി ഇതാണു്: "അന്നു നിങ്ങൾ കേട്ടതു റോബർട്ടു ബെല്ലാർമിനെയാണു്; ഇന്നു കേട്ടതു പരിശുദ്ധാത്മാവിനേയും."

വിശുദ്ധൻ പറഞ്ഞതു വളരെ പരമാർത്ഥമാണു്. കലർപ്പററ എളിമയുള്ളവരുടെ മനോഭാവം അങ്ങനെയായിരിക്കും. "നീ സ്വീകരിക്കാത്തതായി നിനക്കെന്തുണ്ടു്? അങ്ങനെ സ്വീകരിച്ചെങ്കിൽ, പിന്നെ എന്തിനു സ്വീകരിച്ചിട്ടില്ലാത്തവനെപ്പോലെ നീ പ്രശംസിക്കുന്നു?" സാധാരണക്കാർക്കുപോലും മനസ്സിലാകുന്ന ഒരു പച്ചപ്പരമാർത്ഥം. എന്നാൽ, അതു ജീവിതത്തിൽ പ്രായോഗികമാക്കുന്നവർ എത്ര വിരളം! നിൻെറ നിലയ്ക്കു് ഒട്ടും ചേരാത്ത ഒരഭിപ്രായം തട്ടിമൂളിക്കുവാൻ ഇടയായാൽ അതിനെ പിൻവലിക്കുവാൻ നീ എത്രമാത്രം തത്രപ്പെടുകയില്ല! നിനക്കെതിരായി ചില വാർത്തകൾ പ്രചരിക്കുന്നുവെന്നിരിക്കട്ടെ. അതു് അങ്ങനെയല്ല; അതുയൊന്നുമില്ല; വെറുതേ, ഇല്ലാത്തതു് ഉണ്ടാക്കിപ്പറയുന്നതാ

ണ് എന്നൊല്ലാം പറഞ്ഞു നിന്നെത്തന്നെ നീ ന്യായീക രിക്കയില്ലേ? നേരേമറിച്ച്, മററുള്ളവരെ ചിന്തിപ്പിക്കു കയും രസിപ്പിക്കുകയും ചെയ്യുന്ന ഒരൊന്നാംതരം ഫലി തമാണു നീ പറഞ്ഞതെങ്കിൽ അതു പലതവണ ആവ ർത്തിക്കുവാൻ നീ വെമ്പൽകൊള്ളും. കുഴപ്പംപിടിച്ച ഒരു സംഗതി നീ വളരെ നന്നായി നിർവഹിക്കുന്നെങ്കിൽ അക്കാര്യം മററുള്ളവർ അറിയുവാൻ നീ ആഗ്രഹിക്കും. നിനക്ക് അവമാനം വരുത്തുന്നവ ദൂരീകരിക്കുന്നതിനും മറച്ചുപിടിക്കുന്നതിനും നീ അതീവശ്രദ്ധാലുവാണ്. എല്ലാവരും നിന്നെ അറിയുവാനും പ്രശംസിക്കുവാനും വേണ്ടി നിൻെറ മഹത്വത്തിനുതകുന്നവയെ നീ കൊട്ടി ഘോഷിക്കുന്നു. ദൈവത്തിൽനിന്നല്ലാതെ തന്നിൽനിന്നു നന്മയായി യാതൊന്നുമില്ലെന്ന് ആത്മാർത്ഥമായി വി ശ്വസിക്കുന്നവൻെറ ചിന്താഗതി ഇതോ!

## ഉത്തമദൃഷ്ടാന്തം

ഇതുപോലെതന്നെ എളിമയുള്ളവൻ മററുള്ളവരു ടെ കുററങ്ങളും കുറവുകളും അനായാസേന ക്ഷമിക്കുന്നു. തന്നെ വേദനിപ്പിക്കുകയോ അവമാനിക്കുകയോ ചെയ്തു വർക്കു സഹായം നല്കാൻ ലഭിക്കുന്ന അവസരത്തെ അവൻ പരമാവധി പ്രയോജനപ്പെടുത്തും. വൃദ്ധനായ ഒ രു വൈദികന് ഒരിക്കൽ ഒരു കത്തു കിട്ടി. അദ്ദേഹത്തെ അങ്ങേയററം അധിക്ഷേപിച്ചുകൊണ്ടുള്ളതായിരുന്നു, അത്. അദ്ദേഹം ഒരു മറുപടി എഴുതി. അതു വായിച്ച പ്പോൾ ആ അപവാദകൻ വിസ്മയസ്തബ്ധനായിപ്പോ യി. സംശയിക്കാനാവാത്തവിധം ആത്മാർത്ഥമായ ക്ഷ

തജ്ഞതയാണ് ആ വൈദികൻ അതിൽ പ്രകാശിപ്പിച്ചിരുന്നതു്. അങ്ങനെ ചെയ്യുക മനുഷ്യസ്വഭാവത്തിനു് അത്ര സുഖകരമല്ല. എങ്കിലും, അതു പരമാത്ഥമായ എളിമയുടെ പ്രകടനമാണ്.

കലർപ്പററ എളിമ സ്വന്തം നികൃഷ്ടതയും പാപാധിക്യവും അവയുടെ തനിനിറത്തിൽ കാണുവാൻ ഒരുവനെ സഹായിക്കുന്നു. തൽഫലമായി, അപകർഷങ്ങളും അവഗണനകളും, അവഹേളനങ്ങളും കൃതഘ്നതകളും കുററാരോപണങ്ങളുമെല്ലാം, പരിവർജ്ജിക്കയും ഭയപ്പെടുകയും തള്ളിക്കളയുകയും ചെയ്യേണ്ട വസ്തുതകൾ എന്നതിനെക്കാൾ പ്രതീക്ഷിക്കുകയും സ്വാഗതം ചെയ്യുകയും ആശ്ലേഷിക്കുകയും ചെയ്യേണ്ടവയാണെന്ന ദൃഢബോധം അവനുണ്ടാകുന്നു. ദൈവത്തിൽനിന്നുള്ളവയല്ലാതെ ഒരുവനിൽ നന്മയായി ഒന്നുമില്ലെന്നു ബോധപ്പെട്ടിട്ടുള്ളവനു് അവഹേളനങ്ങളും കുററാരോപണങ്ങളുമെല്ലാം വളരെ സ്വാഭാവികമായി തോന്നുന്നു. എന്നാൽ, അഹംഭാവിയെ അവ ചഞ്ചലചിത്തനാക്കുന്നു.

ഈ വാസ്തവത്തെപ്പററി വായിക്കുവാനും ധ്യാനിക്കുവാനും പുസ്തകങ്ങൾ എഴുതുവാനും എല്ലാം വളരെ എളുപ്പമാണ്. എന്നാൽ, വൈഷമ്യം നിലകൊള്ളുന്നതു് അതിനെ പ്രായോഗികമാക്കുന്നതിലാണ്. പരിഹാസശരമേല്ക്കുമ്പോൾ, കുത്തുവാക്കുകൾ കേൾക്കുമ്പോൾ, അപഹസിക്കപ്പെടുമ്പോൾ, ശാസിക്കപ്പെടുമ്പോൾ, മൗനം പാലിക്കുക, ആത്മാർത്ഥമായി പുഞ്ചിരിപൊഴിക്കുക, അന്വേഷിക്കുകയും പ്രതീക്ഷിക്കുകയും ചെയ്തിരുന്നാലെന്നതുപോലെ അവയെല്ലാം സസന്തോഷം സ്വീകരി

ക്കുക—അത്ര എളുപ്പമെന്ന് അനുഭവജ്ഞരാരും പറയു കയില്ല. ദിവ്യനാഥൻ വി. മർഗ്ഗരീത്തമറിയത്തോട് അ രുൾചെയ്തു, ഇപ്രകാരമുള്ള മനോഭാവത്തോടെ വർത്തി ക്കാൻ അഭ്യസിക്കുന്നവർക്കു തൻെറ സ്നേഹഹൃദയത്തിൽ പ്രത്യേകസ്ഥാനമുണ്ടായിരിക്കും എന്ന്. കർമ്മധീരരായ ഇത്തരം സ്ത്രീപുരുഷന്മാർക്കേ ലോകത്തെ മാനസാന്തര പ്പെടുത്താൻ കഴിയൂ. അവർ അത്ര വലിയ ഒച്ചപ്പാടും ബഹളവുമൊന്നുമുണ്ടാക്കുകയില്ലായിരിക്കാം.... എന്നാൽ, കാൻവാസിൽ തൂലിക മന്ദം മന്ദം ചലിപ്പിക്കുന്ന കലാ കാരൻേറതുപോലെ, ഇവരുടെ പ്രവർത്തനവും ഫലംകു റഞ്ഞതായിരിക്കയില്ല.

ക്രിസ്തുനാഥൻ ആത്മാക്കൾക്കുവേണ്ടിയുള്ള ത ൻെറ പരസ്യപ്രവർത്തനങ്ങൾ ആരംഭിച്ചതു് അത്യഗാ ധമായ എളിമയുടെ പ്രകാശനത്തോടേയാണ് എന്ന യാഥാർത്ഥ്യം പ്രത്യേകം ശ്രദ്ധേയമാണ്. സ്നാപകയോ ഹന്നാൻെറ പക്കൽ ചെന്നു തനിക്കു ജ്ഞാനസ്നാനം ന ല്കുവാൻ അവിടുന്ന് അദ്ദേഹത്തോട് ആവശ്യപ്പെട്ടു. പാപജീവിതത്തിലമർന്ന ആത്മാക്കളെ നേർവഴിക്കു തി രിക്കാൻ യഥാർത്ഥമായ എളിമയുള്ളവർക്കുമാത്രമേ സാധിക്കൂ എന്നു ചൂണ്ടിക്കാട്ടുവാനായിരിക്കണം, അവി ടുന്ന് അങ്ങനെ പ്രവർത്തിച്ചതു്. ആരംഭത്തിൽ മാത്രമ ല്ല, പരസ്യജീവിതം മുഴുവനിലും, അവിടുന്നു തന്നെത്ത ന്നെ അങ്ങേയററം എളിമപ്പെടുത്തി. അവസാനം, അവി ടുന്ന് ആശ്ലേഷിച്ച കുരിശുമരണവും യഥാർത്ഥമായ എ ളിമയല്ലേ പ്രകടമാക്കുക?

## യഥാർത്ഥസ്വാതന്ത്ര്യം

യഥാർത്ഥമായ എളിമ സമ്പാദിച്ചിട്ടുള്ളവൻ മററ് ആത്മാക്കളിലേക്ക് എണ്ണമററ ദൈവാനുഗ്രഹങ്ങൾ അനസ്യൂതം പ്രവഹിപ്പിക്കുന്നതിനു പുറമെ, അഹംഭാവിയെ തീണ്ടിയിട്ടുപോലുമില്ലാത്ത ആനന്ദസംദായകമായ ആത്മശാന്തി എന്നും അനുഭവിക്കുകയും ചെയ്യും. അവന്റെ പ്രവർത്തനങ്ങളുടെയെല്ലാം പരമലക്ഷ്യം സ്രഷ്ടാവായ ദൈവത്തെ പ്രീതിപ്പെടുത്തുകമാത്രമാകയാൽ, മററുള്ളവർ എന്തു വിചാരിക്കും, എന്തുപറയും എന്നൊന്നും അവൻ ഗൗനിക്കുകയില്ല. തന്നിമിത്തം, തന്നെപ്പററി മററുള്ളവർ എന്തുപറഞ്ഞെന്നോ എന്തെല്ലാം റിപ്പോർട്ടു ചെയ്യുന്നോ അന്വേഷിച്ചു കണ്ടുപിടിക്കുവാൻ അവൻ താൽപര്യം പ്രദർശിപ്പിക്കുകയില്ല. തന്നെത്തന്നെ ന്യായീകരിക്കാനോ മററുള്ളവരുടെ മുൻപിൽ നല്ലപിള്ള ചമയാനോ അവൻ ആഗ്രഹിക്കുകയില്ല. അഹംഭാവിയെ വിട്ടുപിരിയാത്ത അസ്വസ്ഥത അവനുണ്ടാവുകയില്ല. എതിർവാദങ്ങളോ ആവലാതികളോ അവന്റെ അധരങ്ങളിൽനിന്നു പുറപ്പെടുകയുമില്ല. ചുരുക്കത്തിൽ, അവൻ മനസ്സിലാക്കും, ജീവിതം വളരെ ഹ്രസ്വമാണെന്ന്; അതു് ഇത്തരം നിസ്സാരകാര്യങ്ങൾക്കായി നഷ്ടപ്പെടുത്തേണ്ടതല്ലെന്ന്. ബാലിശമായ കാര്യങ്ങൾക്കായി വിലയേറിയ ഈ സമയം നശിപ്പിക്കാതെ, ഉപകാരപ്രദമായ കാര്യങ്ങൾക്കായി വിനിയോഗിക്കുക എന്നതായിരിക്കും അവന്റെ ലക്ഷ്യം. അതിന്റെ ഫലമോ? മനസ്സമാധാനത്തിന്റെ വർദ്ധനം.

സൃഷ്ടവസ്തുക്കളിൽനിന്നു പൂർണ്ണമായും അകന്നു ജീവിക്കുന്നവരാണ്, ഈശോയുടെ തിരുഹൃദയം ഏററമധികം സ്നേഹിക്കുന്നവരിൽ രണ്ടാംഗണത്തിൽ പെട്ടവർ. ദൈവാനുഗ്രഹത്തോടു വിശ്വസ്തമായി സഹകരിച്ചുകൊണ്ട്, ക്രിസ്തുവിനോടുള്ള സ്നേഹത്തിൽ വളരുന്നതിനു സഹായിക്കുന്ന ദിവ്യബന്ധമൊഴികെ, മററുവ്യക്തികളോടോ സ്ഥലങ്ങളോടോ വസ്തുക്കളോടോ ഉള്ള സകല ബന്ധങ്ങളും ഒരാത്മാവു പൂർണ്ണമായി പരിത്യജിക്കണം.

അങ്ങനെയുള്ള ഒരാത്മാവു ദൈവത്തെ മാത്രമേ സ്നേഹിക്കുകയുള്ളൂ. വേറെ എന്തിനെയെങ്കിലും അതിരു കടന്നു സ്നേഹിക്കുന്നെന്നുകണ്ടാൽ തൽക്ഷണം ആ സ്നേഹത്തെ പിഴുതെറിയും.

വി. മർഗ്ഗരീത്തമറിയത്തിനും ഈ അമിതസ്നേഹത്തോടു ഘോരസമരം ചെയ്യേണ്ടിവന്നിട്ടുണ്ട്. സ്നേഹത്തിനായി ത്രസിക്കുന്ന ഒരു ഹൃദയമാണു വിശുദ്ധയ്ക്കുണ്ടായിരുന്നതു്. മഠത്തിലെ ഒരു സഹോദരിയുമായി പ്രത്യേകസ്നേഹബന്ധം പുലർത്തുന്നതിനു വിശുദ്ധയ്ക്കിടയായി. സ്വാഭാവികമായ സ്നേഹംമാത്രം; അതു പാപകരമായിരുന്നുമില്ല. പ്രസ്തുത സഹോദരിയുമായുള്ള സമ്പർക്കത്തിലും സംഭാഷണത്തിലും അവൾ സ്വാഭാവികസംതൃപ്തി അനുഭവിച്ചിരുന്നു. ദിവ്യനാഥൻ വിശുദ്ധയ്ക്കു പ്രത്യക്ഷപ്പെട്ട്, അവളെ താൻ ഭരമേല്പിക്കാനിരുന്ന മഹാദൗത്യവും അവളോടു താൻ പാലിക്കുവാൻ അഭിലഷിക്കുന്ന ഗാഢമൈത്രിയും വ്യക്തമാക്കി. അതേസമയം, അവൾക്കു മുൻപറഞ്ഞ സഹോദരിയുമായുള്ള വെറും സ്വാ

ഭാവികമായ സ്നേഹം താനുമായുള്ള ഗാഢമൈത്രിക്കു വിഘാതമാണെന്നും അവിടുന്ന് അവളെ ധരിപ്പിച്ചു.

ആ സ്നേഹബന്ധത്തെ ത്യജിക്കുവാൻ വിശുദ്ധയ്ക്കു കുറച്ചു പണിപ്പെടേണ്ടിവന്നു. കഠിനമായ തപശ്ചര്യകൾ അവൾ അനുഷ്ഠിച്ചു; ദീർഘനേരം പ്രാർത്ഥിച്ചു. ഇവകൊണ്ടൊന്നും അതിനെ ജയിച്ചടക്കാൻ അവൾക്കു കഴിഞ്ഞില്ല. വീണ്ടും ദിവ്യനാഥൻ ഒരന്ത്യശാസനം നല്കി: "ഈ സ്നേഹബന്ധം തുടർന്നുകൊണ്ടുപോകുന്നെങ്കിൽ നീയുമായുള്ള എന്റെ മൈത്രിക്കു ഞാൻ പൂർണ്ണവിരാമമിടുന്നതാണ്." ഈ പ്രസ്താവം വിശുദ്ധയെ ഭയപ്പെടുത്തി. അവൾ തന്റെ അപരാധം ഏററുപറഞ്ഞുകൊണ്ടു് ആ സ്വാഭാവികബന്ധത്തെ അവിടുത്തെ പ്രതി പരിത്യജിച്ചു. തൽഫലമായി, മരിച്ചുപോകുമെന്നു തോന്നത്തക്കവിധം അത്യധികമായി ആദ്ധ്യാത്മികാനന്ദം അവൾക്കു ലഭിച്ചു.

## ദൈവംമാത്രം

സൃഷ്ടവസ്തുക്കളോടുള്ള അമിതബന്ധത്തിൽനിന്നു പൂർണ്ണമായും അകന്നുജീവിക്കുന്നതിന്റെ ആവശ്യകത ഈ സംഭവത്തിൽനിന്നു വ്യക്തമാകുന്നുണ്ടല്ലോ. തന്റെ സാന്നിദ്ധ്യംകൊണ്ടും സ്നേഹംകൊണ്ടുംമാത്രം ആത്മാവിനെ നിറയ്ക്കുന്നതിനും തൃപ്തിപ്പെടുത്തുന്നതിനും ദൈവം ആഗ്രഹിക്കുന്നു. ദൈവമൊഴികെ യാതൊന്നിനും ഹൃദയത്തെ സംതൃപ്തമാക്കുവാൻ സാധിക്കുകയില്ല. ഈ വസ്തുത ആത്മാവിനു ബോധപ്പെടണം. സൃഷ്ടവസ്തുക്കളിൽ അമി-

തമായ പ്രതിപത്തി പ്രദർശിപ്പിക്കാതിരിക്കുവാൻ ആത്മാവ് ആ അവബോധത്താൽ പ്രേരിതമാകുകയും വേണം. അത്തരം ആത്മാക്കളിൽ ദൈവം സംപ്രീതനാകുകയും തൻെറ അമൂല്യദാനങ്ങൾ നിർല്ലോപം വർഷിക്കുകയും ചെയ്യുന്നു. സൃഷ്ടവസ്തുക്കളോടുള്ള ബന്ധങ്ങളിൽ നിന്നെല്ലാം പരിപൂർണ്ണമായി സ്വാതന്ത്ര്യവും വിമുക്തവുമായ ആത്മാവിനു ദൈവൈക്യത്തിൻെറ ഉന്നതസോപാനത്തിലേക്കു കുതിച്ചുകയറുവാൻ പ്രയാസമുണ്ടാവുകയില്ല. പിശാച് ആത്മാക്കളെ പിടിച്ചെടുക്കുന്ന "വലകളേയും കുടുക്കുകളേയുംപററി" വി. ഇഗ്നേഷ്യസ് ഭംഗിയായി വിവരിക്കുന്നുണ്ട്. വലയിൽ കുടുങ്ങിയ മത്സ്യവും ചരടിൽ കെട്ടപ്പെട്ട പക്ഷിയും സ്വാതന്ത്ര്യജീവികളെപ്പോലെ പ്രവർത്തിക്കുവാൻ തുടങ്ങുമ്പോഴാണ് അവയ്ക്കു നേരിട്ടിരിക്കുന്ന അടിമത്തം മനസ്സിലാക്കുന്നതു്. പലരും ഇങ്ങനെ പിശാചിൻെറ കെണികളിൽ കുടുങ്ങുകയും ദൈവൈക്യം പ്രാപിക്കാതിരിക്കുകയും ചെയ്യുന്നുണ്ട്.

വിശുദ്ധീകരണം പരിപൂർണ്ണമാകണമെങ്കിൽ അതു ക്ലേശപൂർണ്ണവും സാവധാനവും ആയിരിക്കണം. വിശുദ്ധിയിൽ സ്ഥായിയായ അഭിവൃദ്ധി നേടാൻ ആത്മാർത്ഥമായി ആഗ്രഹിക്കുന്നവർ ലൗകികബന്ധങ്ങളിൽ പരിപൂർണ്ണമായി അനാസ്ഥരായിരിക്കുന്നതിൻെറ ആവശ്യകതയെപ്പററി കുരിശിൻെറ വി. യോഹന്നാൻ എഴുതിയിട്ടുണ്ട്. വിജയം വരിക്കാനുള്ള താൽപര്യം, പ്രാർത്ഥനയിൽ സാന്ത്വനമന്വേഷിക്കുന്ന പ്രകൃതി—തുടങ്ങിയവയെല്ലാം മനുഷ്യമനസ്സിൻെറ പ്രവണതകളാണ്. ഇവയിൽനിന്നെല്ലാം ആത്മാവു പൂർണ്ണമായും വിമുക്തമാക

ണം. ഇവയ്ക്കുവേണ്ടിയല്ല, ഇവയുടെ എല്ലാം ദാതാവായ ദൈവത്തിനുവേണ്ടിയത്രേ ആത്മാവു സൃഷ്ടമായിരിക്കുന്നതു്. ഇങ്ങനെയുള്ളവയോടൊന്നും തനിക്കു പ്രത്യേക പ്രതിപത്തിയോ ബന്ധമോ ഇല്ലെന്നു് ഒരുവൻ പറഞ്ഞേക്കാം. എന്നാൽ, അവൻെറ മാററു തെളിയുന്നതു്, വി. മർഗ്ഗരീത്തമറിയത്തെപ്പോലെ, പ്രത്യേകമായ ഒരു പ്രതിപത്തിയെ വിട്ടുപേക്ഷിക്കാൻ നിർബന്ധിക്കപ്പെട്ടുമ്പോഴാണു്. ഒരുവനു് എന്തിനോടെങ്കിലും പ്രത്യേക പ്രതിപത്തിയുണ്ടോ എന്നറിയാൻ താഴെവരുന്ന ചോദ്യത്തിനു് അയാഠം നല്കുന്ന മറുപടി എന്തെന്നു നോക്കിയാൽ മതി. ഏതെങ്കിലും ആളെയോ സ്ഥലത്തെയോ വസ്തുവിനെയോ വിട്ടകന്നു ജീവിക്കുവാൻ വൈഷമ്യമെന്തെങ്കിലുമുണ്ടോ? ആ ആളുകളേയും സ്ഥലത്തേയും വിട്ടുമാറുമ്പോഠം വികാരാധീനരാകരുതെന്നല്ല പറയുന്നതു്; പിന്നെയോ, ദൈവം ആവശ്യപ്പെടുന്നുവെന്നു ബോധപ്പെടുന്ന നിമിഷത്തിൽത്തന്നെ ആ പരിത്യാഗം സസന്തോഷം ചെയ്യുവാൻ സന്നദ്ധനായിരിക്കണമെന്നുമാത്രമാണു്.

ദൈവം ആവശ്യപ്പെടുന്നുവെന്നു ബോധപ്പെടുന്ന അതേ നിമിഷത്തിൽ, അതു് എന്തുതന്നെയായാലും, അവിടുത്തേക്കു നല്കുവാൻ സന്നദ്ധനായിരിക്കുക — അതാണു് ഉദാരത. അങ്ങനെയുള്ള ആത്മാക്കളെ ഈശോയുടെ ഹൃദയം അത്യധികം സ്നേഹിക്കുമെന്നതിൽ സംശയമില്ല.

ആത്മാവിൻെറ ഉദാരതയ്ക്കു ലഭിക്കുന്ന പ്രതിഫലം എന്തെന്നോ? ഈശോയുടെ തിരുഹൃദയത്തിൻെറ

പ്രത്യേകഗുണങ്ങൾ ഒരുവിധത്തിൽ ആ ആത്മാവു സമ്പാദിക്കും. അതു് അവിടുത്തേതുപോലുള്ള സ്നേഹത്താൽ ജ്വലിക്കുകയും അവിടുത്തെ പുണ്യങ്ങളാൽ അലംകൃതമാവുകയും ചെയ്യും. ഈശോയുടേതുപോലുള്ള സൗമ്യതയും മററുള്ളവരിൽനിന്നുണ്ടാകുന്ന കുററങ്ങളേയും കുറവുകളേയും സഹിക്കുന്നതിനുവേണ്ട സന്നദ്ധതയും ആ ആത്മാവിൽ പ്രശോഭിക്കും. സീമയററ ക്ഷമയുടെ നികേതനമായിരിക്കും അതു്. തീർത്തും അസാദ്ധ്യങ്ങളായ കാര്യങ്ങളൊഴികെ മറെറന്തും ചെയ്തു് അന്യരെ സഹായിക്കുന്നതിന്നു് ഏതുസമയത്തും സാഹചര്യത്തിലും അതു സന്നദ്ധമായിരിക്കും. മററുള്ളവരുടെ തെററുകളുടെ നേരേ കണ്ണടയ്ക്കുക; ക്ഷമിക്കുക; താൻതന്നെ തെററുചെയ്താൽ ക്ഷമ ചോദിക്കുക—ഇവയെല്ലാം ആ ആത്മാവിൻെറ പ്രത്യേകതകളായിരിക്കും. ചുരുക്കത്തിൽ, അതു സ്വാത്ഥരഹിതമായിരിക്കും. വി. ത്രേസ്യാ പറയുന്നു: "പരിശൂന്യമായ പാത്രമായി ആത്മാക്കളെ ദൈവം കാണുമ്പോൾ, തന്നെക്കൊണ്ടുതന്നെ അവിടുന്നു് അവയെ നിറയ്ക്കുന്നു."

ആധുനികലോകത്തിൻെറ സ്വാർത്ഥതാൽപര്യത്തിനു മറുമരുന്നു പുണ്യാത്മാക്കളുടെ നിസ്സ്വാത്ഥതയാണു്. സകല സൃഷ്ടവസ്തുക്കളിലുംനിന്നു് അകന്നു നില്ക്കാൻ ഉത്സാഹിക്കുന്നതോടൊപ്പം ദൈവത്തെമാത്രം അന്വേഷിക്കുന്ന ആത്മാവിനോടു് ഔദാര്യത്തോടേ അവിടുന്നു വർത്തിക്കുന്നതിൽ അത്ഭുതപ്പെടാനൊന്നുമില്ല.

## ആത്മാർത്ഥത

സൃഷ്ടവസ്തുക്കളോടുള്ള അനാസക്തി ആത്മാർത്ഥ മായിരിക്കണം. പ്രകൃത്യാ നാം സ്വാർത്ഥപ്രിയരാണ്. അതിനാൽ, കുറെയൊക്കെ സ്വാതന്ത്ര്യവും ആയവും സുഖവും നമുക്കുതന്നെ അനുവദിക്കുന്നതു ന്യായീകരിക്കാൻ നാം ബദ്ധപ്പെടുന്നു. അപ്പോഠം, എന്താണു ഭവിക്കുക? നമ്മുടെ ഹൃദയത്തിൽ ദൈവത്തിനു നാം നല്കിയിരിക്കുന്ന സ്ഥാനം കുറേശ്ശെ അവ കവർന്നെടുക്കുന്നു. അങ്ങനെ പിശാചു തൻെറ വലയുടെ വായ് മുറുക്കുകയും ആത്മാവ് അതിൽപ്പെടുകയും ചെയ്യുന്നു. മാരകപാപത്തിൽ നിപതിച്ചാലേ ആത്മാവ് ഈ നിലയിലെത്തൂ എന്നില്ല. ദൈവസേവനത്തിലുള്ള തീക്ഷ്ണതയ്ക്കാധാരമായ ഉദാരമനഃസ്ഥിതിയേയും പരിത്യാഗമനോഭാവത്തേയും തടസ്സപ്പെടുത്തിയാൽമതി, ആ നില സംജാതമാകുവാൻ. ആ ആത്മാവു ദൈവത്തിൻെറ പക്കലേക്കു തിരിയുന്ന ആദ്യഘട്ടത്തിൽ എന്തെന്തു ത്യാഗങ്ങഠംക്കും സന്നദ്ധമായിരിക്കും. സൃഷ്ടവസ്തുക്കളിലുള്ള ആശ്വാസമെല്ലാം പരിത്യജിച്ചു്, ദൈവത്തിൻെറ പക്കലേക്കു പറന്നുയരുവാൻ അതു വെമ്പൽകൊള്ളും. കുറച്ചുനാളത്തേക്ക് അതു് ഔദാര്യപൂർണ്ണമായി വർത്തിക്കും. എന്നാൽ, വളരെ സൂക്ഷിക്കുന്നില്ലെങ്കിൽ, ആ പഴയ സുഖലോലുപതയും സൃഷ്ടവസ്തുക്കളിലുള്ള സംതൃപ്തിയും ആത്മാവിൽ പുനഃസ്ഥാപിതമാകും. അങ്ങനെയുള്ള ഒരു ജീവിതത്താൽ ആത്മനാശം നേരിടുകയില്ലെങ്കിൽത്തന്നേയും വിശുദ്ധാത്മാക്കഠംക്കു സഹജമായ ദൈവൈക്യത്തിനു സ്ഥാനമില്ലാതാകും. "തന്നോടുതന്നെയുള്ള അമിതസ്നേ

ഷത്തിനും തൻെറതന്നെ സുഖസൗകര്യങ്ങറംക്കമായി പ്രദർശിപ്പിച്ച അതേശ്രദ്ധയും താൽപര്യവും ആദ്ധ്യാത്മികജീവിതപുരോഗതിക്കം പ്രദർശിപ്പിക്കുന്നുവോ എന്ന് ഓരോരുത്തനും ചിന്തിച്ചുറയ്ക്കട്ടെ."—വി. ഇഗ്നേഷ്യസിൻെറ അനുശാസനമാണിതു്. ഇന്ദ്രിയങ്ങറംക്കു രുചിക്കുന്നവ സ്വീകരിക്കണമോ നിരാകരിക്കണമോ എന്നു സംശയമുണ്ടാകുമ്പോറം, വിശുദ്ധാത്മാക്കറം സാധാരണമായി അനുവർത്തിക്കാറുള്ള ബലപ്രയോഗത്തിൻെറ രഹസ്യം ആ അനുശാസനത്തിൽ അടങ്ങിയിരിക്കുന്നു. വഞ്ചിതരാവുക എളുപ്പമെന്നു മനസ്സിലാക്കി, പ്രയാസമുള്ളവ അവർ എപ്പോഴും തിരഞ്ഞെടുക്കുന്നു. ഈ മനഃസ്ഥിതിയാണു ഫാദർ സള്ളിവ(Sullivan)നെപ്പോലുള്ള വിശുദ്ധാത്മാക്കളെ, കീറിയവസ്ത്രങ്ങറം ധരിക്കുന്നതിനും മററുള്ളവരെ ശുശ്രൂഷിക്കുന്നതിനും പട്ടിണികിടക്കുന്നതിനും തറയിൽ കിടന്നുറങ്ങുന്നതിനും പ്രേരിപ്പിക്കുന്നതു്.

പൂർണ്ണമായ ഇന്ദ്രിയനിഗ്രഹം സാധിച്ച ആത്മാക്കളാണു് ഈശോയുടെ തിരുഹൃദയം പ്രത്യേകം സ്നേഹിക്കുന്ന മൂന്നാമത്തെഗണത്തിൽപ്പെട്ടവർ. ഇന്ദ്രിയനിഗ്രഹവും അനാസക്തിയുംതമ്മിൽ സാരമായ ബന്ധമുണ്ടു്; അതു വി. മഗ്ദലീത്തമറിയം നമ്മെ പഠിപ്പിക്കുകയും ചെയ്യുന്നു. ആത്മാവിനെ സ്വതന്ത്രമാക്കാൻവേണ്ടി അമിതമായ പ്രതിപത്തികളെയെല്ലാം നീക്കുവാൻ അനാസക്തി പരിശ്രമിക്കുന്നു. സ്വാതന്ത്ര്യപ്രാപ്തിക്കു വിഘാതമായി നില്ക്കുന്ന പ്രവണതകളെയെല്ലാം ഉന്മൂലനം ചെയ്യുകയാണു് ഇന്ദ്രിയനിഗ്രഹത്തിൻെറ ലക്ഷ്യം. ആദ്യത്തേ

ത്തു സ്വാതന്ത്ര്യസമ്പാദനം ലക്ഷ്യമാക്കമ്പോഠം രണ്ടാമത്തേതു് അതിനുള്ള മാർഗ്ഗങ്ങഠം തുറന്നുതരുന്നു. "ദുഷ്പ്രവണതകളെ നമ്മുടെ ഇച്ഛാശക്തിക്കും ഇച്ഛാശക്തിയെ ദൈവതിരുമനസ്സിനും കീഴ്പ്പെടുത്തുന്നതിനുള്ള യത്നമാണ് ഇന്ദ്രിയനിഗ്രഹം" എന്നു ഫാദർ താങ്കരേ പറയുന്നു. അനാസക്തിവഴി ലോകവസ്തുക്കളെ പരിത്യജിച്ചു്, ക്രിസ്തുനാഥൻ നമ്മെ പാർത്തിരിക്കുന്ന സ്വർഗ്ഗത്തിലെ വസ്തുക്കളെ നാം ആഗ്രഹിക്കുന്നു.

## കുരിശിൻെറ വി. യോഹന്നാൻ

ചില പ്രവണതകളെ പിഴുതെറിയുക അവശ്യാവശ്യം തന്നെ. കാരണം, ആത്മാവിൻേറയും ശരീരത്തിൻേറയും പരസ്പരവിരുദ്ധങ്ങളായ താൽപര്യങ്ങഠം തമ്മിൽ സന്ധിയില്ലാത്ത സമരമാണു നടക്കുന്നതു്. "ദൈവത്തിൻെറ നിയമത്തെപ്പററി ആഭ്യന്തരമനുഷ്യനിൽ ഞാൻ സന്തോഷിക്കുന്നു. എങ്കിലും, എൻെറ ബുദ്ധിയുടെ നിയമത്തോടു പോരാടുന്നതും എൻെറ അവയവങ്ങളിലുള്ള പാപത്തിൻെറ നിയമത്തിന് എന്നെ അടിമപ്പെടുത്തുന്നതുമായ വേറൊരു നിയമം എൻെറ അവയവങ്ങളിൽ ഞാൻ കാണുന്നു" (റോമ 7: 22-23). പാപം ലോകത്തിൽ കയറിപ്പററിയിരിക്കെ, ഈ ദുഷ്പ്രവണതകഠംക്കു കടിഞ്ഞാണിട്ടു നിയന്ത്രിക്കാനുള്ള 'ഒററമൂലി' ഇന്ദ്രിയനിഗ്രഹമാണു്. കുരിശിൻെറ വി. യോഹന്നാൻ പറയുന്നു: "നാം എന്തുമാത്രം പരിശ്രമിച്ചാലും, ഇന്ദ്രിയനിഗ്രഹംകൂടാതെ പരിപൂർണ്ണതയുടെ മാർഗ്ഗത്തിലും ദൈവത്തെപ്പററിയുള്ള അറിവിലും നാം പുരോഗമി

ക്കകയില്ല. ഒരുക്കപ്പെടാത്ത നിലത്തുവീഴുന്ന വിത്തിന്റെ തിൽനിന്നു വിഭിന്നമായ ഒരു വളർച്ച, ഇക്കാര്യത്തിൽ പ്രതീക്ഷിക്കേണ്ടതില്ല. . . . ഒരു പക്ഷിയെ കെട്ടിയിരിക്കുന്നതു കയറുകൊണ്ടോ നേരിയനൂലുകൊണ്ടോ ആയിക്കൊള്ളട്ടെ, ആ ബന്ധനം നീക്കാതെ അതിനു പറന്നുപോവുകസാദ്ധ്യമല്ല. നേരിയനൂല് എളുപ്പം പൊട്ടുമെന്നതു വാസ്തവംതന്നെ. എന്നാലും, അതു പൊട്ടാതെ പക്ഷിക്കു പറക്കാൻ കഴികയില്ല. . ." ധാരാളം സുകൃതങ്ങളും ആദ്ധ്യാത്മികാഭ്യാസങ്ങളും ദൈവികദാനങ്ങളുംകൊണ്ടു സമ്പന്നരായവർ, ചില പ്രത്യേക താൽപര്യങ്ങളേയും പ്രവണതകളേയും സ്നേഹബന്ധങ്ങളേയും പൂർണ്ണമായും പരിത്യജിക്കുന്നതിനു മനക്കരുത്തില്ലാത്തതിനാൽ ദൈവൈക്യത്തിന്റെ പൂർണ്ണതയിലെത്താതെ പോകുന്നതു ശോചനീയമാണു്. ലോകബന്ധങ്ങളാകുന്ന ചരടിനെ പൊട്ടിക്കാൻ അവർ അധികം ക്ലേശിക്കേണ്ടതില്ല; ശക്തിയോടെ ഒന്നു മുന്നോട്ടു കുതിച്ചാൽമതി.

പുണ്യപൂർണ്ണത പ്രാപിക്കാൻ തീക്ഷ്ണമായി ആഗ്രഹിക്കുകയും പാപപരിഹാരമനോഭാവം പുലർത്തുകയും ചെയ്യുന്ന ഒരാത്മാവിനു ബോധപ്പെടും, ഇന്ദ്രിയനിഗ്രഹം അവശ്യാവശ്യകമാണെന്നു്.

ഇന്ദ്രിയനിഗ്രഹത്തിനു ധാരാളം അവസരമുണ്ടു്— ഉദ്ദീപിപ്പിക്കുന്ന അല്ലെങ്കിൽ, നമ്മെ ആനന്ദിപ്പിക്കുകയും പുളകംകൊള്ളിക്കുകയും ചെയ്യുന്ന കാര്യങ്ങളെ ചിന്താമണ്ഡലത്തിൽ വച്ചുപുലർത്തി താലോലിക്കാതിരിക്കുക. ഓർമ്മശക്തിയെ വേണ്ടവിധം നിയന്ത്രിക്കുന്നെങ്കിൽ, ഹൃദയചലനങ്ങളെ അപ്പോഴപ്പോൾ അറിഞ്ഞു

കൊണ്ടിരിക്കുന്ന ദൈവത്തിന് ഏററം പ്രിയങ്കരമായ ബലിസമർപ്പണമായിരിക്കുമത്.

അടുത്തതായി, ആത്മാവിന്ന് ആപൽക്കരവും ഉപയോഗശൂന്യവുമായ കാര്യങ്ങളിൽ എപ്പോഴും വ്യാപൃതമാകാൻ ഇഷ്ടപ്പെടുന്ന ഭാവന നമുക്കുണ്ട്. ഗുണമൊന്നും ചെയ്യാത്ത അഭിലാഷങ്ങളെ താലോലിച്ചു വളൎത്തുന്നതിൽ കൗതുകമുള്ള ഒരു മനസ്സും നമുക്കുണ്ട്. സ്വന്തം ഇഷ്ടമനുസരിച്ചു പ്രവർത്തിക്കുക എളുപ്പമാണ്. എന്നാൽ, വേറൊരാൾ നല്കുന്ന നിർദ്ദേശങ്ങളനുസരിച്ചു പ്രവർത്തിക്കുവാൻ ആന്തരികമായ ഒരു പോരാട്ടംതന്നെ ആവശ്യകമാണ്. അതു വിലയുററ ഇന്ദ്രിയനിഗ്രഹമായിരിക്കും.

ബാഹ്യേന്ദ്രിയങ്ങളെ നിയന്ത്രിക്കുകയെന്നതും ഒട്ടും അപ്രധാനമല്ലെന്നു വിശുദ്ധർ ആവർത്തിച്ചാവർത്തിച്ച് ഉപദേശിക്കുന്നു. ഇന്ദ്രിയസംയമനത്തിൻെറ നിയമങ്ങൾ വി. ഇഗ്നേഷ്യസ് എഴുതിയുണ്ടാക്കിയിട്ടുണ്ട്. ദൈവസഹായം ലഭിക്കാൻ വളരെനാൾ പ്രാൎത്ഥിക്കുകയും തപഃക്രിയകൾ അനുഷ്ഠിക്കുകയും ചെയ്തതിനുശേഷമാണ് അദ്ദേഹം അവ രേഖപ്പെടുത്തിയത്. അദ്ദേഹം പറയുന്നു: "ചുററും നടക്കുന്ന കാര്യങ്ങളിലെല്ലാം എത്തിനോക്കാതെ കണ്ണടക്കം പാലിക്കുക; വ്യർത്ഥഭാഷണങ്ങളെ ശ്രദ്ധിക്കാതെ ചെവിപൊത്തുക; സംസാരിക്കാൻ സ്വാഭാവികമായി പ്രേരിതരാകുമ്പോൾപോലും മൗനംകാത്തു നാവിനു കടിഞ്ഞാണിടുക. സ്വഭാവത്തിനു രൂപം കൊടുക്കുകയാണ് ഇതിൻെറയെല്ലാം പ്രധാനലക്ഷ്യം. മനഃസ്ഥൈര്യം സമ്പാദിക്കുകയെന്നതിനെക്കാൾ ക്രിസ്തുവി

നോടുള്ള സ്നേഹം ആണ് അതിന്ന നമ്മെ നിർബന്ധി ക്കുന്നതു്." മനുഷ്യർ ഇന്ദ്രിയങ്ങളെ ദുവിനിയോഗിക്കുന്ന തിലാണു ദൈവം ദ്രോഹിക്കപ്പെടുന്നതു്. അതിന്നു പരി ഹാരമായി, ഔദാര്യമുള്ള ആത്മാക്കൾ അതേ ഇന്ദ്രി യങ്ങളെ പരിത്യാഗമനോഭാവത്തോടേ നിയന്ത്രിക്കുന്നു.

## ഉന്നതാദർശം

ഇക്കാരണത്താലാണ് ഈ ആത്മാക്കളെ ഈശോയുടെ ദിവ്യഹൃദയം പ്രത്യേകവിധം സ്നേഹിക്കുന്നതു്. യഥാത്ഥമായ ഇന്ദ്രിയസംയമനം അഭ്യസിക്കുവാൻ അവരെ പ്രേരിപ്പിക്കുന്നതു്, നമ്മുടെ കത്താവിനോടുള്ള അഗാധവും വ്യക്തിപരവുമായ സ്നേഹമാണെന്നു നാം മനസ്സിലാക്കണം. അതിനാൽ, പ്രോത്സാഹനത്തെക്കാൾ, കൂടുതൽ നിയന്ത്രണമാണ് അവർക്കുവേണ്ടതു്. ഇന്ദ്രിയസംയമനം തങ്ങൾ വേണ്ടിടത്തോളം ചെയ്തിട്ടില്ലെന്നായിരിക്കും, എപ്പോഴും അവരുടെ വിചാരം. കൂടുതൽ പ്രവത്തിക്കാനും സഹിക്കാനും അവർ ആഗ്രഹിക്കും. സുകരങ്ങളായവ മററുള്ളവക്കായി വിട്ടുകൊടുത്തിട്ട്, ദുഷ്കരമായവയിലേർപ്പെടാനും അവർ എപ്പോഴും ഉത്സുകരായിരിക്കും. സ്നേഹമാണ് അവരെ ഇതിന്നു പ്രേരിപ്പിക്കുന്നതു്. സ്നേഹത്തിന്നു പകരമായി തൻെറ വസ്തുവകകളെല്ലാം ഒരാൾ നല്കിയാലും, അതു വെറും നിസ്സാരമായി മാത്രമേ അവന്നു തോന്നുകയുള്ളൂ.

സൃഷ്ടവസ്തുക്കളിൽനിന്നു പൂണ്ണമായി അകന്നും ഇന്ദ്രിയങ്ങളെ സംയമനം ചെയ്തും ജീവിക്കുന്നവർ തങ്ങളെത്തന്നെ എളിമപ്പെടുത്തുന്നതിന്നു ധാരാളം അവസരങ്ങൾ

കണ്ടെത്തും. കാരണമൊന്നുമില്ലെങ്കിലും ആരോഗ്യത്തെക്കുറിച്ചു നാം സദാ ആകുലചിത്തരാകുന്നു. "ഞാൻ വിശുദ്ധനൊന്നുമല്ല; കുറച്ചു വിശ്രമംവേണം. ഇതു പാപമൊന്നുമല്ല; മിക്കവരും ചെയ്യുന്നതു് അങ്ങനെയാണല്ലോ." എന്നൊക്കെ പറഞ്ഞു നാം സംതൃപ്തിപ്പെടുകയും ചെയ്യുന്നു. ലൗകികാദർശങ്ങൾ നമ്മുടെ ജീവിതത്തിൽ നുഴഞ്ഞുകയറുകയും തന്നിമിത്തം, ത്യാഗമാവശ്യപ്പെടുന്ന നമ്മുടെ കർത്താവിൻെറ പ്രബോധനങ്ങൾ കഠിനങ്ങളാണെന്നും, അവ പ്രായോഗികജീവിതത്തിലേക്കു പകർത്തണമെങ്കിൽ കുറെയൊക്കെ മയപ്പെടുത്തേണ്ടിയിരിക്കുന്നുവെന്നും നാം വിചാരിച്ചുപോകുകയും സാധാരണമാണു്. ദൈവസേവനത്തിനായി ആത്മാർപ്പണം ചെയ്തിരിക്കുന്ന ആത്മാക്കളെപ്പോലും പിടികൂടുന്ന ആദ്ധ്യാത്മികമന്ദതയാണു് ഇതിൻെറ വിനാശകഫലം. വിശുദ്ധി അതിൽത്തന്നെ പ്രയാസമുള്ളതല്ല. പ്രതിബന്ധങ്ങളെയെല്ലാം തട്ടിനീക്കി പുണ്യപൂർണ്ണത പ്രാപിക്കാൻ ആവശ്യകമായ മാറ്റങ്ങൾ സ്വീകരിക്കുന്നതിനുള്ള വൈമനസ്യത്തിലാണു വിശുദ്ധിയുടെ വൈഷമ്യം സ്ഥിതിചെയ്യുന്നതു്.

വിശുദ്ധരേയും പ്രാർത്ഥനയിൽ അവർക്കു കർത്താവിനോടുള്ള ഗാഢൈക്യത്തേയുംകുറിച്ചു നാം വിസ്മയഭരിതരാകാറുണ്ടു്. ദൈവവുമായി അവർക്കുള്ള സമ്പർക്കം, ദൈവം തങ്ങളെ അതിയായി സ്നേഹിക്കുന്നുവെന്ന അവരുടെ അവബോധം, ദൈവത്തോടു സംഭാഷിക്കുന്നതിൽ അവർക്കുള്ള കഴിവു്, ദൈവത്തോടുള്ള വർത്തനത്തിൽ അവർ പ്രദർശിപ്പിക്കുന്ന വിശ്വസ്തത—ഇവയെക്കുറി

ച്ചെല്ലാം നാം അസൂയപ്പെട്ടും. അവർക്കും അവർവഴി മററുള്ളവർക്കും നല്കപ്പെട്ട എണ്ണമററ അനുഗ്രഹങ്ങളെക്കുറിച്ച് അവരുടെ ജീവിതചരിത്രങ്ങളിൽ വായിക്കുമ്പോഠം നാം വിസ്മയസ്തബ്ധരായിപ്പോകും!

## ഉദാഹരണങ്ങഠം

തൻെറ ഹൃദയത്തിൽ തിങ്ങിനിറഞ്ഞ ദൈവസ്നേഹാധിക്യത്തിൽനിന്നുളവായ സീമയററ വേദനയെ മയപ്പെടുത്തണമേ എന്നു വി. ഫ്രാൻസിസ്സേവ്യർ നമ്മുടെ കർത്താവിനോടു നിലവിളിച്ചപേക്ഷിച്ചിരുന്നു. ദൈവസ്നേഹമാകുന്ന ശൂലമേററു വി. ത്രേസ്യായുടെ ഹൃദയം പിളർക്കപ്പെട്ടു. ദിവ്യബലിയുടെ സമയത്തു വി. ഇഗ്നേഷ്യസ് കരയാറുണ്ടായിരുന്നു. വളരെ വിഷമിച്ചാണ് അദ്ദേഹം ദിവ്യബലി പൂർത്തിയാക്കിയിരുന്നതു്. ആദ്ധ്യാത്മികമായ ആനന്ദത്താലും സാന്ത്വനങ്ങളാലും വിശുദ്ധൻെറ ഹൃദയം നിറഞ്ഞു കവിഞ്ഞതാണതിനു കാരണം.

അസാധാരണങ്ങളായ ഇത്തരം ദൈവവരങ്ങഠം നാം പ്രതീക്ഷിക്കേണ്ടതില്ല. എങ്കിലും, നമ്മെപ്പററി ഒരു പഠനം നടത്താനുണ്ട്—എന്തുകൊണ്ടു നാം ദൈവസ്നേഹത്തിൽ അഭിവൃദ്ധിപ്പെടുന്നില്ല? അതിനു നിദാനം ആത്മസംയമനവും ഇന്ദ്രിയനിയന്ത്രണവും നാം പാലിക്കാത്തതാണു്. അനിയന്ത്രിതമായ ജീവിതവും ദൈവൈക്യവുംതമ്മിൽ പൊരുത്തപ്പെടുകയില്ല. "തന്നെത്തന്നെ നിരസിക്കാത്തവൻ. . . . എൻെറ ശിഷ്യനായിരിക്കുക സാധ്യമല്ല." എന്നു ദിവ്യനാഥൻ അരുളംചെയ്തിരിക്കു

ന്നു. ഒരുവൻ തന്നെത്തന്നെ നിരസിക്കുന്നെങ്കിൽ, നിരസിക്കുന്നതിൻെറ തോതനുസരിച്ച്, അവിടുത്തെ ശിഷ്യനായിത്തീരുന്നു.

ദൈവമഹത്വത്തിനും ആത്മാക്കളുടെ നന്മയ്ക്കുമായി ചെയ്യപ്പെടുന്ന ഒട്ടുവളരെ പ്രേഷിതപ്രവർത്തനങ്ങൾ കാര്യമായ ഫലമൊന്നും പുറപ്പെടുവിക്കാതെ പോകുന്നതിൻെറ രഹസ്യമെന്തായിരിക്കാം? നാം സംഘടനകൾ രൂപവൽകരിക്കുന്നു; ധനം ശേഖരിക്കുന്നു; പലപല നൂതനപദ്ധതികളും ആസൂത്രണം ചെയ്യുന്നു; നിലയും വിലയും കഴിവുമുള്ള നേതാക്കന്മാരുടെ പിന്തുണയും സഹായവും തേടുന്നു. എന്നിട്ടും നമ്മുടെ പ്രവർത്തനങ്ങൾ ഫലശൂന്യങ്ങളാകുന്നതിൻെറ കാരണം എന്ത്? നമ്മുടെ പ്രവർത്തനങ്ങളുടെ വിജയത്തിനായി നാം പ്രാർത്ഥിക്കുന്നുണ്ടോ? പരിഹാരമനോഭാവം പുലർത്തുന്നുണ്ടോ? പ്രാർത്ഥനയും പ്രായശ്ചിത്തവുമെന്ന മൂലക്കല്ലിന്മേലാണു ക്രിസ്തു തൻെറ രാജ്യത്തിൻെറ അടിസ്ഥാനമിട്ടിരിക്കുന്നത്. ഇവയൊക്കെ വെറും തത്വങ്ങളായിമാത്രം നാം പരിഗണിക്കുന്നു; പ്രായോഗികമാക്കാൻ തുനിയുന്നില്ല. നമ്മുടെ പ്രേഷിതപ്രവർത്തനങ്ങൾ ശാശ്വതമായ ഫലം പുറപ്പെടുവിക്കാത്തതിൻെറ കാരണം അതുതന്നെയാണ്. നമ്മുടെ ഭവനം മനോഹരവും ആകർഷകവുമായിരിക്കാം; എന്നാൽ, അതു കെട്ടിപ്പടുത്തിരിക്കുന്നതു മണൽപ്പുറത്താണ്.

## പരിപൂർണ്ണമായ അനുസരണം

ഈശോയുടെ ദിവ്യഹൃദയത്തിൻെറ പ്രത്യേകസ്നേഹത്തിനു പാത്രീഭൂതരായ നാലാമതൊരുകൂട്ടം ആത്മാക്കളെപ്പററി വി. മർഗ്ഗരീത്തമറിയം പ്രസ്താവിക്കുന്നുണ്ട്. അവരാണു പരിപൂർണ്ണമായ അനുസരണം കാക്കുന്ന ആത്മാക്കൾ. ദൈവസേവനത്തിനായി ജീവിതം ഉഴിഞ്ഞുവച്ചിരിക്കുന്ന സന്യാസികളെസ്സംബന്ധിച്ചിടത്തോളം അതു് എളുപ്പമാണു്. ക്രിസ്തുനാഥനോടുള്ള നിർമ്മലമായ സ്നേഹത്തെ പ്രകടമാക്കുവാൻ ഉത്സുകരായ അല്മായജനങ്ങൾക്കും ഒരുവിധത്തിലല്ലെങ്കിൽ മറെറാരു വിധത്തിൽ അതു പ്രായോഗികമാക്കാം.

ഈശോസഭവകയായി അയർലണ്ടിൽ റോവെ (Rouen)നിലുള്ള ദൈവാലയത്തിൽ നിങ്ങൾ ഒരു രാത്രിയിൽ പ്രവേശിക്കുക; ദിവ്യസക്രാരിയുടെ മുൻപിൽ മുട്ടുകുത്തിനിന്നു് അല്പനേരം പ്രാർത്ഥിക്കുകയും ചെയ്യുക. ഉടൻ പള്ളിയുടെ വാതിൽ മന്ദമായി തുറന്നു് ഒരു പുരോഹിതൻ പ്രവേശിക്കും. അദ്ദേഹം ഫാദർ ജീൻ ഡി ബ്രെബ്യൂഫ്(Gean de Brebeuf)ആണു്. അദ്ദേഹവും അവിടെ മുട്ടുകുത്തിനിന്നു് അല്പനേരം പ്രാർത്ഥിക്കുന്നു; പിന്നീടു് ഒരു കടലാസുതുണ്ടെടുത്തു്, താൻ ചെയ്ത വ്രതവാഗ്ദാനത്തെ വി. കുർബ്ബാനയുടെ മുൻപിൽ കത്തിനില്ക്കുന്ന വിളക്കിൻെറ മങ്ങിയ പ്രകാശത്തിൽ അദ്ദേഹം വായിക്കുന്നു. സ്വന്തം രക്തംകൊണ്ടാണു് അദ്ദേഹം അതെഴുതിയിരിക്കുന്നതു്. രണ്ടു കടപ്പാടുകൾ അതുവഴി അദ്ദേഹം ഏറെറടുത്തിരിക്കുന്നു. ഒന്നു്: രക്തസാക്ഷിത്വം വരിക്കുവാൻ ലഭിച്ചേക്കാവുന്ന അവസരം ഒരിക്കലും

പാഴാക്കരുത്. രണ്ട്: തൻെറ സഭയുടെ ഏററം നിസ്സാരമായ നിയമംപോലും മനസ്സറിവോടേ ലംഘിക്കുന്നതിനെക്കാഠം മരണത്തിനു സന്നദ്ധനായിരിക്കണം. ഈ രണ്ടാമത്തേ സംഗതിയെക്കുറിച്ചുമാത്രം നമുക്ക് അല്പം ചിന്തിക്കാം. അദ്ദേഹത്തിൻെറ ജീവിതം ഉത്തേജനം പകർന്നു തരും.

ഏററം നിസ്സാരമായ നിയമംപോലും മനഃപൂർവ്വം ലംഘിക്കുന്നതിനെക്കാഠം മരണം കൈവരിക്കുവാൻ ആ പുരോഹിതൻ തന്നെത്തന്നെ കടപ്പെടുത്തുന്നു. അതു കുറച്ചു കട്ടപ്പമാണെന്നു നിങ്ങഠം പറഞ്ഞേക്കാം. നിശ്ശബ്ദ്യതപാലിക്കേണ്ട സമയത്ത് അല്പം സംസാരിക്കുന്നതും ജീവൻ ബലികഴിക്കുന്നതും തമ്മിൽ എന്താണു പൊരുത്തമെന്നു നിങ്ങഠം ചോദിച്ചേക്കാം.

എന്തുകൊണ്ടാണ്, അനുസരണമുള്ള ഒരാത്മാവ് ഈശോയുടെ ദിവ്യഹൃദയത്തിന് ഏററം പ്രീതികാരണമായിരിക്കുന്നത്? തൻെറ ജീവിതത്തിന് ഒരേഒരു ലക്ഷ്യമേയുള്ളുവെന്നു ഫാദർ ഡിബ്രി ബ്യൂഫ് സ്പഷ്ടമായി കണ്ടു—ദൈവത്തിൻെറ തിരുവിഷ്ടം നിറവേററുക. ഒരു ഈശോസഭാംഗമെന്ന നിലയിൽ തൻെറ സഭയിലേ എല്ലാ നിയമവും കാക്കുന്നതിനുള്ള ഗൗരവാവഹമായ കടമ അദ്ദേഹത്തിനുണ്ട്. അദ്ദേഹം അതു പറഞ്ഞൊത്തിട്ടുള്ളതുമാണ്. അടിമകളുടേതുപോലുള്ള ഒരു അനുസരണമല്ല, ദൈവസ്നേഹത്തെപ്രതിയുള്ള അനുസരണമാണ് അദ്ദേഹത്തിൻേറത്. അനുസരണം ആവശ്യകമായിരിക്കുന്നെന്നു കാണുന്ന സംഗതികളിൽ അദ്ദേഹം ദൈവതിരുമനസ്സു ദർശിക്കുന്നു.

ഈ ആശയം ആ പുരോഹിതൻെറ ജീവിതവീക്ഷണത്തെ രൂപാന്തരപ്പെടുത്തുന്നു. സംസാരിക്കുക; അല്ലെങ്കിൽ, മൗനം പാലിക്കുക; ഇതു് അത്ര വലിയ കാര്യമൊന്നുമല്ല. പക്ഷേ, മൗനം പാലിക്കണമെന്നാണു ദൈവതിരുമനസ്സ് എന്നു മനസ്സിലാക്കിയതിനുശേഷം നിശ്ശബ്ദതയെ ഭഞ്ജിക്കുന്നതു തീർച്ചയായും തെററു തന്നെ. കാരണം, ദൈവസ്നേഹത്താൽ എരിയുകയും ഏതു നിസ്സാരസംഗതിയിലും ദൈവതിരുമനസ്സു നിറവേററുവാൻ അഭിലഷിക്കുകയും ചെയ്യുന്നവൻ, ആ തിരുമനസ്സു നിറവേററുന്നതിനു മാർഗ്ഗങ്ങൾ കണ്ടുപിടിക്കും. പ്രാധാന്യമേറിയവയിലെന്നതുപോലെതന്നെ നിസ്സാരമായ നിയമങ്ങളിലും അവൻ ദൈവതിരുമനസ്സു ദർശിക്കും.

ഇപ്രകാരം പ്രവർത്തിക്കുന്നതിനു തീർച്ചയായും സജീവവും അചഞ്ചലവുമായ വിശ്വാസം ആവശ്യകമാണു്. അന്ധമായ അനുസരണം പ്രദർശിപ്പിക്കുന്ന ഒരുവനോട്ട് ഈശോയുടെ ദിവ്യഹൃദയം പ്രത്യേകസ്നേഹം കാണിക്കുന്നതിൻെറ രണ്ടാമത്തേ കാരണമാണു് ആ വിശ്വാസം. ചില സുപ്രധാനനിർദ്ദേശങ്ങൾ അടങ്ങിയ ഒരു കത്തു നിങ്ങൾക്കു ലഭിക്കുന്നുവെന്നു വിചാരിക്കുക. തപാൽവഴിയോ ദൂതൻവഴിയോ അതുമല്ലെങ്കിൽ, യാദൃച്ഛികമായി നിങ്ങളുടെ പടിക്കൽക്കൂടി കടന്നുപോകുന്ന ഒരാൾവശമോ, അതുമല്ലെങ്കിൽ, നിങ്ങളുടെ ഉററമിത്രമോ കടുത്ത ശത്രുവോവഴിയോ ആയിരിക്കാം നിങ്ങൾക്കു് അതു ലഭിച്ചതു്. എങ്ങനെയായിരുന്നാലും, ആരു കൊണ്ടുവന്നുവെന്നതല്ല, ആ കത്തിലേ ഉള്ളടക്കം എന്തു്

എന്നതായിരിക്കും നിങ്ങളുടെ ശ്രദ്ധയ്ക്കു വിഷയീഭവിക്കു ന്നതു്. നിങ്ങളെ ആ കത്തു് ഏല്പിച്ചതു നിങ്ങളുടെ ശത്രു വോ, മിത്രമോ, പ്രത്യേകദൂതനോ, അപരിചിതനോ ആരെങ്കിലുമായിക്കൊള്ളട്ടെ; അതൊന്നും ആ കത്തിലെ ഉള്ളടക്കത്തെ ഒട്ടും സ്പർശിക്കുന്നില്ല.

അതേവിധം, അടിയുറച്ച അനുസരണമുള്ളവൻ ദൈവത്തിൻെറ ദൗത്യവാഹകനെപ്പററി ചിന്തിക്കുന്നേയില്ല. ആ ദൗത്യവാഹകൻ സ്വാഭാവികമായി നിങ്ങൾ ഇഷ്ടപ്പെടുന്നവനോ, അല്ലാത്തവനോ ആയിരിക്കാം. അയാളുടെ ചിന്താഗതികൾ നിങ്ങൾ അംഗീകരിക്കുകയോ, അംഗീകരിക്കാതിരിക്കുകയോ ചെയ്യുന്നുണ്ടാവാം. ശാന്തമായി സൗമ്യവാക്കുകളിൽ അയാൾ നിങ്ങളോടു കല്പിക്കുകയോ അധികാരഭാവത്തിൽ ആജ്ഞാപിക്കുകയോ ചെയ്തുവെന്നുംവരാം. എന്നാൽ, അന്ധമായ അനുസരണമുള്ളവന്നു് അതൊന്നും സാരമില്ലാത്തതുതന്നെ. കാരണം, അവൻ വിശ്വാസത്തിൻെറ ചക്ഷുസ്സുകൾ കൊണ്ടു വീക്ഷിക്കുകയും, ഉപരിതലത്തിൽനിന്നു് അഗാധത്തിലേക്കു കടന്നു്, സ്രഷ്ടാവായ ദൈവംതന്നെയാണു്, തൻെറ ഒരു സൃഷ്ടിക്കു്, തൻെറ അധികാരത്തിൽ ഒരംശം പ്രദാനം ചെയ്തിരിക്കുന്നതെന്നു വ്യക്തമായി മനസ്സിലാക്കുകയും ചെയ്യുന്നു. ക്രിസ്തുനാഥൻെറ സൗമ്യതയോടും വാത്സല്യാതിരേകത്തോടുംകൂടി ആജ്ഞാപിക്കപ്പെട്ടപ്പോൾ, അനുസരിക്കുക തീർച്ചയായും എളുപ്പമാണു്. അങ്ങനെയല്ലാതെ ഒരധികാരി ആജ്ഞാപിക്കുന്നെങ്കിൽ, അതു ദൈവം നല്കിയിരിക്കുന്ന ഒരു നിക്ഷേപത്തിൻെറ ദുരുപയോഗമാണു്. പക്ഷേ, അതല്ല നമ്മുടെ പ്ര

തിപാദ്യവിഷയം. ദൈവദൗത്യം അറിയിക്കുന്നയാൾ മഹനീയമായ ഗുണവിശേഷങ്ങളാൽ അലംകൃതനോ അല്ലാത്തവനോ എന്നു നാം നോക്കേണ്ടതില്ല. ആജ്ഞാപിക്കുവാനുള്ള അധികാരം അയാൾക്കുണ്ടെങ്കിൽ ദൈവത്തിന്റെ സ്ഥാനം അയാൾ വഹിക്കുന്നുവെന്നു നാം കരുതണം. അയാളോടു ക്രിസ്തുനാഥൻ അരുൾചെയ്യുന്നു: "നിങ്ങളെ കേൾക്കുന്നവൻ എന്നെകേൾക്കുന്നു; നിങ്ങളെ നിരസിക്കുന്നവൻ എന്നേയും നിരസിക്കുന്നു."

ലൗകായതികർ വിചാരിക്കുന്നതുപോലെ അനുസരണത്തിൽ ഭയമോ ദാസ്യമോ ഇല്ല. ആജ്ഞാകാരനും ആജ്ഞാനുസാരിയും വിശ്വാസചൈതന്യത്താൽമാത്രം നയിക്കപ്പെടുന്നു. തന്നിമിത്തം, ആജ്ഞാപിതൻ അനുസരണത്തെ സ്നേഹിക്കുകയും ആജ്ഞാപകൻ അധികാരത്തെ ഒരു ദിവ്യദാനമായി കരുതുകയും ചെയ്യുന്നു.

എത്ര മഹനീയമാണു് ഈ മനോഭാവം! എല്ലാ അസ്വസ്ഥതകളേയും ആവലാതികളേയും ഇതു് ഇല്ലാതാക്കുന്നു. മുൻകൂട്ടി കാണാത്ത സാഹചര്യങ്ങളുണ്ടാകുമ്പോൾ, ആജ്ഞ മാററുവാനോ പിൻവലിക്കുവാനോ വേണ്ടി ആജ്ഞാനുസാരി ആജ്ഞാപകനോടപേക്ഷിച്ചേക്കാം. പക്ഷേ, അതു് ആവലാതിയാകുകയില്ല; ഒഴികഴിവുമല്ല. ദൈവതിരുമനസ്സാണു പൂർണ്ണമായി നിറവേററപ്പെടുന്നതു് എന്നതിനു് ഒരു തെളിവായിരിക്കും അതു്. അപ്പോൾ, ജയാപജയങ്ങളെക്കുറിച്ചു് ഉൽകണ്ഠയില്ല; ആജ്ഞാപിക്കപ്പെട്ടിരിക്കുന്ന കൃത്യത്തിനു് ആന്തരികമായ ഒരു വിലയുണ്ടു്. മനുഷ്യദൃഷ്ടിക്കു വിഷയീഭവിക്കുന്ന ബാഹ്യഫലങ്ങളെ ആശ്രയിച്ചല്ല ആ വില സ്ഥി

തി ചെയ്യുന്നതു്. അതിനാൽ, ഏററം നിസ്സാരമായ വിശദാംശങ്ങളിലും ഈ മനോഭാവംതന്നെ അവലംബിക്കേണ്ടതാണു്. ഉചിതമോ, അഹിതമോ ആയിക്കൊള്ളട്ടെ, തന്നെ ഏല്പിച്ചിരിക്കുന്ന കൃത്യം സസന്തോഷം നിർവ്വഹിക്കുവാൻ അതു് ഒരുവനെ കഴിവുററവനാക്കുന്നു.

## അസാധാരണതചങ്ങൾ

വിശുദ്ധരുടെ പെരുമാററത്തിൽ നാം കാണുന്ന ചില അസാധാരണതചങ്ങളെ ന്യായീകരിക്കുന്നതിനു് ഈ വിശിഷ്ട തതചം നമ്മെ സഹായിച്ചേക്കാം. ഒരദ്ധ്യാപകൻ വി. അലോഷ്യസ്സിനു് ഒരു പുസ്തകം നല്കിക്കൊണ്ടു് അതിലെ ഒരു നിർദ്ദിഷ്ടഭാഗം വായിക്കുവാൻ ആവശ്യപ്പെട്ടു. ആ പേജിൻെറ അവസാനത്തിലുള്ള ഒരു വാക്യം പൂർണ്ണമല്ലായിരുന്നു. അലോഷ്യസ്, നിർദ്ദിഷ്ടഭാഗം വിട്ടു് അടുത്തവശം മറിച്ചു നോക്കുന്നതിനുപോലും തുനിഞ്ഞില്ല!

വിശുദ്ധ അലോൺസോ റൊഡ്രിഗസ്സി (Alonso Rodriguez)നോടു് അദ്ദേഹത്തിൻെറ റെക്ടർ പറഞ്ഞു, തന്നെ പ്രതീക്ഷിച്ചു വരാന്തയിൽ കുറെനേരം കാത്തുനില്ക്കണമെന്നു്. അലോൺസോ തന്നെ കാത്തുനില്ക്കുന്നുവെന്ന വസ്തുത ജോലിത്തിരക്കു നിമിത്തം അദ്ദേഹം വിസ്മരിച്ചുപോയി. മണിക്കൂറുകൾ പലതു കഴിഞ്ഞു. റെക്ടർ തിരിച്ചുവന്നു. അലോൺസോ അപ്പോഴും വരാന്തയിൽ നിശ്ചലനായി നില്ക്കുന്നതു കണ്ടു.

ഇങ്ങനെയുള്ള അനുവർത്തനങ്ങൾ അനുകരണത്തെ

ക്കാറം കൂടുതൽ വിസ്മയമാണഷ്ഠിക്കുന്നതു്. എന്നാൽ, വി ശുദ്ധർക്കറിയാം, എന്തുകൊണ്ടാണു് അവർ അപ്രകാരം പ്രവത്തിച്ചതെന്നു്. ക്രിസ്തുനാഥൻ നല്കിയ അനുസര ണത്തിന്റെ മാതൃക അവരെ ആഴമായി സ്പർശിച്ചു. അ തിൽനിന്നു വ്യതിചലിക്കുന്നതിനെക്കാറം, മനുഷ്യദൃഷ്ടി യിൽ ഭോഷരായി മുദ്രയടിക്കപ്പെടുന്നതിനു് അവർ ഇഷ്ടപ്പെട്ടു. ബാഹ്യമായി, അതിരുകടന്നതെന്നു തോന്നു ന്ന ഈ പ്രവർത്തനങ്ങളെ അനുകരിക്കുന്നതിനു നാം ക ടപ്പെട്ടവരല്ലെങ്കിലും അവരെ നയിച്ച ആ ആദർശത്തെ നാമും സ്വീകരിക്കണം. ആ ആദർശമാണു ദിവ്യഹൃദയ ത്തോടുള്ള ഗാഢൈക്യത്തിനു് അവരെ യോഗ്യരാക്കി യതു്.

അനുദിനപ്രവത്തനങ്ങറംക്കു രൂപംകൊടുക്കുന്ന അ ടിയുറച്ച വിശ്വാസം ഉണ്ടെങ്കിൽ, എല്ലാ അധികാരവും ദൈവത്തിൽനിന്നുമാത്രമാണു് എന്ന യാഥാത്ഥ്യം നാം ഗ്രഹിക്കുന്നെങ്കിൽ, നമ്മുടെ ദൈനംദിനജീവിതത്തിൽ എത്ര വലിയ വ്യതിയാനം സംജാതമായേനേ.

ഭാവനാപരമായ ഒരു ലോകപര്യടനം നടത്തി, കു റെ ചിത്രങ്ങറം ശേഖരിച്ചുകൊണ്ടാണു നാം ആരംഭിച്ച തു്. ആധുനികലോകം ദൈവത്തിനെതിരായി സമരത്തി ലേർപ്പെട്ടിരിക്കുകയാണെന്നു് ആ ചിത്രങ്ങറം നമുക്കു കാ ണിച്ചുതരുന്നു. ലോകം അതിസ്വാഭാവികമായ എല്ലാ വിശ്വാസസത്യങ്ങറംക്കും പരിധി നിണ്ണയിക്കുകയും അ വയെ വെറും പുരാണത്തിന്റേയും കെട്ടുകഥയുടേയും നി ലയിലേക്കു തരംതാഴ്ത്തുകയും ചെയ്തിരിക്കുന്നുവെന്നും ആ ചിത്രങ്ങറം നമുക്കു കാണിച്ചുതരുന്നു. ദൈവവും മരണാ

നന്തരജീവിതവും ഒന്നുമില്ല; മതം മനുഷ്യനെ മയക്കുന്ന കറുപ്പാണു എന്നെല്ലാം അവർ പ്രചാരണം നടത്തുന്നു! ദൈവാസ്തിത്വത്തെ നിഷേധിക്കുന്നതിന് അവർ എന്തുമാത്രം പ്രയത്നിക്കുന്നുവെന്നതു വിസ്മയകരമത്രേ.

ഈ ദുരവസ്ഥയ്ക്കുള്ള പ്രത്യൗഷധം, ക്രിസ്തുനാഥൻ വിശുദ്ധ മർഗ്ഗരീത്തമറിയത്തിനു വെളിപ്പെടുത്തിയ വസ്തുതകളിൽ കാണാം. എളിമയും ലൗകികവസ്തുക്കളോടുള്ള വിപ്രതിപത്തിയും ആത്മസംയമനവും അനുസരണവും പാലിക്കുന്ന ആത്മാവ്, തനിക്ക് ഏററം പ്രിയപ്പെട്ടതാണെന്നു ക്രിസ്തുനാഥൻ വിശുദ്ധയ്ക്കു വെളിപ്പെടുത്തി. അപഥസഞ്ചാരം ചെയ്യുന്ന ലോകത്തെ വീണ്ടും ദൈവത്തിൻെറ പക്കലേക്ക് ആനയിക്കുവാൻ ഏററവും കഴിവുള്ളവർ ഇക്കൂട്ടരാണെന്നും ക്രിസ്തുനാഥൻ പ്രസ്താവിച്ചു. ഇവരെ ലോകം പരിഹസിക്കുന്നു. എന്നാൽ, ശക്തരെ ലജ്ജിപ്പിക്കുവാൻ ബലഹീനരെയാണു് അവിടുന്ന് എല്ലാക്കാലത്തും തിരഞ്ഞെടുത്തിട്ടുള്ളതു്.

ഈ നാലു പുണ്യങ്ങളും ഏററം പ്രശോഭിച്ചിരുന്നതു പരി. മറിയത്തിൽമാത്രമാണു്. എല്ലാ ദൈവവരപ്രസാദവും അവളുടെ പാവനകരങ്ങൾവഴിയാണു ലോകത്തിനു നല്കപ്പെടുന്നതു്. തിരുസ്സഭയുടെ എല്ലാവിപൽസന്ധിയിലും പത്രോസിൻെറ പടവാകുന്ന സഭയെ മറിയത്തിൻെറ മാദ്ധ്യസ്ഥ്യംവഴി ദൈവം കാത്തുരക്ഷിച്ചിട്ടുണ്ടു്; ഇന്നും അതിനെ രക്ഷിച്ചു കൊണ്ടുപോരുകയും ചെയ്യുന്നു.

എന്നാൽ, സമുദ്രതാരമായ മറിയത്തിൻെറ പ്രഭയെ വീക്ഷിക്കുമ്പോൾ നമ്മുടെ കണ്ണുമഞ്ചിപ്പോയേക്കാം.

അവിടുത്തോളം പ്രകാശമില്ലാത്ത മററു വിശുദ്ധാത്മാക്കളെ ദർശിക്കുക. അപ്പോഠം, ദൈവം എപ്രകാരം അവരെ തൻെറ ഉപകരണങ്ങളായി ഉപയോഗപ്പെടുത്തി എന്ന വസ്തുത നാം ഗ്രഹിക്കും. എളിമയും ലൗകികവസ്തുക്കളോടുള്ള വിപ്രതിപത്തിയും ആത്മപരിത്യാഗവും ഉള്ളവരായി അവരെ അവിടുന്നു കണ്ടു. വി. ആഗസ്റ്റീനോസിൻെറ "ഏററുപറച്ചിൽ" എന്ന പുസ്തകത്തിൽ കലർപ്പററ എളിമയുടെ ഗുണവിശേഷങ്ങഠം നമുക്കു കാണാം. തനിക്കു ലഭിച്ച അനന്തമായ ദൈവകാരുണ്യത്തേയും പാപബന്ധങ്ങളെ വിട്ടുപേക്ഷിക്കുവാൻ താൻ പ്രദർശിപ്പിച്ച വിസമ്മതത്തേയുംകുറിച്ച് അതിൽ അദ്ദേഹം പറയുന്നുണ്ട്. അടിയുറച്ച എളിമയുടെ സവിശേഷതകളാണ് ആ പ്രസ്താവനയിൽ ഉടനീളം നാം കാണുക. പിതാവിനോടു യാത്രപറഞ്ഞു പിരിയുന്ന സമയത്ത്, ഹൃദയം പിളർക്കത്തക്ക വിധത്തിൽ വ്യഥയനുഭവിക്കുന്ന വി. ത്രേസ്യായെ വീക്ഷിച്ചാലും. കന്യകാലയത്തിൻെറ കനത്ത ഭിത്തികഠക്കുള്ളിൽ മറഞ്ഞു്, ഒരു കന്യാസ്ത്രീയായി ജീവിക്കുവാൻ അവഠം സ്വന്തം പിതാവിനോടു വേർപിരിയുന്നു. ആ സന്ദർഭത്തിൽ അനുഭവിച്ച ഹൃദയവേദനയെക്കുറിച്ച് അവഠം പറയുകയാണ്: "മരണയാതന അതിനെക്കാഠം കഠിനമല്ല." അതേ, അവഠം അപ്പോഠം അനുഭവിച്ച വേദന അത്ര ഉഗ്രമായിരുന്നു. ഇതാണു യഥാർത്ഥപരിത്യാഗം. ഇതുതന്നെ ലൗകികവസ്തുക്കളോടുള്ള വിപ്രതിപത്തി. ബാഹ്യവും ആന്തരികവുമായ പരിത്യാഗത്തിൻെറ ഉത്തമദൃഷ്ടാന്തം നിങ്ങഠക്കു കാണണമെന്നുണ്ടെങ്കിൽ, നീഗ്രോകളായ അ

ടിമകളുടെയിടയിൽ ജീവിച്ച മൺമറഞ്ഞ പീററർക്ലേ വറിൻെറയോ, ആധുനികയുഗത്തിൽ ജീവിച്ചു മരിച്ച ഫാദർ ജോൺ സള്ളിവ(Sullivan)ൻെറയോ ജീവിതത്തിലേക്ക് ഒന്നു കണ്ണോടിച്ചാൽ മതി. അനുസരണത്തിൻെറ മാതൃക കാണണമെന്നുണ്ടെങ്കിൽ വിശുദ്ധ ഫ്രാൻസിസ് സേവ്യറിനെ വീക്ഷിക്കുക. അദ്ദേഹം വിശുദ്ധ ഇഗ്നേഷ്യസിന് എഴുതുന്നു, 'പോകുക' എന്നു രേഖപ്പെടുത്തിയ ഒരു കത്തു ലഭിക്കുകയാണെങ്കിൽ, ഉടൻ ഇൻഡ്യയിൽ തനിക്കുണ്ടായിരുന്ന ഉന്നതാഭിലാഷങ്ങളെ പരിത്യജിച്ചു വേറൊരിടത്തുപോയി ജോലിതുടങ്ങുന്നതിനു താൻ സന്നദ്ധനാണ് എന്ന്.

## കണ്ടുപിടിക്കാത്തസത്യം

ഇങ്ങനെയുള്ള വിശുദ്ധാത്മാക്കളാണു ലോകത്തെ ക്രിസ്തുവിൻെറ ദിവ്യഹൃദയത്തിലേക്കടുപ്പിച്ചിട്ടുള്ളത്. നിത്യകാലം നീണ്ടുനില്ക്കുന്ന സ്മാരകങ്ങൾ അവർ പടുത്തുയർത്തി; ക്രിസ്തുനാഥൻെറ ദിവ്യഹൃദയമാകുന്ന സ്വർഗ്ഗത്തിൽ അവർ സ്ഥാനം കരസ്ഥമാക്കി. അനേകായിരങ്ങളെ അവർ അവിടേക്കു നയിക്കുകയും ചെയ്തു. ദൈവൈക്യത്തിൽനിന്നു തെന്നിമാറിയവർ അതു പുനഃസ്ഥാപിക്കുവാൻ ക്രിസ്തുവിൻെറ ഉത്തമസുഹൃത്തുക്കളായ ഇവരിൽനിന്നു പഠിക്കട്ടെ. കാട്ടുപൂവിൻെറ കാന്തിത്തുടിപ്പും കൊച്ചരുവിയുടെ നിഷ്കളങ്കതയും നിറഞ്ഞ ഇവരുടെ ജീവിതവിശുദ്ധിയിൽനിന്നു പഠിക്കട്ടെ.

ഇവയെല്ലാം സ്മരിക്കുക ആശ്വാസസംദായകമാണ്. കാരണം, വിശുദ്ധരുടെ അത്ഭുതാവഹമായ ആത്മ

ധൈര്യത്തിൽ നാം വിസ്മയസ്തബ്ധരാകുക സർവ്വസാധാരണമാണു്. കഠിനതപ:ക്രിയകൾ അനുഷ്ഠിക്കുകയും നിശയുടെ നിശ്ശബ്ദതയിലും ഉണർന്നിരുന്നു പ്രാർത്ഥിക്കുകയും ചെയ്യുന്ന വിശുദ്ധരെപ്പററി നാം അത്ഭുതം കൊള്ളുന്നു. അവരുടെ അക്ഷീണമായ മിഷൻപ്രവർത്തനങ്ങളെ വിസ്മയത്തോടുകൂടെ മാത്രമേ നമുക്കു വീക്ഷിക്കുവാൻ സാധിക്കൂ. വ്യാജതത്വജ്ഞന്മാരുടെ വിതണ്ഡാവാദത്തെ ഖണ്ഡിക്കുകയും ചുട്ട മറുപടി നല്കുകയും ചെയ്യുന്ന അവരുടെ ബുദ്ധിസൂക്ഷ്മതയും, അമൂല്യങ്ങളായ ഗ്രന്ഥങ്ങളും, പ്രചോദനാത്മകങ്ങളായ പ്രഭാഷണങ്ങളും അസൂയാർഹങ്ങളത്രേ. ഒരുവിനാഴികപോലും വൃഥാനഷ്ടപ്പെടുത്തുകയില്ലെന്നു്, വി. അൽഫോൻസ് ലിഗോരി ഒരു വ്രതമെടുത്തിരുന്നു. എന്നാൽ, നാം വൃഥാ പാഴാക്കുന്ന മണിക്കൂറുകളേയും ദിവസങ്ങളേയും ആഴ്ചകളേയും മാസങ്ങളേയുംപററി ചിന്തിച്ചിരുന്നെങ്കിൽ! ദൈവത്തെപ്പററി സംസാരിക്കുന്നതിനു ലഭിക്കുന്ന ഒരവസരംപോലും വി. ഫ്രാൻസിസ് സേവ്യർ നഷ്ടപ്പെടുത്തിയിരുന്നില്ല. നമ്മുടെ വ്യർത്ഥസംഭാഷണത്തേയും പരസ്നേഹപരമല്ലാത്ത കുററംപറച്ചിലിനേയും നാം സ്മരിച്ചിരുന്നെങ്കിൽ!

വി. മർഗ്ഗരീത്തമറിയത്തിൻെറ പക്കലേക്കും അവൾക്കുണ്ടായ വെളിപാടുകളിലേക്കും തിരിയുമ്പോൾ നമുക്കു് ആത്മധൈര്യം കൈവരും. അചഞ്ചലവും സുദൃഢവുമായ പുണ്യങ്ങളിൽ അടിസ്ഥാനം ഉറപ്പിച്ചില്ലായിരുന്നെങ്കിൽ വിശുദ്ധർ ശാശ്വതവും ദൈവദൃഷ്ടിയിൽ പ്രീതിജനകവുമായ യാതൊന്നും പ്രവർത്തിക്കുകയില്ലാ

യിരുന്നു. അപ്പസ്തോലന്മാരും സംഘടനാസ്ഥാപകന്മാരും പ്രാസംഗികന്മാരും പുരോഹിതന്മാരും വിദേശമിഷനറിമാരും ആവുക എല്ലാവർക്കും സാധ്യമല്ല. പ്രാർത്ഥനയിൽ ദൈവദർശനവും ആദ്ധ്യാത്മികപാരവശ്യവും എല്ലാവർക്കും അനുഭവപ്പെട്ടെന്നും വരുകയില്ല. എന്നാൽ, അന്ധമായ അനുസരണവും ആത്മപരിത്യാഗവും ഉറ്റ എളിമയും ലൗകികവസ്തുക്കളോട് വിപ്രതിപത്തിയും സമ്പാദിക്കുവാൻ സന്മനസ്സുള്ള ഏതൊരാൾക്കും സാധിക്കും. ക്രിസ്തുനാഥന്റെ വാക്കുകളിൽ പറഞ്ഞാൽ, ഇങ്ങനെയുള്ള ആത്മാക്കളാണു ലോകത്തെ അവിടുത്തെ പക്കലേക്ക് അടുപ്പിക്കുന്നത്.

*L. D. V. M.*

# ഞങ്ങളുടെ പുതിയ പുസ്തകങ്ങളിൽ ചിലത്

| | | രൂ. | ന. പൈ |
|---|---|---|---|
| 1 | തിരുഹൃദയാനുകരണം (മേനിക്കടലാസ്) | 4 | 00 |
| 2 | ,, ,, (സാധാരണകടലാസ്) | 3 | 50 |
| 3 | വിശുദ്ധഗായിക | 2 | 12 |
| 4 | ചിന്താമണി | 1 | 75 |
| 5 | മതം ശാസ്ത്രവേദിയിൽ (ഒന്നാംഭാഗം) | 1 | 62 |
| 6 | മതം ശാസ്ത്രവേദിയിൽ (രണ്ടാംഭാഗം) | 1 | 62 |
| 7 | സ്വൎഗ്ഗീയകുസുമങ്ങൾ (മൂന്നാംഭാഗം) | 1 | 62 |
| 8 | ,, (നാലാംഭാഗം) | 1 | 62 |
| 9 | മരിയൻ പ്രേഷിതജീവൻ | 1 | 62 |
| 10 | മതബോധനകഥകൾ (ഒന്നാംഭാഗം) | 1 | 50 |
| 11 | അദ്ധ്യാത്മസമരം | 1 | 37 |
| 12 | വിശുദ്ധറാണി | 1 | 37 |
| 13 | ഇതോ ജീവിതം! | 1 | 25 |
| 14 | കുട്ടികൾക്ക വിശുദ്ധരാകണമോ? | 1 | 12 |
| 15 | ലക്ഷങ്ങളുടെ വിശ്വാസം | 1 | 12 |
| 16 | ജീവദായകൻ | 0 | 87 |
| 17 | ഒസ്സാനാം ആധുനികയുഗത്തിൽ | 0 | 75 |
| 18 | പുതിയ അടവുകൾ | 0 | 75 |
| 19 | വിജയസൂക്തികൾ | 0 | 70 |
| 20 | കുടുംബാരാമം | 1 | 70 |
| 21 | കുപ്പയിലെ മാണിക്യം | 0 | 62 |
| 22 | സാമൂഹികപ്രവൎത്തനം | 0 | 30 |
| 23 | നാടുമുടിയുന്നു (ഹാസ്യനാടകം) | 0 | 30 |
| 24 | ഇടവകയുവജനസംഘടന | 0 | 15 |
| 25 | ഹൃദയനാദം (പാട്ട്) | 0 | 12 |

ആവശ്യപ്പെടുക:—

ജനറൽ സെക്രട്ടറി,

എസ്. എച്ച്. ലീഗ്,

ആലുവാ നോർത്ത് P. O.

യാഥാർത്ഥ്യങ്ങളുടെ

# നടുവിൽ

ന/252
CVAS

SHL